ജൂലൈ 2022
Price ₹25

# ജീവനും വെളിച്ചവും



## ജീവിത വിജയത്തിനാധാരം
## ഉന്നതപഠനവും കരിയർ വികസനവും




IATA TAFI IAAI kerala

# Mangalam Travel & Tours

## നിങ്ങൾക്ക് സുവർണാവസരം
## വിശുദ്ധനാട് തീർത്ഥാടനത്തിൽ പങ്കെടുക്കുവിൻ

### 2022 ഒക്ടോബർ 21–ാം തീയതി തിരുവനന്തപുരത്തുനിന്നും പുറപ്പെടുന്നു

നമ്മുടെ കർത്താവീശോമിശിഹായുടെ ജനനം, പരസ്യജീവിതം, മരണം, ഉത്ഥാനം തുടങ്ങിയ രക്ഷാകര സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച പുണ്യഭൂമിയിലൂടെ ജോർദ്ദാൻ, പാലസ്ഥീന, ഇസ്രായേൽ, ഈജിപ്ത് തുടങ്ങിയ സ്ഥലങ്ങളിലേക്ക് തീർത്ഥാടനം ക്രമീകരിക്കുന്നു. 2022 ഒക്ടോബർ 21–ാം തീയതി തിരുവനന്തപുരം എയർപോർട്ടിൽ നിന്നും പുറപ്പെട്ട് മോശ കാനാൻ ദേശം ദർശിച്ച മൗണ്ട്നെബു, നസ്രത്ത്, കാന, ഗിരിപ്രഭാഷണമല, തബഗ, ജോർദ്ദാൻ നദി, താബോർമല, ഗലിലീ തടാകം, സെഹിയോൻശാല, ഒലിവ്മല, ബെത്‌ലഹേം, കർമ്മൽമല, സ്നാപകയോഹന്നാന്റെ ജനനസ്ഥലം, ഗത്സമെൻ തോട്ടം, സ്വർഗ്ഗാരോഹണമല, മാതാവിന്റെ കല്ലറ, കാൽവരി, ജെറുസലേം, ബെഥനി, ജെറിക്കോ, ചാവുകടൽ, ബെത്സഥാ, സീനായ്മല, പിരമിഡുകൾ 11–ാം ദിവസം തിരികെ തിരുവനന്തപുരം എയർപോർട്ടിൽ എത്തുന്നു. ബഹുമാനപ്പെട്ട പുരോഹിതരുടെ ആത്മീയ നേതൃത്വത്തിൽ നടത്തുന്ന തീർത്ഥാടനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക.

NB : കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : 9447150070, 9961399057

**പ്രധാന സന്ദർശന സ്ഥലങ്ങൾ**
**ജോർദ്ദാൻ, പാലസ്ഥീന, ഇസ്രായേൽ, ഈജിപ്ത്**

5&6, 1st ßoor, Our tower, Vellayambalam, Sasthamangalam, Thiruvananthapuram-10
**Mob: 9447150070, Ph: 0471 4078400, 0471 4078413**
E-Mail: support@mangalamtravel.com, web:www.mangalamtralvel.com

**Branches : Nagarcoil. Marthandam, Madurai, Chennai, Chackai (Trivandrum Airport Off ice)**

**ജീവനും വെളിച്ചവും**

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2022 ജൂലൈ
പുസ്തകം - 46 ലക്കം - 7
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. ഫാ. ഡാർവിൻ പീറ്റർ
ഫാ. ഡാനിയേൽ ആർ.
ഫാ. ഡൈസൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. മൈക്കിൾ തോമസ്
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ക്രിസ്റ്റിൽ റൊസാരിയോ
ഫാ. ഷാജിൻ ജോസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. ഫാ. നിജു അജിത്
പി. ശശിധരൻ
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. ലെനിൻ ഫെർണാണ്ടസ്
അഗസ്റ്റിൻ കണിപ്പിള്ളി
**മാനേജർ (പരസ്യവിഭാഗം)**
ഫാ. മനീഷ് പീറ്റർ
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ആർട്ടിസ്റ്റ്**
വർഗീസ് ജോർജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
ടെൽമ ജെ.വി.

*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum

## മുഖവിചാരം

# കരിയർ ശ്രദ്ധാപൂർവ്വം തെരഞ്ഞെടുക്കുക

അമേരിക്കയും ചൈനയും കഴിഞ്ഞാൽ ലോകത്തേറ്റവുമധികം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള രാജ്യം ഇന്ത്യ തന്നെയാണ്. യുജിസി കണക്കനുസരിച്ച് 2022 ൽ അമ്പതിനായിരത്തിലധികം ഗവണ്മെന്റ് അംഗീകൃത കോളേജുകൾ ഇന്ത്യയിലുണ്ട്. സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുൻപ് മദ്രാസ്, മുംബൈ, കൽക്കത്ത എന്നിങ്ങനെ മൂന്നേമൂന്ന് സർവകലാശാലയും 590 കോളേജുകളും മാത്രമുണ്ടായിരുന്നിടത്തുനിന്നാണ് ഈ വലിയ കുതിച്ചുചാട്ടം നടന്നിരിക്കുന്നത്. അരലക്ഷം കോളേജുകളും ആയിരത്തിലധികം യൂണിവേഴ്സിറ്റികളുമൊക്കെയുള്ള ലോകത്തിലെ ഏറ്റവും വലിയ എഡ്യൂക്കേഷൻ നെറ്റ്വർക്കാണ് ഇന്ന് ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസമേഖല. ഇതുകൂടാതെയാണ് വിദേശ യൂണിവേഴ്സിറ്റികളിലെ പഠനത്തിന് വിദ്യാർഥികളിൽ ലഭിക്കുന്ന സ്വീകാര്യത. ഈയിടെ യുക്രൈൻ യുദ്ധകാലത്ത് തിരിച്ച് നാട്ടിലെത്തിയ മൂവായിരത്തിലധികം പേരെ കണ്ട് കേരള ഗവണ്മെന്റ് പോലും അത്ഭുതപ്പെട്ടുവത്രേ.

നാട്ടിലും വിദേശത്തുമൊക്കെയായി വിദ്യാഭ്യാസ സാധ്യതകളുടെ വലിയ വാതായനം ഇന്ന് നമുക്കുമുൻപിലുണ്ട്. നമ്മുടെ പ്രദേശത്ത് എടുത്തുപറയത്തക്ക ഗുണമേന്മയുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം നമ്മുടെ കുട്ടികളുടെ വളർച്ചയെ താഴേക്ക് വലിക്കുന്നു എന്നതിൽ ഇന്നുനമുക്ക് സംശയമൊന്നുമില്ല.


അതുകൊണ്ടുതന്നെ നമ്മുടെ കുട്ടികൾ വിദേശത്തേക്കും ഇന്ത്യയിലെ തന്നെ മികച്ച യൂണിവേഴ്സിറ്റികളിലേക്കും പഠനസാധ്യതകൾ കണ്ടെത്തി പോകേണ്ടത് അതിജീവനത്തിനായി പെടാപാടുപെടുന്ന നമ്മുടെ സമൂഹത്തിന്റെ നിലനില്പിന് ആവശ്യമാണ്.

ഉചിതമായ മേഖല തിരഞ്ഞെടുക്കുകയും ആ മേഖലയ്ക്ക് അനുയോജ്യമായ സ്ഥാപനം കണ്ടെത്തുകയും ചെയ്യുകയെന്നത് അത്യാവശ്യം സമയവും ശ്രദ്ധയും ചെലവഴിച്ചും കുട്ടിയുടെ അഭിരുചിയും, താല്പര്യവും കഴിവും ജോലി സാധ്യതയുമെല്ലാം പരിഗണിച്ചും എടുക്കേണ്ട തീരുമാനമാകണം.

ഈ മേഖലയിലെ കള്ളത്തരവും കള്ളനാണയങ്ങളുമൊക്കെ കൂടിവരുന്നതുകൊണ്ടുതന്നെ ജാഗ്രതയോടെ നമുക്ക് ഇക്കാര്യങ്ങൾ തീരുമാനിക്കാം.

- പത്രാധിപർ

# പ്രതികരണങ്ങൾ




## ആനിമസ്ക്രീൻ അനുസമരണം അവസരോചിതമായി

ചരിത്രപഥം പംക്തിയിലൂടെ സാമൂഹ്യപരിഷ്കർത്താവും ഭരണഘടനാ ശില്പികളിലൊരാളുമായ ആനിമസ്ക്രീനെ അനുസ്മരിക്കാൻ ജീവനും വെളിച്ചവും നടത്തിയ ശ്രമത്തെ ശ്ലാഘിക്കാതിരിക്കാൻ കഴിയില്ല. ആനിസ്മക്രീന്റെ ജന്മദിനം ആഘോഷിക്കുന്ന ജൂൺ മാസത്തിൽ തന്നെ ഈ അനുസ്മരണം വന്നത് കാലോചിതമായി. ഇന്നത്തെ തലമുറയ്ക്കും വരും തലമുറയ്ക്കും ഇത്തരം മഹത്വ്യക്തികളുടെ ജീവിതം പ്രചോദനമാകാൻ ഇത്തരം പംക്തികൾ പ്രയോജനകരമാകും.

ഇതേസമയം ആനിമസ്ക്രീൻ അനുസ്മരണ ദിനത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ ഭാഗത്തുനിന്നുണ്ടായ നടപടി ഒരു സമുദായത്തെ മുഴുവൻ അവഹേളിക്കുന്നതിന് തുല്യമായി. ഇക്കാര്യത്തിൽ കോർപ്പറേഷൻ മേയറുടെ ഭാഗത്തുനിന്ന് ഒരു ക്ഷമാപണമെങ്കിലും ഉണ്ടാകേണ്ടതായിരുന്നു.

– ഷേർളി പൂന്തുറ.

## വൈവിധ്യങ്ങളുടെ നിറകുടം

ജീവനും വെളിച്ചവും ജൂൺലക്കം എന്തുകൊണ്ടും സവിശേഷ ശ്രദ്ധ അർഹിക്കുന്നു. വിഭവസമൃദ്ധമായ ഈ ലക്കത്തിന് പിന്നിൽ പ്രവർത്തിച്ചവരെ പ്രത്യേകം അഭിനന്ദിക്കുന്നു. വിദ്യാഭ്യാസ വർഷത്തിന്റെ ആരംഭത്തിൽ മുൻപതിവുകൾ തിരുത്തി രക്ഷാകർതൃത്വത്തിന് (പേരന്റിംഗ്) പ്രാധാന്യം നൽകിയത് ഏറെ ശ്രദ്ധേയമായി. ആറുമക്കളും കോവിഡുകാല കുടുംബജീവിതവുമെന്ന ബ്രദർ സാലുവിന്റെ അനുഭവം പംക്തിയും, ഇഗ്നേഷ്യസ് തോമസിന്റെ ചരിത്രപഥവും, ലോറൻസ് ഫെർണാണ്ടസിന്റെ വടിയും കുറേ സ്വരവ്യഞ്ജനങ്ങളും കവിതയും, ബർക്കുമെൻ തോമസിന്റെ പെൺപിറ എന്ന നോവിലിനെ പരിചയപ്പെടുത്തിയ താരാ ഇഗ്നേഷ്യസിന്റെ വായനയും, വരയൻ എന്ന കാലിക പ്രസക്തമായ സിനിമയെ വായനക്കാർക്ക് പരിചയപ്പെടുത്തിയ ഫാ. ദീപക് ആന്റോയുടെ സിനിമാ പേജുകളും വായനക്കാരെ ഹരംകൊള്ളിക്കാൻ പോന്നവയായിരുന്നു. ജീവനും വെളിച്ചവും പത്രാധിപസമിതിക്ക് അഭിനന്ദനങ്ങൾ.

– മേരി പുഷ്പം പാളയം

## മുഖവിചാരം നൽകുന്ന വീണ്ടുവിചാരം

ജീവനും വെളിച്ചവും ജൂൺ പതിപ്പിന്റെ മുഖവിചാരം പുതിയൊരു ചുവടുവയ്പായിട്ടാണ് അനുഭവപ്പെട്ടത്. കേരളത്തിൽ ഏറെ വിവാദമായ കുട്ടിമുദ്രാവാക്യത്തെ പറയാതെ പറഞ്ഞ പത്രാധിപർ ഭാരതത്തിന്റെ പ്രത്യേകിച്ച് കേരളത്തിന്റെ സ്വാഭാവിക മതനിരപേക്ഷത തകർക്കുന്ന ഇത്തരം പ്രവർത്തികളിൽ അശങ്കപ്പെടുന്നുണ്ട്. കുഞ്ഞുങ്ങളെ പഠിപ്പിക്കാനല്ല, അവരിൽ നിന്ന് പഠിക്കുവാൻ ഉപദേശിച്ച യേശുവിന്റെ പ്രബോധനങ്ങളെ ഉദ്ധരിച്ചുകൊണ്ടുള്ള മുഖവിചാരം നമുക്കൊരു വീണ്ടുവിചാരത്തിന് നിമിത്തമാകട്ടെ എന്നാശംസിക്കുന്നു.

– പാട്രിക് വലിയതുറ

## ജൂൺ ലക്കം ആശയസമ്പുഷ്ടം

കുടുംബജീവിതം ഇതിവൃത്തമായി സ്വീകരിച്ചുകൊണ്ട് ജീവനും വെളിച്ചവും തയ്യാറാക്കിയ ജൂൺ ലക്കം ഏറെ വായനാനുഭവം നൽകുന്ന ഒന്നായിരുന്നു. കോവിഡാനന്തര കുടുംബജീവിതത്തെക്കുറിച്ച് ഡോ. എ.ആർ. ജോണും, 'കുടുംബം മനശാസ്ത്ര-ദൈവശാസ്ത്ര വീക്ഷണത്തിൽ' ഫാ. ബേണി വർഗീസും, ആറുമക്കളും കോവിഡുകാല കുടുംബ ജീവിതവും എന്ന അനുഭവക്കുറുപ്പും ഏറെ ആശയാവിഷ്കാരങ്ങൾ നടത്തിയിട്ടുണ്ട്. സാധാരണക്കാരയ വിശ്വാസസമൂഹത്തിന്റെ ദൈനംദിന ജീവിതചര്യകളെ മനശാസ്ത്രപരമായും ദൈവശാസ്ത്രപരമായും സാമ്പത്തികശാസ്ത്രപരമായും നോക്കികാണാൻ ജീവനും വെളിച്ചവും നടത്തിയ വ്യഗ്രതയെ പ്രത്യേകം അഭിനന്ദിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം മുരളീധരൻ മുല്ലമറ്റം 'ന്യൂജെൻ പേരന്റ്സ് അറിയാൻ എഴുതിയ ലേഖനവും മേൽപ്പറഞ്ഞവയുടെ മാറ്റ് വർധിപ്പിക്കുന്നാണ്. ഇത്തരം സൃഷ്ടികളിലൂടെ ജീവനും വെളിച്ചവും വായനക്കാർക്കും കുടുംബങ്ങൾക്കും പ്രിയപ്പെട്ടതായി തീരട്ടെയെന്ന് ആശംസിക്കുന്നു.

– രജിത, മരിയനാട്

### വായനക്കാരുടെ ശ്രദ്ധയ്ക്ക്

ജീവനും വെളിച്ചവും മാസികയുടെ വായനക്കാരിൽ ഇനിയും വരിസംഖ്യ അടച്ചിട്ടില്ലാത്തവർ എത്രയും വേഗം പണമടച്ച് ജീവനും വെളിച്ചവും മാസികയുടെ ലഭ്യത ഉറപ്പുവരുത്തണമെന്ന് അഭ്യർഥിക്കുന്നു.അന്വേഷണങ്ങൾക്ക് 0471-2724001 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്

– പത്രാധിപർ

# താളുകളിൽ


**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവും കുടിയൊഴിപ്പിക്കപ്പെടുന്ന തീരജനതയും** 6
ഡോ. റ്റിറ്റോ ഡിക്രൂസ്

**ഉപരിപഠനവും കരിയർ വികസനവും** 11
തോമസ് കെ. സ്റ്റീഫൻ

**10 കഴിഞ്ഞു, ഇനിയെന്ത്?** 14
ജോയ് ജോൺ

**മികവുറ്റ സ്വപ്നങ്ങൾ കാണുക** 18
ദേവപ്രസാദ് ജോൺ

**വർത്തമാനം** 22
അഗസ്റ്റിൻ കണിപ്പിള്ളി

**വായന** 25
ബ്രദ. സിബിൻ ചെറിയാൻ


**ചരിത്രപഥം** 26
ഇഗ്നേഷ്യസ് തോമസ്

**വാർത്തകൾ** 28

**നീർച്ചാൽ** 32

**വചനജ്വാല** 40

**നേർക്കാഴ്ച** 42
ജെ.സി.







# വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവും കുടിയൊഴിപ്പിക്കപ്പെടുന്ന തീരജനതയും



ഡോ. റ്റിറ്റോ ഡിക്രൂസ്

## പശ്ചാത്തലം

തീരശോഷണത്തിൽ കേരളത്തിന്റെ ഹോട്സ്പോട്ട്എന്നു വിശേഷിപ്പിക്കുന്ന തിരുവനന്തപുരം ജില്ല കഴിഞ്ഞ നാലഞ്ചുവർഷങ്ങളായി അതിതീവ്രമായ തീരശോഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. മനുഷ്യഇടപെടലുകളാൽ തീരരേഖാമാറ്റം സംഭവിച്ച ഈ പ്രദേശത്തെ, ശോഷണതീരം (eroding coast)എന്നാണ് ശാസ്ത്രജ്ഞർ മുൻപുതന്നെ വിശേഷിപ്പിച്ചിരുന്നത്. ഏറ്റവും ഒടുവിലായി (2015ൽ) വിഴിഞ്ഞംഅന്താരാഷ്ട്ര വാണിജ്യതുറമുഖത്തിന്റെ കടന്നുവരവ്ഈ പ്രദേശത്തെ 'കരവയ്ക്കൽ കരഎടുക്കൽ' (accretion and erosion) പ്രക്രിയകൾക്ക് ആക്കംകൂട്ടിയതിനാൽ 2021 മേയ്-ജൂൺ മാസങ്ങളിൽമാത്രം നൂറോളം ഭവനങ്ങളും മറ്റനുബന്ധ സൗകര്യങ്ങളുമാണ് നഷ്ടമായത്.

കടലിന്റെയുംകടൽത്തീരത്തിന്റെയുംആവാസവ്യവസ്ഥകളുമായി സമരസപ്പെട്ട് ജീവിക്കുന്നവരാണ് തീരജനത. തീരവാസം മത്സ്യബന്ധനവിപണന അനുബന്ധതൊഴിൽ ജീവിതത്തിന്റെ അവിഭാജ്യഘടകമാണ്. അതിവിശാലമായ മണൽപ്പുറങ്ങളായിരുന്നു ഈ ജനതയുടെ സംസ്കാരവും തൊഴിലും സുരക്ഷിതവാസവും ഉറപ്പാക്കിയിരുന്നത്. അതുകൊണ്ടുതന്നെ ഈ ആവാസവ്യവസ്ഥയെ അവരുടെ ജന്മാവകാശമായി പൊതുസമൂഹവും ഭരണാധികാരികളും അംഗീകരിച്ചിട്ടുള്ളതുമാണ്. നിരവധികാരണങ്ങളാൽ ഈ ആവാസ വ്യവസ്ഥയിൽ നിന്ന് അവരെ പറിച്ചുമാറ്റുന്നസ്ഥിതിവിശേഷമാണ് സംജാതമായിരിക്കുന്നത്.

തിരുവനന്തപുരം തീരമേഖലയിൽ ആഞ്ഞടിക്കുന്ന തിരമാലകളുടെ ഊർജം സ്വാംശീകരിച്ച് തീരംസംരക്ഷിച്ചിരുന്നത് ഇവിടുത്തെ വിശാല മണൽപ്പുറങ്ങളായിരുന്നു. പ്രകൃത്യായുള്ള ഈ തീ

രനിർമ്മിതിയിൽ കഴിഞ്ഞ 20 വർഷമായി വർദ്ധിച്ചതോതിൽ തീരരേഖാമാറ്റങ്ങൾ കണ്ടുതുടങ്ങിയതെന്തുകൊണ്ട്? ഇത് പരിഹരിക്കാനായി വിവിധ സർക്കാരുകൾ കോടികൾ ചെലവഴിച്ചിട്ടും തീരങ്ങൾ വൻതോതിൽ നശിക്കുകയും വിപരീതഫലങ്ങൾ ഉണ്ടാവുകയുംചെയ്യുന്നത്എന്തുകൊണ്ട്? ഈ മേഖലയിലെ വിദഗ്ദ്ധരുടെയും സർക്കാരിന്റെയും നയപരിപാടികളും ഇടപെടലുകളും എങ്ങനെയാണ് തീരത്തെ ഇന്നത്തെ ദുരവസ്ഥയിൽ കൊണ്ടെത്തിച്ചത്?

കഴിഞ്ഞ 20 വർഷത്തിൽ തിരുവനന്തപുരംജില്ലയുടെ തെക്ക് പൊഴിയൂർ മുതൽ വടക്ക് ഇടവ വരെയുള്ള തീരരേഖാമാറ്റത്തിന്റെ കാരണഫലങ്ങളെക്കുറിച്ച് (cause and effect)ശരിയായ വിശകലനം നടത്തിയാലേ പ്രശ്നപരിഹാരം സാധ്യമാകുകയുള്ളൂ. തിരുവനന്തപുരം തീരത്തെ കടലേറ്റത്തിന്റെ പ്രധാന കാരണം അതതു പ്രദേശത്തെ ബീച്ച്സിസ്റ്റം; കരയും കടലും, അതിന്റെ പ്രത്യേകതകൾ, ഉയർന്ന മൺസൂൺതിരകൾ, മണലിന്റെ സഞ്ചാരപഥം,സെഡിമെൻറ്സെൽ (sediment cell), സെഡിമെൻറ്ബഡ്ജറ്റ് (sed-iment budget) തുടങ്ങിയവ, മനസിലാക്കാതെയുള്ള മനുഷ്യ ഇടപെടലുകളാണെന്ന് നിസ്സംശയം പറയാം.

### തീരരേഖാമാറ്റത്തിൽ തുറമുഖങ്ങൾക്കുള്ള മുഖ്യപങ്ക്

തീരത്തുനിന്നും പൂജ്യം മുതൽ 600 മീറ്റർ ദൂരംവരെയുള്ള മണൽ സഞ്ചാരപഥത്തിൽ 90 ശതമാനം മണൽ നീക്കവും നടക്കുന്നത് തീരത്തോട് ചേർന്ന് പൂജ്യം മുതൽ 150 മീറ്ററിനുള്ളിൽആണെന്നാണ്. മുതലപ്പൊഴി ഹാർബർ CWPRS (സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ) പഠനറിപ്പോർട്ടിൽ പ്രതിപാദിക്കുന്നത്. നിർഭാഗ്യവശാൽ ഈ ശാസ്ത്രസത്യം കണക്കിലെടുക്കാതെയും, മണൽ സഞ്ചാരം തടസപ്പെടുത്തിയും ശരിയായ പഠനം നടത്താതെ പെട്ടെന്ന് തട്ടിക്കൂട്ടിയും, തികച്ചും നിരുത്തരവാദപരവുമായാണ് ഇവിടെ തുറമുഖനിർമ്മാണം നടക്കുന്നത്. സംസ്ഥാനത്തുടനീളം, കഴിഞ്ഞ ഇരുപത് വർഷമായി 18 തുറമുഖങ്ങൾ പൂർത്തിയാക്കി ഏഴെണ്ണം ഇപ്പോഴും നിർമ്മാണഘട്ടത്തിലുമാണ്.ജസ്റ്റിസ്ആദർശ്കുമാർ ഘോയൽ ചെയർപേഴ്സൺ ആയിട്ടുള്ളഗ്രീൻട്രൈബ്യൂണൽ 6അംഗ ബെഞ്ചിന്റെ 11.4.2022ലെ വിധിയിലുംതീരക്കടലിന്റെ സെഡിമെൻറ്സെൽ (sediment cell), സെഡിമെൻറ്ബഡ്ജറ്റ് (sediment budget) എന്നിവ തകിടം മറിക്കുന്നതാണ് തുറമുഖ നിർമ്മാണം എന്ന് പരാമർശിച്ചിട്ടുണ്ട്. പുതുച്ചേരിയിൽ നടന്ന പഠന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ‘കടൽഭിത്തി, പുലിമുട്ട് തുടങ്ങി സ്ഥിരം നിർമ്മാണങ്ങൾ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. സ്ഥിരംനിർമ്മാണങ്ങൾക്കുപകരം ബീച്ച്പോഷണം, മണൽബൈ പാസിങ്, കൃത്രിമ പുറ്റുകൾ, മണൽത്തിട്ട സൃഷ്ടിക്കൽ‘ എന്നിവയാണ് നിർദേശിച്ചിരിക്കുന്നത്. മാത്രവുമല്ല, പ്രകൃതിക്കെതിരെ പൊരുതുന്നതിനുപകരം പ്രകൃതിയോട്ചേർന്ന്പ്രവർത്തിക്കുകയാണ് വേണ്ടതെന്നും ട്രിബുണൽ നിർദ്ദേശിച്ചു.

തിരുവനന്തപുരത്തെ തുറമുഖനിർമ്മാണം ജില്ലയിലാകെ വൻതോതിലുള്ള തീരശോഷണത്തിനും കടൽകയറ്റത്തിനും നാശനഷ്ടങ്ങൾക്കും ഒരു പ്രധാന കാരണമായി മാറിയിട്ടുണ്ടെന്ന് തുറമുഖങ്ങളുടെ തെക്കും വടക്കുമുള്ള ഗ്രാമങ്ങൾ സന്ദർശിച്ചാൽ ഏതൊരാൾക്കും മനസ്സിലാക്കാവുന്നതേയുള്ളു. കൂടാതെ, തീരശോഷണത്താൽ നിരവധി കുടുംബങ്ങൾ പലായനം ചെയ്യുന്ന പൊഴിയൂർ, പൂന്തുറ, വലിയതുറ എന്നിവിടങ്ങളിൽ വീണ്ടും പുതിയ തുറമുഖങ്ങൾ നിർമിക്കാനുള്ള തത്രപ്പാടിലാണ് തുറമുഖവകുപ്പ്.


തിരുവനന്തപുരത്ത്, എവിടെയാണോ തീരം നഷ്ടപ്പെട്ടത് അവിടെനിന്നുമാണ് (പൊഴിയൂർ, പൂന്തുറ, വലിയതുറ) തുറമുഖങ്ങൾക്ക് ആവശ്യം ഉയരുന്നത്. ഈ ഗ്രാമങ്ങളിൽ തീരം പുനഃസൃഷ്ടിക്കാനായാൽ മത്സ്യത്തൊഴിലാളികൾക്ക് പഴയതുപോലെ ബീച്ച്ലാൻഡിംഗ് മത്സ്യബന്ധനരീതി പുനരാംരംഭിക്കാനും പുതിയ തുറമുഖങ്ങൾ ഒഴിവാക്കാനും സാധിക്കും.



## ശാസ്ത്രസ്ഥാപനങ്ങൾ തിരുകിക്കയറ്റിയ നുണകൾ

കേന്ദ്ര ഭൗമശാസ്ത്ര കേന്ദ്രം, കേന്ദ്രപരിസ്ഥിതി മന്ത്രാലയം എന്നിവരുടെ കണ്ടെത്തലുകൾക്ക് വിപരീതമായി, വിഴിഞ്ഞം പദ്ധതിപ്രദേശം ‘ശോഷണ തീരമല്ല‘ എന്ന്, *NGTsb **INCOIS തെറ്റിദ്ധരിപ്പിച്ച് വിഴിഞ്ഞം അന്താരാഷ്ട്ര വാണിജ്യതുറമുഖനിർമ്മാണത്തിന് കോടതിയുടെ അനുമതി നേടിക്കൊടുത്തു. തുടർന്ന്കഴിഞ്ഞ മൂന്നുവർഷം, അദാനിയുടെ ചെലവിൽ പഠനം നടത്തി വിഴിഞ്ഞം അന്താരാഷ്ട്രതുറമുഖത്തിന് വടക്ക് തീരശോഷണം സംഭവിക്കുന്നില്ല എന്ന തെറ്റായ വിവ

രം NIOT (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി) റിപ്പോർട്ടുചെയ്തു. വിഴിഞ്ഞം പദ്ധതി പ്രദേശങ്ങളിൽ ഇപ്പോൾ നടക്കുന്ന നാശനഷ്ടങ്ങളുടെ പശ്ചാത്തലത്തിൽ ഇവരുടെ താല്പര്യം തീരജനത തിരിച്ചറിഞ്ഞിട്ടുണ്ട്.




## പദ്ധതി പ്രദേശത്തും വടക്കും തെക്കും തുറമുഖം വരുത്തിവച്ചദുരന്തങ്ങൾ

മറ്റ് തുറമുഖങ്ങളിൽ നിന്നും വ്യത്യസ്തമായി മണൽ സഞ്ചാരപഥത്തിൽ നിന്നും വലിയതോതിൽ കടൽ നികത്തിയും അതിനുകുറുകെ വൻപുലിമുട്ട് ഒരുക്കിയുമാണ് ഈ പോർട്ടിന്റെ നിർമ്മാണം പുരോഗമിക്കുന്നത്. നാളിതുവരെ ഏകദേശം മുന്നിൽ ഒന്ന്മാത്രം പുലിമുട്ട് നിർമ്മാണവും, മണൽ വാരലും (dredging) പിന്നിട്ടപ്പോൾത്തന്നെ പോർട്ടിന്റെ വടക്ക് 20 കിലോമീറ്റർ വ്യാപ്തിയിൽ കോവളം ടൂറിസ്റ്റ് കേന്ദ്രം മുതൽ തുമ്പ വരെയുള്ള തീരപ്രദേശങ്ങൾ കടലിൽഅമർന്നു താഴ്ന്നു തുടങ്ങി. കൂടാതെ, നിലവിലെ വിഴിഞ്ഞം ഫിഷിംഗ്ഹാർബറിനുള്ളിൽ പതിവില്ലാതെതിരയിളക്കമുണ്ടാവുകയും കടലിൽനിന്നുള്ള ഹാർബറിന്റെ പ്രവേശനകവാടത്തിൽ മണ്ണടിഞ്ഞ് മണൽ തിട്ടരൂപപ്പെടുകയുംചെയ്തു. തൽഫലമായി മുൻപെങ്ങും കാണാത്തവിധം വള്ളങ്ങൾ അപകടത്തിൽപ്പെടുകയും കഴിഞ്ഞ മൺസൂൺകാലത്ത് തുടക്കമെന്നോണം മൂന്ന് മത്സ്യത്തൊഴിലാളികൾ മരണമടയുകയുമുണ്ടായി. മുതലപ്പൊഴി ഹാർബറിൽ എല്ലാ മൺസൂൺകാലത്തും മത്സ്യത്തൊഴിലാളികൾ മരണമടയുന്ന അതേസാഹചര്യമാണ് വിഴിഞ്ഞം ഫിഷിംഗ് ഹാർബറിലുംഇപ്പോൾ സംജാതമായിരിക്കുന്നത്.

തുറമുഖ നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് കപ്പൽചാനൽ (Shipping channel), നോഫിഷിങ്സോൺ (No fishing zone), നോഫിഷിംഗ്കോസ്റ്റൽ ഏരിയ(No-fishing coastal area) തുടങ്ങി അദാനിയുടെ ഭാവിയിൽ വരാൻപോകുന്ന നിയന്ത്രണങ്ങൾ തുറമുഖത്തിന്റെ തെക്ക് അടിമലത്തുറമുതൽ പൊഴിയൂർവരെയുള്ള മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ വരുംവർഷങ്ങളിൽ പ്രതികൂലമായി ബാധിച്ചുതുടങ്ങും.

പുലിമുട്ട് നിർമ്മാണം കടലിലേക്ക് പൂജ്യംമുതൽ 20 മീറ്റർ വരെപൂർത്തിയാക്കാൻ 22 ലക്ഷം ടൺ പാറയും 7 വർഷവുംവേണ്ടിവന്നു (2015-22). ഇനി തെക്കോട്ടുതിരിഞ്ഞ് 20 മീറ്റർ ആഴത്തിൽ തുടർച്ചയായി 1.7കിലോമീറ്റർ നീളത്തിൽ പുലിമുട്ട്നിർമ്മാണത്തിന്ഇപ്പോൾ ഉപയോഗിച്ച പാറയേക്കാൾ ഇരട്ടിയിലധികം (48 ലക്ഷം ടൺ) വേണ്ടിവരും. ഇത്, സഹ്യപർവതനിരകളെ വൻതോതിൽ നശിപ്പിക്കും. നാളിതുവരെ 1/3 പുലിമുട്ട്നിർമ്മാണവും ഡ്രെഡ്ജിങ്ങും മാത്രം പൂർത്തിയായെങ്കിൽ ഭാവിയിൽ, അവശേഷിക്കുന്ന 2/3 നിർമ്മാണങ്ങൾകൂടി പൂർത്തിയാകുന്നമുറക്ക് കൂടുതൽ മൽസ്യത്തോഴിലാളികൾ ഫിഷിങ്ഹാർബറിൽ അപകടത്തിൽപ്പെടുകയും കോവളം മുതൽ തുമ്പവരെ കടൽകയറ്റം കൂടുതൽ രൂക്ഷമാവുകയും കൂടുതൽ തീരവാസികൾ പരിസ്ഥിതി അഭയാർത്ഥികളാകുകയുംചെയ്യും.

ഈ തുറമുഖം പൂർത്തിയാകുകയാണെങ്കിൽ(?)കൊച്ചി തുറമുഖത്ത് നടക്കുന്നതുപോലെ തുടരെത്തുടെരെയുള്ള ഡ്രെഡ്ജിങ്ങ് വേണ്ടിവരും. ഇത്, ഈ തുറമുഖത്തിന്റെ വടക്കുഭാഗത്തെ നിരവധി തീരഗ്രാമങ്ങളെമാത്രമല്ല, ശംഖുമുഖവും, എയർപോർട്ടിന്റെഭാഗങ്ങൾ ഉൾപ്പെടെയുള്ള കൂടുതൽ പ്രദേശങ്ങൾ കടലിൽഅമർന്നുതാഴുന്ന ദയനീയകാഴ്ചകൾ കാണേണ്ടിവരും. ഇനിയും വലിയ നാശനഷ്ടങ്ങൾ ഒഴിവാക്കുന്നതിനും; കടലിൽ മനുഷ്യജീവൻ സംരക്ഷിക്കുന്നതിനും, കരയിൽ തീരജനതയുടെ ജീവനുംകിടപ്പാടത്തിനും ഉപജീവനത്തിനും വൻഭീഷണി ഉയർത്തുന്ന, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം ഉപേക്ഷിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സർക്കാർ സ്വീകരിക്കണം. സത്വരനടപടികൾ സ്വീകരിച്ചില്ലെങ്കിൽജീവനും മരണത്തിനുമിടയിൽ മല്ലടിക്കുന്നതീര ജനതയുടെ മുൻപിൽ സർക്കാർ മുട്ടുമടക്കേണ്ടിവരും.

# വിഴിഞ്ഞം തുറമുഖപദ്ധതിയെ എന്തുകൊണ്ട് എതിർക്കണം?

മുൻകാലങ്ങളിൽമാറിമാറിവന്നിരുന്നസർക്കാരുകൾ ഈ തുറമുഖപദ്ധതിനടപ്പിലാക്കാൻ ശ്രമിച്ചിരുന്നു. എന്നാൽ സാമ്പത്തികമായി പരാജയപ്പെടുമെന്ന് തിരിച്ചറിഞ്ഞ് വിവിധ ആഗോള ഓപ്പറേറ്ററുമാരും കമ്പനികളും ഈ പദ്ധതിയിൽ നിന്നുംപിന്മാറുകയാണുണ്ടായത്. ഏറ്റവുമൊടുവിൽ, അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടി അദാനിയെ ഡൽഹിയിൽ ചെന്നുകണ്ട് ഭാവിയിൽ ഉണ്ടാകാൻ പോകുന്ന നഷ്ടം നികത്തുന്നതിന് 1635 കോടിരൂപ വയബിലിറ്റിഗ്യാപ്ഫണ്ടും (VGF), റിയൽ എസ്റ്റേറ്റ് ടുറിസം ബിസിനസ്സിനും, ഭൂമിപണയം വച്ചു ബാങ്ക്വായ്പയെടുക്കുന്നതിനും *125 ഏക്കർ ഭൂമി പൊന്നുംവിലയ്ക്ക്ഏറ്റെടുത്തുനൽകുകയും ചെയ്തു. മാത്രവുമല്ല അദാനിയുടെ റിയൽഎസ്റ്റേറ്റ് ടൂറിസം ബിസ്നസ്സിനുവേണ്ടി നിലവിലെ ചെറുകിട ടൂറിസ്റ്റ് സംരംഭങ്ങളെ ഭൂമിയേറ്റെടുക്കലിന്റെ പേരിൽ പദ്ധതിപ്രദേശത്തുനിന്നും ഒഴിവാക്കിയുമാണ് ഈ തുറമുഖപദ്ധതിയെ അദാനിയെക്കൊണ്ട് ഏറ്റെടുപ്പിച്ചത്. ഈ പദ്ധതി സാമ്പത്തികമായി വിജയിക്കില്ലെന്നും ഇതിന്റെ നടത്തിപ്പും തുച്ഛമായ വരുമാനവും, ഡ്രഡ്ജിംഗ്ഉൾപ്പെടെയുള്ളചെലവേറിയപരിപാലനവും, ഭാവിയിൽ ഖജനാവിന് വൻ ബാധ്യതവരുത്തുമെന്നും സാമ്പത്തികവിദ്ഗ്ധർ (CAG ഉൾപ്പെടെ) മുന്നറിയിപ്പ് നല്കിയിട്ടുള്ളതാണ്.

പദ്ധതിരേഖഅനുസരിച്ച്ആകെപദ്ധതിചെലവ്ഏകദേശം 7525 കോടിരൂപയാണ്. ആകെയുള്ളമൂന്നുഘട്ടത്തിലെ ആദ്യഘട്ടത്തിൽ വേണ്ടുന്ന 5187 കോടിരൂപ മുതൽ മുടക്കിൽ 3879 കോടി (75%) സംസ്ഥാനസർക്കാരും 1308 കോടി (25%) അദാനിയുമാണ് കണ്ടത്തേണ്ടത്. അദാനിയുടെ വിഹിതത്തെക്കാൾ കൂടുതൽ തുകയായ 1635 കോടിരൂപ VGF-ഫണ്ടിനത്തിൽ അദാനിക്ക് തിരിച്ചടക്കേണ്ടാത്ത ഗ്രാന്റായി ലഭിക്കും. VGFന്റെ പകുതി തുക കേന്ദ്രസർക്കാർ സംസ്ഥാനസർക്കാരിന് വായ്പയായിനൽകും, ബാക്കി പകുതി സംസ്ഥാന സർക്കാർ കണ്ടെത്തണം. കൂടാതെ പുലിമുട്ടുനിർമാണത്തിന്റെ പൂർണചെലവ് സംസ്ഥാനസർക്കാർ വഹിക്കും. റോഡ്റെയിൽ കണക്റ്റിവിറ്റിയുടെ അധികചെലവ് പ്രൊജക്റ്റ് കോസ്റ്റിന്പുറമെസംസ്ഥാനസർക്കാർ കണ്ടെത്തണം. വല്ലാർപാടംതുറമുഖപദ്ധതിയുടെ ലാഭത്തിന്റെ 33% ആദ്യവർഷംതന്നെ സർക്കാരിന് ദുബായ്പോർട്ട് ബിഡുചെയ്തപ്പോൾ 15 വർഷത്തിനുശേഷം വെറും 1% മാത്രമാണ് അദാനി പോർട്ട് സർക്കാരിന് നൽകേണ്ടത്. ഈ തുറമുഖപദ്ധതികളിൽ കേട്ടുകേൾവിപോലുമില്ലാത്ത ഒരു ഇടപാടാണ്. മാത്രവുമല്ല 40 വർഷ കരാർകാലാവധിക്ക് മുൻപോ/ശേഷമോ അദാനിഒഴിഞ്ഞുപോകുകയാണെങ്കിൽ അന്നെത്തെ രൂപയുടെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ഏകദേശം 7000 കോടിരൂപ ടെർമിനേഷൻ ഫീ (Termination fee) ഇനത്തിൽ അദാനിക്ക്നല്കണം. നാലുവർഷം കൊണ്ട് പൂർത്തിയാക്കേണ്ടപദ്ധതി ഏഴുവർഷം പിന്നിട്ടിട്ടും ആകെ മൂന്നിലൊന്ന്പ്രവർത്തികൾ മാത്രമാണ് നടന്നത്. ഇതിന് പെനാൽറ്റി ചുമത്താം എന്നിരിക്കെ യാതൊരു നടപടികളുംസംസ്ഥാനസർക്കാർ കൈക്കൊള്ളുന്നില്ലഎന്നതുംശ്രദ്ധേയമാണ്.

## കടൽനികത്തിയെടുക്കുന്ന 165 ഏക്കർ ഉൾപ്പെടെ ആകെ 300 ഏക്കറാണ് പദ്ധതിക്ക്കണ്ടെത്തിയഭൂമി

INCOISനെക്കൊണ്ട് 'ഇത്ശോഷണതീരം അല്ല' എന്ന്കോടതിയിൽ കള്ളംപറയിച്ചട്ടാണ് പാരിസ്ഥിതികഅനുമതിനേടിയത്. ലക്ഷക്കണക്കിന് ടൺ പാറകൾസഹ്യപർവ്വതനിരകളിൽ നിന്ന് ഖനനം ചെയ്ത് ആ പ്രദേശത്തെ നശിപ്പിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. ഈ തുറമുഖം നടപ്പിലായാൽ ഇവിടം സിംഗപ്പൂർ ആകും മത്സ്യത്തൊഴിലാളികൾ കടലിൽ പോകേണ്ടിവരില്ല' എന്ന്തെറ്റിദ്ധരിപ്പിച്ചും,പാക്കേജ്എന്നഅപ്പക്കഷണവാഗ്ദാനംനൽകിയും, ഭിന്നിപ്പിച്ചുഭരിക്കൽ തന്ത്രം (divide & rule) പയറ്റിയുമാണ് മത്സ്യത്തൊ



**ഈ തുറമുഖം നടപ്പിലായാൽ ഇവിടം സിംഗപ്പൂർ ആകും മത്സ്യത്തൊഴിലാളികൾ കടലിൽ പോകേണ്ടിവരില്ല' എന്ന്തെറ്റിദ്ധരിപ്പിച്ചും,പാക്കേജ്എന്നഅപ്പക്കഷണവാഗ്ദാനംനൽകിയും, ഭിന്നിപ്പിച്ചുഭരിക്കൽ തന്ത്രം (divide & rule) പയറ്റിയുമാണ് മത്സ്യത്തൊഴിലാളികളുടെ പ്രതിഷേധത്തെ സർക്കാർ നേരിടുന്നത്.**



ഴിലാളികളുടെ പ്രതിഷേധത്തെ സർക്കാർ നേരിട്ടത്. മറനീക്കി പുറത്തുവരുന്നസത്യങ്ങളായ; ലാഭകരമല്ലാത്തതും, ഖജനാവിനുഷ്ടംവരുത്തുന്നതും, കോപ്പറേറ്റുകൾക്ക്കടലും കരയും തീരവുംആകാശവും തീറെഴുതികൊടുക്കുന്നതും, സഹ്യപർവതകടൽത്തീരകടൽ പരിസ്ഥിതികളെതകിടംമറിക്കുന്നതും, മൽസ്യത്തൊഴിലാളികളുടെ ഭവനങ്ങളും തൊഴിലിടങ്ങളും ഇല്ലാതാക്കി അവരുടെ ജീവിതം ദുസ്സഹമാക്കുന്നതുമയായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയെ സമാന സംഘടനകളുടെയും പൊതുസമൂഹത്തിന്റെയും പിന്തുണയോടെ എതിർത്തുതോല്പിക്കുന്നതിനുള്ള പശ്ചാത്തലമാണ് ഇത്തരുണത്തിൽ ഉരുത്തിരിയുന്നത്.

## തുറമുഖം ഉപേക്ഷിക്കാനാകുമോ എങ്ങനെ?

കന്യാകുമാരി ജില്ലയിലെ കോവളം ഗ്രാമത്തിൽ പുതിയതുറമുഖത്തിനായി കേന്ദ്രസർക്കാർ ശ്രമിച്ചെങ്കിലും കന്യാകുമാരി ജില്ലാ മത്സ്യത്തൊഴിലാളി ഫെഡറേഷന്റെയും ഇനയം പുത്തൻതുറയിലെയും സമീപഗ്രാമങ്ങളിലെയും മത്സ്യത്തൊഴിലാളികളുടെ പ്രതിഷേധംകാരണം 2015 നവംബറിൽ പുതിയ തുറമുഖ പദ്ധതി ഉപേക്ഷിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിർബന്ധിതരായി.

മഹാരാഷ്ട്രയിലെ ദഹാനു താലൂക്കിലെ വധവൻ തുറമുഖത്തിന്റെ നിർമ്മാണത്തിനെതിരെ ഗ്രാമവാസികൾ പ്രതിഷേധവുമായി രംഗത്തെത്തി. 65,544.54 കോടിരൂപചെലവ് പ്രതീക്ഷിക്കുന്ന ഈതുറമുഖ പദ്ധതി കേന്ദ്രസർക്കാരിന്റെ സാഗർമാലപദ്ധതിയുടെ ഭാഗമാണ്. ബ്രേക്ക്‌വാട്ടറുകൾ, റെയിൽ ലൈൻ/യാർഡ്, റോഡ്കണക്റ്റിവിറ്റി, പവർ, വാട്ടർ ലൈനുകൾ, ആന്തരികറോഡുകൾ, പൊതുവായ അടിസ്ഥാനസൗകര്യങ്ങൾ എന്നിവനിർമ്മിക്കുന്നതിന് 16,140 കോടിരൂപയുടെനിക്ഷേപംനടപ്പിലാക്കും.

## മഹാരാഷ്ട്രയിലെ തുറമുഖ നിർമാണത്തെഎങ്ങനെയാണ് എതിർത്തുതോല്പിച്ചത്?

മത്സ്യത്തൊഴിലാളികൾ, ആദിവാസികൾ, കർഷകർ, വധവനിലെയുംസമീപഗ്രാമങ്ങളിലെയുംനിവാസികൾ എന്നിവരുൾ പ്പെടെയുള്ള പ്രദേശവാസികൾ ജൈവവൈവിധ്യ സർവേയ്ക്കെതിരെ പ്രതിഷേധിച്ചു. വധവനിലെ തുറമുഖനിർമാണം പരിസ്ഥിതിക്കും അവരുടെ ഉപജീവനത്തിനും ഹാനികരമാണെന്ന് കരുതുന്ന പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള പ്രതിഷേധക്കാർ തുറമുഖനിർമാണത്തിനെതിരെമുദ്രാവാക്യംവിളിച്ചു. അവർക്ക് ഒരേ ഒരു ആവശ്യംമാത്രം, 'വധവൻ തുറമുഖംറദ്ദാക്കുക'. ഗ്രാമത്തിൽ കനത്തപോലീസ് വിന്യാസത്തിനിടയിൽ, ഏകദേശം 1,500 പ്രതിഷേധക്കാർ വധവൻ ബീച്ചിൽ മനുഷ്യച്ചങ്ങലതീർത്തു. 2019ഒക്ടോബറിൽ, തുറമുഖ പദ്ധതിക്കെതിരെ പ്രതിഷേധിച്ച് ദഹാനുവിലെ വധവൻ, വരോർ ഗ്രാമങ്ങൾ സംസ്ഥാനത്തെ നിയമസഭാതിരഞ്ഞെടുപ്പ് ബഹിഷ്കരിച്ചു. വമ്പിച്ച ജനമുന്നേറ്റത്തേ തുടർന്നു 2021 ജൂണിൽ തുറമുഖത്തിന്റെ പാരിസ്ഥിതിക ആഘാതത്തെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ ഇതിനകം തന്നെ തുറമുഖസൈറ്റിൽ ആരംഭിച്ചനിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിട്ടു. ഈ സംഭവവികാസങ്ങൾ വെളിവാക്കുന്നത്നിർമ്മാണം പുരോഗമിക്കുന്ന വിഴിഞ്ഞം വാണിജ്യതുറമുഖം നിർത്തിവയ്പ്പിക്കാൻ കഴിയും, അതിനിയും വൈകിയിട്ടില്ല എന്നുതന്നെയാണ്. ■

ലേഖനം

**പത്താം തരം കഴിഞ്ഞുള്ള പഠനവുമായി ബന്ധപ്പെട്ട് രണ്ട് വാദങ്ങൾ ശക്തമാണ് തൊഴിലറിയുകയെന്നത് പ്രധാനമായതിനാൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ചെയ്യുന്നതാണ് നല്ലത് എന്നാണ് ഒരു വാദം. ഈ വാദം തത്വത്തിൽ നല്ലതാണ്. എങ്കിലും കുട്ടികളുടെ പ്രായത്തിന്റെ പ്രത്യേകതകൾ കണക്കിലെടുക്കുമ്പോൾ ഒരു രണ്ടു വർഷം കൂടി അവർ സ്കൂളിന്റെ ഭാഗമാകുന്നതു തന്നെയാണ് അവരുടെ രൂപീകരണത്തിന് ഏറ്റവും ഉചിതം.**




# ഉപരി പഠനവും കരിയർ വികസനവും



**തോമസ് കെ. സ്റ്റീഫൻ**
കരിയർ ഗൈഡ്, ജിഎച്ച്എസ്എസ് ഞാറയ്ക്കൽ

എസ്എസ്എൽസി പ്ലസ്ടു പരീക്ഷാ ഫലങ്ങൾ പുറത്തു വരുന്നതോടെ വളരെ സജീവമാകുന്ന ചർച്ചകളിൽ ഒന്നാണ് ഉന്നത വിദ്യാഭ്യാസവും കരിയർ സാധ്യതകളും. സ്കൂളുകളും കലാലയങ്ങളും സർക്കാർ സർക്കാരിതര സ്ഥാപനങ്ങളും ദൃശ്യശ്രാവ്യഅച്ചടി മാധ്യമങ്ങളും എല്ലാം തന്നെ ഈ രംഗത്ത് ശ്രദ്ധ പതിപ്പിക്കാറുണ്ട്. കരിയർ ഗൈഡൻസ് എന്നത് ഒരു കരിയർ മേഖലയായും കരിയർ ഗൈഡുകൾ എന്നത് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഒരു തൊഴിൽ പേരായും മാറിയിട്ടുണ്ട്. കരിയർ വികസനം സംബന്ധിച്ച പ്രഭാഷണങ്ങളും ലേഖനങ്ങളും ഇന്ന് സാർവത്രികമായിരിക്കുന്നു. ഇതെല്ലാം കൂടി ചേർന്ന് വിദ്യാർത്ഥികളിൽ ഒരു പരിധി വരെ ചില ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്നില്ലേ എന്ന സന്ദേഹവും ചില കോണുകളിൽ ഉയരുന്നുണ്ട്.

കരിയർ വികസനം സംബന്ധിച്ച് കുട്ടികളിൽ സംജാതമാകേണ്ട നാല് പ്രധാന സ്വപ്നങ്ങളുണ്ട്.

1. ഭാവിയിൽ ചെയ്യാൻ ഒരു തൊഴിൽ

ഉണ്ടാകണം

2. സാമാന്യം ഭേദപ്പെട്ട വരുമാനം ഉണ്ടാകണം.
3. ഒരു സാമൂഹ്യ പദവി ആർജ്ജിക്കണം.
4. അർത്ഥപൂർണ്ണമായ ജീവിതം അഥവാ വിജയകരമായ ഒരു ജീവിതം സംലഭ്യമാക്കണം.

ഈ സ്വപ്നങ്ങളുടെ സാക്ഷാത്കാരത്തിനായുള്ള മാർഗ്ഗങ്ങളിൽ ഒരാളുടെ സാമ്പത്തിക സ്ഥിതി ,ആരോഗ്യസ്ഥിതി ,വിദ്യാഭ്യാസം ,തൊഴിൽ വൈദഗ്ദ്ധ്യം എന്നിവ മുഖ്യ പങ്കുവഹിക്കുന്നു. പൊതുവെ ദരിദ്രമായ ഒരു സമുദായത്തിലെ അംഗങ്ങളെ സംബന്ധിച്ചിടത്തോളം കരിയർ വികസിപ്പിക്കാനുള്ള വഴികളിലൊന്നായി സാമ്പത്തികം പരിഗണിക്കുക സാധ്യമല്ല തന്നെ. സ്വതവേ ആരോഗ്യം കുറവുള്ളവർ എന്ന നിലയിൽ ശാരീരിക കരുത്തും ഒരു മാർഗ്ഗമായി പരിഗണിക്കാൻ സാധ്യമല്ല . പിന്നെ നമ്മുടെ മുന്നിലുള്ള രണ്ട് മാർഗ്ഗങ്ങളിൽ ഒന്ന് വിദ്യാഭ്യാസവും മറ്റേത് തൊഴിൽ പരിശീലനവുമാണ്. ഉന്നത വിദ്യാഭ്യാസവും തൊഴിൽ വൈദഗ്ദ്ധ്യവും അല്ലെങ്കിൽ ഇവ രണ്ടിലേതെങ്കിലും ഒന്ന് കരിയർ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ അനിവാര്യമായ സംഗതിയായി പരിഗണിച്ച് സ്വന്തമാക്കണം.

ഒന്നര പതിറ്റാണ്ട് മുൻപ് വരെ ഒരു ശരാശരി യുവതയോട് പൊതുസമൂഹം ചോദിക്കുന്ന ചോദ്യം 'ഏതു വരെ പഠിച്ചു' എന്നാണ്. അന്നൊക്കെ SSLC പാസായി എന്നു തുടങ്ങി മുകളിലേക്കുള്ള ഓരോ വിദ്യാഭ്യാസതലങ്ങൾ പറയുമ്പോഴും പറയുന്ന ആൾക്കും കേൾക്കുന്ന ആൾക്കും ഒരുപോലെ അഭിമാനം നൽകുന്ന കാര്യമായിരുന്നു. അതേ സമയം ഇന്ന് ഉയർത്തപെടുന്ന പ്രധാന ചോദ്യം 'എന്തു തൊഴിൽ അറിയാം? എന്നതാണ്. എന്തു മാത്രം പഠിച്ചു എന്നതിനെക്കാൾ ഏതു തൊഴിൽ ചെയ്യുന്നതിനാവശ്യമായ നൈപുണികൾ (Skills) സ്വായത്തമാക്കിയുണ്ട് എന്നതു തന്നെയാണ് പരമപ്രധാനം.

'എനിക്ക് എന്തു തൊഴിൽ ചെയ്യാനറിയാം?' എന്ന ഒരു ചോദ്യം 17–18 വയസു മുതൽ എല്ലാ യുവതീയുവാക്കളും മനസിൽ കൊണ്ടു നടക്കേണ്ട ഒന്നാണ് .വിദ്യാഭ്യാസ പ്രക്രിയയ്ക്ക് ഒരു ദിശാബോധം നൽകുവാൻ ഈ ചോദ്യം ഏറെ സഹായകകരമാകും.

ഈ വർഷം SSLC പാസായ ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം 'ഇനി എന്ത്' ? എന്ന ചോദ്യത്തിനുത്തരം ഹയർ സെക്കണ്ടറി ,വൊക്കേഷണൽ ഹയർ സെക്കണ്ടറി ,ടെക്നികൽ ഹയർ സെക്കണ്ടറി, ഓപ്പൺ സ്കൂളുകൾ എന്നിവയാണ് ഒന്നാമതായി വരുന്നത് . ഇതു കൂടാതെ പോളിടെക്നിക്കുകൾ , ഐ ടി ഐ കൾ തുടങ്ങി നൂറുകണക്കിന് തൊഴിലധിഷ്ഠിത കോഴ്സുകളുമുണ്ട്. ഒരു സൂപ്പർ മാർക്കറ്റിലെത്തി ചേർന്ന പ്രതീതിയാണ് ഈവിധ കോഴ്സുകളുടെ ലോകം വിദ്യാർത്ഥികൾക്ക് സമ്മാനിക്കുന്നത്. ഇവിടെ ശരിയായ തീരുമാനം കൈക്കൊള്ളുക എന്നത് പരമപ്രധാനമാണ്.

പത്താം തരം കഴിഞ്ഞുള്ള പഠനവുമായി ബന്ധപ്പെട്ട് രണ്ട് വാദങ്ങൾ ശക്തമാണ് തൊഴിലറിയുകയെന്നത് പ്രധാനമായതിനാൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ചെയ്യുന്നതാണ് നല്ലത് എന്നാണ് ഒരു വാദം. ഈ വാദം തത്വത്തിൽ നല്ലതാണ്. എങ്കിലും കുട്ടികളുടെ പ്രായത്തിന്റെ പ്രത്യേകതകൾ കണക്കിലെടുക്കുമ്പോൾ ഒരു രണ്ടു വർഷം കൂടി അവർ സ്കൂളിന്റെ ഭാഗമാകുന്നതു തന്നെയാണ് അവരുടെ രൂപീകരണത്തിന് ഏറ്റവും ഉചിതം. അതു മാത്രമല്ല നല്ലൊരു ശതമാനം സർക്കാർ ഉദ്യോഗങ്ങളുടെയും അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ഹയർ സെക്കണ്ടറിയാണ്. കൂടാതെ ഉന്നത വിദ്യാഭ്യാസ രംഗങ്ങളിലേക്കുള്ള പ്രവേശന കവാടവും ഹയർ സെക്കണ്ടറിയാണ്. ഇക്കാര്യങ്ങൾ പരിഗണിക്കുമ്പോൾ SSLC കഴിഞ്ഞാലുടൻ ഒരു വിദ്യാർത്ഥി പന്ത്രണ്ടാം ക്ലാസിലേക്ക് പ്രവേശിക്കുന്നതാണു കൂടുതൽ ഉചിതം. പന്ത്രണ്ടാം ക്ലാസ് പഠനത്തിനായി മുഴുവൻ കുട്ടികൾക്കും ഇന്ന് അവസരം ലഭിക്കുന്ന സാഹചര്യമാണ് ഉള്ളത്. സർക്കാർ, എയ്ഡഡ്, അൺ എയഡ്സ് സ്കൂളുകളിലായി ഇഷ്ട വിഷയങ്ങളിൽ ചേർന്ന് പ്ലസ് ടു അല്ലെങ്കിൽ വി എച്ച്എസ്ഇ പഠിക്കാം. ഇതു രണ്ടിലും പ്രവേശനം ലഭിക്കാത്തവർക്ക് ഓപ്പൺ സ്കൂൾ സംവിധാനം വഴിയും പഠനം നടത്താവുന്നതാണ്. അൺ എയ്ഡഡ് സ്കൂളുകളിലും ഓപ്പൺ സ്കൂളുകളിലും പൊതുവേ +2 കോഴ്സുകളാണുള്ളത്.സർക്കാർ എയ്ഡഡ് മേഖലകളിൽ പ്ലസ്ടു, വൊക്കേഷണൽ ,ടെക്നിക്കൽ കോഴ്സുകൾ ഉണ്ട്.ഒരു തൊഴിലറിയുക എന്നത് ഈ നൂറ്റാണ്ടിലെ വെല്ലുവിളിയാകുമ്പോൾ പ്ലസ് ടുവിന് തത്തുല്യമായതും അതേ സമയം ഒരു തൊഴിൽ സാധ്യത ഉറപ്പു വരുത്തുന്നതുമായ വൊക്കേഷണൽ ഹയർ സെക്കണ്ടറി പഠനത്തിന് അൽപ്പം മേന്മ കല്പിക്കേണ്ടതായി വരും.

ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലകളിലേക്കുള്ള പ്രവേശനം ഏകജാലക സംവിധാനം വഴിയാണ് നടക്കുന്നത്. ഒരു ജില്ലയിലെ ഏതു സ്കൂളിലേക്കും അപേക്ഷിക്കുന്നതിന് ഒരു അപേക്ഷ മാത്രം നൽകിയാൽ മതി എന്നതാണ് ഏകജാലക സംവിധാനത്തിന്റെ പ്രത്യേകത. പ്ലസ് ടു വി നും വൊക്കേഷണൽ ഹയർ സെക്കണ്ടറിക്കും പ്രത്യേകം അപേക്ഷകൾ സമർപ്പിക്കണമെന്നതും ഓരോ ജില്ലകളിലേക്കും പ്രത്യേകം പ്രത്യേകം അപേക്ഷകൾ സമർപ്പിക്കണമെന്നതും ഓർക്കണം. മാനേജ്മെന്റ് കമ്യൂണിറ്റി ക്വാട്ടകൾക്ക് പ്രത്യേക അപേക്ഷകൾ നൽകേണ്ടതും അവ അതാതു സ്കുളുകളിൽ സമർപ്പിക്കണമെന്നതും അറിഞ്ഞിരിക്കണം.

പന്ത്രണ്ടാം ക്ലാസ് കഴിയുന്ന കുട്ടികളുടെ മുന്നിലും നിരവധി സാധ്യതകളാണുള്ളത്. പരമ്പരാഗത ഡിഗ്രി കോഴ്സുകളായ B-A, B.Sc, B-Com പ്രൊഫഷണൽ കോഴ്സുകളായ MBBS, LLB, BTech, CA, മൂന്നാം തലമുറ കോഴ്സുകൾ എന്നു വിശേഷിപ്പിക്കാവുന്ന ഇന്റഗ്രേറ്റഡ് ഡിഗ്രികൾ, ഡബിൾ മെയിൻ ഡിഗ്രികൾ, ഫാഷൻ ടെക്നോളജി, ടൂറിസം ഉൾപ്പെടെയുള്ള മേഖലകളിലെ കോഴ്സുകൾ, B-Voc. കോഴ്സുകൾ ഒക്കെ ഒരു വശത്തുണ്ട്. ഇത്തരം കോഴ്സുകൾ എല്ലാം പൊതുവേ മൂന്നു മുതൽ നാലു വർഷം വരെ ദൈർഘ്യമുള്ളവയും വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഒരു ഡിഗ്രി ലഭിക്കുന്നവയും ആണ്.

മറുവശത്ത് പോളിടെക്നിക്കുകൾ, ITI, അധ്യാപക പരിശീലനം, ഫാഷൻ ഡിസൈനിംഗ് , കൊമേഴ്സിയൽ പ്രക്ടീസ്,ഫുഡ് ക്രാഫ്റ്റ്, ഫാർമസി,




പാരാമെഡിക്കൽ, കെൽട്രോൺ, C Apt, CDit , National Skill Training Institute കൾ, പ്രിൻറിംഗ്, ടെക്സ്റ്റൈൽ ടെക്നോളജി തുടങ്ങി വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആണ് ഉള്ളത്. ആറു മാസം മുതൽ 3 വർഷം വരെയുള്ള പ്രോഗ്രാമുകളാണ് ഈ മേഖലയിലുള്ളത്. ഡിപ്ലോമകളോ സർട്ടിഫിക്കറ്റുകളോ ആണ് ഈ കോഴ്സുകൾക്ക് ലഭിക്കുന്നത്. സർക്കാർ അംഗീകൃത കോഴ്സുകൾ തന്നെ ചെയ്യണമെന്നതും സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കണമെന്നതും നിർബന്ധം. ചില കോഴ്സുകൾക്കു പ്രത്യേകിച്ച് ITI, ITC കോഴ്സുകൾക്ക് National Trade Certificate ലഭിക്കുന്നതാണ്. ഒട്ടുമിക്ക കോഴ്സുകളുടെയും അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത SSLC യാണ്. ചില കോഴ്സുകൾക്ക് എട്ടാം ക്ലാസും ചില കോഴ്സുകൾക്ക് പ്ലസ്-ടു വും യോഗ്യതയും ആവശ്യമാണ്. ചില കോഴ്സുകളിൽ പന്ത്രണ്ടാം ക്ലാസ് പാസായവർക്ക് പ്രത്യേക വെയിറ്റേജും ലാറ്ററൽ എൻട്രി യും അനുവദിക്കുന്നുമുണ്ട്.

വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം വലിയ ആശയക്കുഴപ്പം സൃഷ്ടിക്കുന്ന കാര്യം തന്നെയാണ് ഡിഗ്രി കോഴ്സുകൾ ചെയ്യണമോ ഏതെങ്കിലും തൊഴിലധിഷ്ഠിത കോഴ്സുകൾ ചെയ്യണമോ എന്നത് .നല്ലൊരു ശതമാനം കോഴ്സുകളും SSLC യോഗ്യത അടിസ്ഥാനമാക്കിയുള്ളവ ആയതിനാൽ ഈ കോഴ്സുകൾ സുഗമമായി ചെയ്യാൻ പറ്റിയ പരമാവധി പ്രായത്തിലാണ് പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞ വിദ്യാർത്ഥി എന്നത് ഇവിടെ പ്രസക്തമാണ്. അതായത് തൊഴിലധിഷ്ഠിത കോഴ്സുകൾ ചെയ്യുന്നുവെങ്കിൽ ഇപ്പോൾ ചെയ്യണമെന്ന് ചുരുക്കം'. എന്തു തൊഴിൽ അറിയാം എന്നതിന് അടിയന്തരമായി ഉത്തരം നൽകേണ്ടതിനാൽ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്ക് അഡ്മിഷൻ കിട്ടുന്നവർ ഒഴികെയുള്ളവർ ഏതെങ്കിലുമൊരു തൊഴിലധിഷ്ഠിത കോഴ്സുകൾ ചെയ്യുന്നതാണ് ഏറ്റവും അഭികാമ്യം. അതിന് ശേഷം താത്പര്യമെങ്കിൽ ഡിഗ്രിയോ . പി ജി യോ ഒക്കെ ചെയ്യാവുന്നതാണ്.പോളിടെക്നിക്കൽ പോലെയുള്ള കോഴ്സുകൾ ചെയ്യുന്നവർക്ക് എൻജിനിയറിംഗ് പോലെയുള്ള പ്രഫഷണൽ കോഴ്സുകളിലേക്ക് ലാറ്ററൽ എൻട്രിയും ലഭിക്കുന്നതുമാണ്.

ഒരു തൊഴിലധിഷ്ഠിത കോഴ്സ് പഠിക്കാൻ പോകുന്ന ഒരാൾ ആദ്യം അറിഞ്ഞിരിക്കേണ്ട കാര്യം ആ കോഴ്സു പഠിച്ചു കഴിഞ്ഞാൽ ചെയ്യാൻ കഴിയുന്ന തൊഴിൽ ഏതാണ് എന്നതാണ് .രണ്ടാമതായി ഈ തൊഴിൽ ചെയ്യാൻ തനിക്ക് മനസ് ഉണ്ടോ എന്നും സ്വന്തം നിലയിൽ വേണ്ടിവന്നാൽ ആ തൊഴിൽ ചെയ്യാനാകുമോ എന്നും നിർബന്ധമായും ഉറപ്പുവരുത്തണം..ഉദാഹരണത്തിന് ഫാഷൻ ഡിസൈനിംഗ് എന്ന കോഴ്സ് പഠിക്കാൻ പോകുന്ന ഒരാൾ ആ കോഴ്സു കഴിഞ്ഞാൽ ചെയ്യാൻ കഴിയുന്ന ജോലികളെ സംബന്ധിച്ച് ഒരു ധാരണ ആദ്യം രൂപപ്പെടുത്തണം. തുന്നൽ എന്നത് ഇവിടെ പരിഗണിക്കാവുന്ന ഒരു തൊഴിൽ ആണ് . മറ്റെങ്ങും ജോലി ലഭിക്കുന്നില്ല എങ്കിൽ സ്വന്തമായി തയ്യൽ തൊഴിൽ ആരംഭിക്കുമെന്ന് മനസിലുറപ്പിക്കാൻ കഴിഞ്ഞാൽ ആ കോഴ്സ് തെരഞ്ഞെടുക്കാം..അങ്ങനെയൊരു ചിന്ത മനസിലുറപ്പിക്കാൻ കഴിയാത്തവർതൊഴിലധിഷ്ഠിത കോഴ്സുകൾ ചെയ്ത് സമയം പാഴാക്കാതിരിക്കുന്നത് നന്ന്.

അതുപോലെ ടൈപ്പ് റൈറ്റിങ്, കമ്പ്യൂട്ടർ തുടങ്ങിയ ഏതാനും തൊഴി

ലേഖനം

# 10 കഴിഞ്ഞു, ഇനിയെന്ത്?

**'10 കഴിഞ്ഞു. ഇനി എന്ത്?'. പത്താംക്ലാസിന്റെ വിവിധ ബോർഡ് പരീക്ഷകളുടെ ഫല പ്രഖ്യാപനത്തെത്തുടർന്ന് ഉപരിപഠനത്തിന് യോഗ്യത നേടിയ കുട്ടികളുടെ വീടുകളിലെ പ്രധാന ചർച്ചാവിഷയം ഇതായിരിക്കുമല്ലോ. വിജയികൾക്ക് അനുമോദനങ്ങൾ. വിജയം വഴുതി പോയവർ നിരാശരാകേണ്ട കാര്യവുമില്ല. എന്തെന്നാൽ ഈ പരീക്ഷയുടെ വിജയപരാജയങ്ങളല്ല നമ്മുടെ ജീവിതവിജയത്തെ നിശ്ചയിക്കുന്നത്. തുടർ പഠനത്തിന് അർഹത നേടാൻ കഴിയാതെ പോയവർ അതിനുള്ള കാരണം കണ്ടെത്തി, അവ പരിഹരിച്ചുകൊണ്ട് മുന്നേറിയാൽ വിജയത്തിലേക്കുള്ള പടവുകൾ കയറാവുന്നതേയുള്ളു. വൈവിധ്യമായ പഠനമേഖലകൾ നമുക്കുമുന്നിലുള്ളതുകൊണ്ട് ഓരോരുത്തരും തങ്ങളുടെ തുടർപഠന മേഖല ചില പരിഗണനകളുടെ അടിസ്ഥാനത്തിൽ ശ്രദ്ധാപൂർവ്വം കണ്ടെത്തുന്നത് അനുഗുണവും അഭികാമ്യവുമായിരിക്കും. ഓരോ കുട്ടിയും തനിക്ക് ഏറ്റവും അനുയോജ്യമായ പഠനമേഖല കണ്ടെത്തുമ്പോൾ അത് ശോഭനമായ ഭാവി ജീവിതത്തിലേക്കുള്ള അതീവ പ്രാധാന്യമുള്ള ചവിട്ടുപടിയായി മാറും.**



**ജോയ് ജോൺ**
അധ്യാപകൻ, സെന്റ് ജോസഫ്സ് എച്ച്എസ്എസ്

ലധിഷ്ഠിത കോഴ്സുകൾ പാർട്ട് ടൈം ആയി ചെയ്യാവുന്നതാണ്. മറ്റു ഡിഗ്രി കോഴ്സുകൾ ചെയ്യുന്നവർ സാധിക്കുമെങ്കിൽ അതോടൊപ്പം ഇത്തരം ചില കോഴ്സുകൾ ചെയ്യണം.

എത്രയും വേഗം ഒരു തൊഴിലും വരുമാനവും എന്നതു തന്നെയാകണം നമ്മെ നിരന്തരം പ്രചോദിപ്പിക്കേണ്ടത്. 18 വയസു മുതൽ PSC, UPSC ടെസ്റ്റുകൾ തുടങ്ങി ബാങ്ക് ടെസ്റ്റുകൾ, റെയിൽവേ ബോർഡ് പരീക്ഷകൾ ഒക്കെ എഴുതാൻ ആരംഭിക്കണം. 90 ശതമാനത്തിലധികവും സർക്കാർ ഉദ്യോഗങ്ങൾക്കും ആവശ്യമുള്ള പരമാവധി യോഗ്യത ഡിഗ്രിയാണ്. വിദ്യാഭ്യാസ ഗവേഷണങ്ങളിൽ മുന്നേറാൻ ആഗ്രഹിക്കുന്നവർ ഒഴികെ മറ്റുള്ളവർ ഉന്നത ബിരുദങ്ങൾ സമ്പാദിക്കുന്നതിനെക്കാൾ ശ്രദ്ധ തങ്ങളുടെ തൊഴിൽ ക്ഷമത (Employabiltiy) വർദ്ധിപ്പിക്കുന്നതിന് നൽകുക തന്നെ വേണം

സർക്കാർ സ്വകാര്യ മേഖലയിലെ വിവിധ തൊഴിലുകൾക്ക് തങ്ങളെ പ്രാപ്തരാക്കാൻ ആവശ്യമായ നൈപുണികൾ അവർ സ്വന്തമാക്കണം.

നമ്മുടെ അഭിരുചി (Aptitude) നൈപുണി (Skill) താത്പര്യം (Interest) ഇവ മൂന്നും തന്നെയാണ് കരിയറുമായി ബന്ധപ്പെട്ട നമ്മുടെ ഭാഗധേയം നിർണ്ണയിക്കുന്നത്.

ഒരു സർക്കാർ ഉദ്യോസ്ഥനായിത്തീരാൻ ആഗ്രഹിച്ചാൽ പ്രധാനമായി വേണ്ടത് അതിന് ആവശ്യമായ ടെസ്റ്റ് പാസാവുക എന്നതാണ്. അതിന് വേണ്ട പരിശീലനത്തിന് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത് അത്യാവശ്യ ഘടകമാണ്.

പോലിസ് സൈനിക സേവനം ആഗ്രഹിക്കുന്നവർ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനത്തിൽ നിരന്തരം ഏർപ്പെടണം. എന്തായാലും പത്ത് പന്ത്രണ്ട് ക്ലാസുകൾ കഴിഞ്ഞവർ തങ്ങളുടെ ഉന്നത പഠനവും കരിയർ വികസനവും സംബന്ധിച്ച് ഒരു ചർച്ചയും ആശയ വിനിമയവും നടത്തുകയും തങ്ങളുടെ അഭിരുചിയും താൽപര്യവും അനുസരിച്ച് തീരുമാനങ്ങൾ കൈകൊള്ളുകയും ചെയ്യണം. ശരിയായ ദിശാബോധവും നിരന്തര പരിശ്രമവും തന്നെയാണ് ജീവിത വിജയത്തിന്റെയും കരിയർ വികസനത്തിന്റെയും അടിസ്ഥാനം. ■



## തുടർ പഠന മേഖലകൾ ഏതെല്ലാം?

സുരക്ഷിതവും ശാന്തസുന്ദരവുമായ ഭാവിജീവിതത്തിന്, ആസ്വാദ്യതയോടെ ചെയ്യാൻ കഴിയുന്ന ഒരു തൊഴിൽ അല്ലെങ്കിൽ സംരംഭം നമുക്കനിവാര്യമാണ്. അതിന് അടിത്തറ പാകുന്ന വിധത്തിൽ ഓരോരുത്തരുടെയും കഴിവിനും അഭിരുചിയ്ക്കും അനുസരിച്ചുള്ള പഠനമേഖലയാണ് യുക്തിപൂർവം തിരഞ്ഞെടുക്കേണ്ടത്. പത്താം ക്ലാസ് കഴിഞ്ഞ ഒരു കുട്ടിക്ക് മുന്നിൽ പ്രധാനമായും പ്ലസ് ടു, പോളിടെക്നിക്, ഐടിഐ, ഹ്രസ്വകാല കോഴ്സുകൾ എന്നിങ്ങനെ വിവിധ വഴികളുണ്ട്. ഓരോന്നായി നമുക്ക് പരിചയപ്പെടാം.

കേരളത്തിൽ ഏറ്റവുമധികം സീറ്റുകൾ ഉള്ള ഒരു മേഖലയാണ് പ്ലസ് ടു. പൊതുവിദ്യാ ഭ്യാസ വകുപ്പിന് കീഴിലുള്ള ഹയർസെക്കൻഡറി വിദ്യാഭ്യാസ വിഭാഗം ആയിട്ടാണ് 11, 12 ക്ലാസുകളിലെ പഠനത്തെ വിഭാവനം ചെയ്തിരിക്കുന്നത്. സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിലായി ഹയർസെക്കൻഡറി വിഭാഗത്തിൽ മൂന്നു ലക്ഷത്തി അറുപതിനായിരത്തിൽപരം സീറ്റുകളാണുള്ളത്. ഇതു കൂടാതെ സിബിഎസ്ഇ, ഐ.എസ്.സി എന്നീ ബോർഡുകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകളുമുണ്ട്. കേരള ഹയർ സെക്കൻഡറിയിലും സിബിഎസ്ഇ യിലും പ്രധാനപ്പെട്ട വിഷയങ്ങളിലെല്ലാം എൻസിഇആർടി നിർദ്ദേശിക്കുന്ന സിലബസ് ആണ് പിന്തുടരുന്നത്. സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പാണ് കേരള ഹയർസെക്ക ൻഡറിയിലെ പഠന പ്രവർത്തനങ്ങൾ, മൂല്യനിർണയം എന്നിവ രൂപകല്പന ചെയ്ത് പ്രാവർത്തികമാക്കുന്നത്. അതുകൊണ്ട് തന്നെ മൂല്യനിർണയത്തിലും ഉപരിപഠന പ്രവേശനത്തിലും അക്കാദമിക മികവിനൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലെ മികവും പരിഗണിക്കപ്പെടുന്നു.

പ്ലസ്ടു പഠനം പ്രധാനമായും സയൻസ്, ഹ്യൂമാനിറ്റീസ്, കൊമേഴ്സ് എന്നീ മൂന്ന് വിഭാഗങ്ങ ളായാണ് ക്രമീകരിച്ചിരിക്കുന്നത്. ഹയർസെക്കൻഡറിയിൽ ഓരോ വിഭാഗത്തിലും 6 വിഷയങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു രണ്ട് ഭാഷാ വിഷയങ്ങളും നാല് കോർ വിഷയങ്ങളും. ഒന്നാം ഭാഷയായി ഇംഗ്ലീഷും രണ്ടാം ഭാഷയായി കുട്ടിക്ക് തെരഞ്ഞെടുക്കുവാൻ തക്കവിധം വിവിധ ഭാഷകളും ലഭ്യമാണ്.

സയൻസ് വിഭാഗത്തിൽ ഫിസിക്സ്, കെമിസ്ട്രി എന്നിവ നിർബന്ധിത വിഷയങ്ങളാക്കി ക്കൊണ്ട് 9 വിവിധ കോമ്പിനേഷനുകൾ ഉണ്ടെങ്കിലും, ഫിസിക്സ്, കെമിസ്ട്രി, മാത്സ്, ബയോളജി, ഫിസിക്സ് കെമിസ്ട്രി മാത്സ് കമ്പ്യൂട്ടർ സയൻസ് എന്നീ കോമ്പിനേഷനു കളിലാണ് ഏറ്റവുമധികം സീറ്റുകൾ ഉള്ളത്. ശാസ്ത്രവിഷയങ്ങളിൽ ഉപരിപഠനം ആഗ്രഹിക്കുന്നവരും മെഡിക്കൽ, എഞ്ചിനീയറിംഗ് മേഖലകളിൽ കരിയർ ആഗ്രഹി

**കേരളത്തിൽ പ്ലസ് ടു പഠനത്തിന് സൗകര്യം ഒരുക്കുന്ന മറ്റൊരു സംവിധാനമാണ് വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം. ഇവിടെ കോർ വിഷയ സമുച്ചയത്തിൽ ഒരെണ്ണം തൊഴിൽ സംബന്ധമായ വിഷയം ആയിരിക്കും. ഏതാണ്ട് 35 തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഇങ്ങനെ ഉൾപ്പെടുത്തിയിരിക്കുന്നത്.**

**തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ കീഴിലുള്ള ഹയർസെക്കൻഡറി സ്കൂളുകളിൽ ലത്തീൻ കത്തോലിക്കാ വിഭാഗത്തിലെ കുട്ടികൾക്ക് മാത്രമായി 20 ശതമാനം സീറ്റുകൾ മാറ്റിവച്ചിട്ടുണ്ട്. ഈ വിഭാഗത്തിൽ പ്രവേശനം ലഭിക്കണമെങ്കിൽ ഓരോ സ്കൂളിലും പ്രത്യേകം അപേക്ഷകൾ നൽകണം.**

ക്കുന്നവരും സയൻസ് ഗ്രൂപ്പ് എടുക്കുന്നതാണ് ഉചിതം. എഞ്ചിനീയറിങ്, ഐടി, മാനേജ്മെൻറ്, ഗ്രാഫിക്സ്/ അനിമേഷൻ മേഖലകൾ ഉന്നം വയ്ക്കുന്നവർ കമ്പ്യൂട്ടർ സയൻസ് ഐച്ഛിക വിഷയമായിട്ടുള്ള സയൻസ് ഗ്രൂപ്പ് തെരഞ്ഞെടുക്കുന്നത് ഏറെ ഗുണം ചെയ്യും. അതേസമയം മെഡിക്കൽ, പാരാമെഡിക്കൽ, നഴ്സിംഗ്, അഗ്രികൾച്ചർ, ഫിഷറീസ്, ബയോകെമിസ്ട്രി എന്നീ മേഖലകളിൽ കരിയർ ആഗ്രഹിക്കുന്നവർ ബയോളജി ഉൾപ്പെടുന്ന സയൻസ് ഗ്രൂപ്പ് തന്നെയാണ് തെരഞ്ഞെടുക്കേണ്ടത്.

കോമേഴ്സ്, മാനേജ്മെൻറ്, ഇക്കണോമിക്സ് മേഖലകളിൽ തുടർപഠനം ആഗ്രഹിക്കുന്ന വർക്ക് കൊമേഴ്സ് ഗ്രൂപ്പ് ഏറെ പ്രയോജനപ്രദമാകും. ബാങ്കിംഗ്, മാനേജ്മെൻറ്, ചാർട്ടേഡ് അക്കൗണ്ടിങ്ങ്, നിയമം എന്നീ മേഖലകളിൽ തൊഴിൽ ആഗ്രഹിക്കുന്നവർക്കും ഇത് ഗുണം ചെയ്യും. കൊമേഴ്സ് ഗ്രൂപ്പിൽ അക്കൗണ്ടൻസി, ബിസിനസ് സ്റ്റഡീസ്, ഇക്കണോമിക്സ് എന്നിവ നിർബന്ധിത വിഷയങ്ങളും കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, മാത്സ്, സ്റ്റാറ്റിസ്റ്റിക്സ്, പൊളിറ്റിക്കൽ സയൻസ് എന്നിവയിലേതെങ്കിലും ഒരെണ്ണം. ഐച്ഛിക വിഷയവുമായിട്ടാണ് കോംബിനേഷനുകൾ ക്രമീകരിച്ചിരിക്കുന്നത് ഇവയിൽ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ അല്ലെങ്കിൽ മാത്സ് ഉൾപ്പെടുന്ന കോമ്പിനേഷനുകളിലാണ് കൂടുതൽ സീറ്റുകൾ ഉള്ളത്. ഹ്യൂമാനിറ്റീസ് ഗ്രൂപ്പിലാണ് ഏറ്റവുമധികം കോമ്പിനേഷനുകൾ ഉള്ളത്. സാമ്പ്രദായിക വിഷയങ്ങളായ ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, ജ്യോഗ്രഫി എന്നിവയ്ക്കുപുറമേ നൂതന വിഷയങ്ങളായ കമ്മ്യൂണി ക്കേറ്റീവ് ഇംഗ്ലീഷ്, ജിയോളജി, ആന്ത്രോപ്പോളജി, ജേർണലിസം, ഗാന്ധിയൻ സ്റ്റഡീസ്, സൈക്കോളജി, സോഷ്യൽ വർക്ക്, സോഷ്യോളജി, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, മ്യൂസിക് തുടങ്ങിയവയും, ചില ഭാഷാ വിഷയങ്ങളും ഹ്യൂമാനിറ്റീസിന്റെ കോർ വിഷയസമുച്ചയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാമ്പ്രദായിക വിഷയങ്ങളിൽ ഉപരിപഠനം ആഗ്രഹിക്കുന്നവർക്കും സിവിൽ സർവീസ്, മാസ് മീഡിയ കമ്മ്യൂണിക്കേഷൻ, നിയമം, ഹോട്ടൽ മാനേജ്മെൻറ് & ടൂറിസം, സാമൂഹ്യസേവനം എന്നീ മേഖലകളിൽ കരിയർ ലക്ഷ്യം വയ്ക്കുന്നവർക്കും ഹ്യൂമാനിറ്റീസ് ഗ്രൂപ്പ് തികച്ചും അനുയോജ്യമാണ്.

കേരളത്തിൽ പ്ലസ് ടു പഠനത്തിന് സൗകര്യം ഒരുക്കുന്ന മറ്റൊരു സംവിധാനമാണ് വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം. ഇവിടെ കോർ വിഷയ സമുച്ചയത്തിൽ ഒരെണ്ണം തൊഴിൽ സംബന്ധമായ വിഷയം ആയിരിക്കും. ഏതാണ്ട് 35 തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഇങ്ങനെ ഉൾപ്പെടുത്തിയിരിക്കുന്നത്. വിഎച്ച്എസ്ഇയിൽ സയൻസ് ഗ്രൂപ്പ് പഠിക്കുന്നവർക്ക് എഞ്ചിനീയറിങ്, മെഡിക്കൽ എൻട്രൻസ് പരീക്ഷകൾ എഴുതാനും സാധിക്കും.

പത്താം ക്ലാസ്സിൽ ഉപരിപഠന യോഗ്യത നേടിയവർക്ക് സാങ്കേതിക മേഖലയിലേക്കുള്ള വാതായനങ്ങളാണ് പോളിടെക്നിക് കോളേജുകൾ. എഞ്ചിനീയറിംഗ് ഡിപ്ലോമ കരസ്ഥമാക്കാവുന്ന കോഴ്സുകളാണ് ഇത്തരം കോളേജുകളിലുള്ളത്. എഞ്ചിനീയറിംഗ് മേഖലയിൽ ടെക്നിഷ്യനായി തുടങ്ങി ഉയർന്ന തലങ്ങളിലെ തൊഴിലുകൾ നേടാൻ പോളിടെക്നിക് പഠനം ഉപകരിക്കും. സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ് തുടങ്ങി പരമ്പരാഗത ബ്രാഞ്ചുകളും റോബോട്ടിക്സ്, ബയോമെഡിക്കൽ പോലുള്ള നൂതന ബ്രാഞ്ചുകളും ഇവിടെ ലഭ്യമാണ്. ഡിപ്ലോമയ്ക്ക് ശേഷം ജോലിയിൽ പ്രവേശിച്ചു കഴിഞ്ഞാലും ലാറ്ററൽ എൻട്രിയിലൂടെ സായാഹ്ന ക്ലാസുകൾ വഴി എൻജിനീയറിങ് കോളേജുകളിൽ നിന്നും ഡിഗ്രി നേടാനുള്ള അവസരവുമുണ്ട്.

ചുരുങ്ങിയ കാലയളവിനുള്ളിൽ സാങ്കേതിക മേഖലകളിൽ കോഴ്സുകൾ നൽകുന്ന മറ്റ് സ്ഥാപനങ്ങളാണ് ഐടിഐ, കെജിസിഇ, ഐടിസി തുടങ്ങിയവ. പത്താംക്ലാസിൽ ഉപരിപഠന യോഗ്യത നേടാത്തവർക്കും ഇവിടെ ചില കോഴ്സുകളിൽ ചേരാൻ സാധിക്കും എന്നുള്ളത് ശ്രദ്ധേയമാണ്. ഡ്രാഫ്റ്റ്സ്മാൻ, സർവേയർ, ഇലക്ട്രീഷ്യൻ, കാർപെൻഡർ, പ്ലംബർ, ഫയർ ആൻഡ് സേഫ്റ്റി ഓപ്പറേറ്റർ, ലിഫ്റ്റ് ടെക്നോളജിസ്റ്റ് തുടങ്ങിയവരെ വാർത്തെടുക്കുന്ന നിരവധി കോഴ്സുകൾ ഇത്തരം സ്ഥാപനങ്ങളിൽ ലഭ്യമാണ്.

## തെരഞ്ഞെടുപ്പ് മാനദണ്ഡം എന്താകണം?

തുടർപഠനത്തിനായി ഒരു കോഴ്സ് തിരഞ്ഞെടുക്കുമ്പോൾ കുട്ടിയുടെ താൽപര്യത്തിനു തന്നെയായിരിക്കണം പ്രഥമവും സുപ്രധാനവുമായ പരിഗണന. കുട്ടിയുടെ അഭിരുചി, ശേഷികൾ, നൈപുണികൾ എന്നിവയ്ക്കൊപ്പം പരിമിതികളെയും കണക്കി ലെടുക്കേണ്ടതുണ്ട്. ഒരിക്കലും മാതാപിതാക്കളുടെ താല്പര്യം അടിച്ചേൽപ്പിക്കുന്ന വിധത്തിലാകരുത് തുടർ പഠനമേഖല തിരഞ്ഞെടുക്കേണ്ടത്. തെരഞ്ഞെടുപ്പ് പ്രക്രിയയിൽ മാതാപിതാക്കളുടെയും സുഹൃത്തുക്കളുടെയും അധ്യാപകരുടെയും അഭിപ്രായം തേടുന്നത് പ്ര

**പത്താം ക്ലാസ്സിൽ ഉപരിപഠന യോഗ്യത നേടിയവർക്ക് സാങ്കേതിക മേഖലയിലേക്കുള്ള വാതായനങ്ങളാണ് പോളിടെക്നിക് കോളേജുകൾ. എഞ്ചിനീയറിംഗ് മേഖലയിൽ ടെക്നിഷ്യനായി തുടങ്ങി ഉയർന്ന തലങ്ങളിലെ തൊഴിലുകൾ നേടാൻ പോളിടെക്നിക് പഠനം ഉപകരിക്കും.**

യോജനപ്രദമാകും. എല്ലാ തൊഴിലുകളുടെയും മഹത്വം തിരിച്ചറിഞ്ഞുകൊണ്ടാവണം ഇത്തരം ചർച്ചകൾ പുരോഗമിക്കേണ്ടത്. ഓരോന്നിനും ആവശ്യമായ ശേഷികളും നൈപുണികളും അധ്വാനവും കണക്കിലെടുക്കണം. നാം കണ്ടെത്തുന്ന കോഴ്സ് ലഭ്യമാകുന്ന സ്ഥാപനങ്ങൾ, അവയുടെ നിലവാരം, ഫീസ് ഘടന, ഉപരി പഠന സാധ്യത, തൊഴിൽ സാധ്യത എന്നിവയെക്കുറിച്ചൊക്കെ വ്യക്തമായ ധാരണ രൂപപ്പെടുത്തണം.

മേല്പ്പറഞ്ഞ ഘടകങ്ങൾ പരഗണിക്കുന്നതോടൊപ്പം തുടർ പഠനത്തിനായി കുട്ടി തെരഞ്ഞെടുക്കുന്ന സ്ഥാപനം കുട്ടിയുടെ താമസ സ്ഥലത്തിന് അടുത്തായിരിക്കുന്നതും അഭികാമ്യമാണ്.

## ഹയർ സെക്കൻഡറി പ്രവേശനം എങ്ങനെ?

കേരളത്തിലെ ഹയർസെക്കൻഡറി സ്കൂളുകളിൽ ഏകജാലക സംവിധാനത്തിലൂടെയാണ് പ്ലസ് വൺ ക്ലാസുകളിലേക്ക് പ്രവേശനം നടക്കുന്നത്. www.hscap.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. അപേക്ഷാർത്ഥിയുടെ വ്യക്തിവിവരങ്ങളും പത്താം ക്ലാസ് പരീക്ഷയ്ക്ക് ലഭിച്ച ഗ്രേഡുകൾ അല്ലെങ്കിൽ സ്കോറുകളും ബോണസ് പോയിന്റുകൾക്ക് അർഹത യുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട വിവരങ്ങളും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. ജനറൽ മെറിറ്റിനു പുറമേ നിശ്ചിത ശതമാനം സീറ്റുകൾ വിവിധ റിസർവേഷൻ മാനദണ്ഡങ്ങൾക്ക് അനുസൃതമായി മാറ്റി വച്ചിട്ടുണ്ട്. ഇത്തരം മാനദണ്ഡങ്ങളിലൂടെ പ്രവേശനം ലഭിച്ചാൽ ഇതുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ അസ്സൽ പതിപ്പുകൾ പ്രവേശനം ലഭിക്കുന്ന സ്കൂളിൽ ഹാജരാക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ഇത്തരം വിവരങ്ങൾ വളരെ ശ്രദ്ധാപൂർവം അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. കുട്ടിയുടെ താൽപര്യത്തിനനുസരിച്ച് പ്രവേശനം ആഗ്രഹിക്കുന്ന ഗ്രൂപ്പ് കോമ്പിനേഷനും സ്കൂളും മുൻഗണനാ ക്രമത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

അപേക്ഷകൾ സ്വീകരിച്ചതിനുശേഷം ഒരു ട്രയൽ അലോട്ട്മെൻറ് നടത്തും. ഇങ്ങനെ പ്രസിദ്ധീകരിക്കുന്ന ലിസ്റ്റിൽ പേരില്ലാതിരിക്കുകയോ നമ്മുടെ ആഗ്രഹം അനുസരിച്ച് കോമ്പിനേഷനോ സ്കൂളോ ലഭിക്കാതെ വരികയോ ചെയ്താൽ ആവശ്യമുള്ള മാറ്റങ്ങൾ ഈ ഘട്ടത്തിൽ വരുത്താവുന്നതാണ്. അതിനുശേഷം യഥാർത്ഥ അലോട്ട്മെൻറ് ലിസ്റ്റ് പ്രസിദ്ധീകരിക്കും. കുട്ടിക്ക് തൃപ്തികരമായ ഓപ്ഷൻ ലഭിച്ചു കഴിഞ്ഞാൽ, നിശ്ചിത സമയത്തിനുള്ളിൽ പ്രവേശനം ലഭിച്ച സ്കൂളിലെത്തി പ്രവേശന നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ ആഗ്രഹിച്ച ഓപ്ഷൻ അല്ല ലഭിച്ചതെങ്കിൽ, നിലവിൽ പ്രവേശനം ലഭിച്ച സ്കൂളിലെത്തി താൽക്കാലിക പ്രവേശനം നേടുകയും തുടർന്നുള്ള അലോട്ട്മെന്റിനായി കാത്തിരിക്കുകയും ചെയ്യണം.

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ കീഴിലുള്ള ഹയർസെക്കൻഡറി സ്കൂളുകളിൽ ലത്തീൻ കത്തോലിക്കാ വിഭാഗത്തിലെ കുട്ടികൾക്ക് മാത്രമായി 20 ശതമാനം സീറ്റുകൾ മാറ്റിവച്ചിട്ടുണ്ട്. ഈ വിഭാഗത്തിൽ പ്രവേശനം ലഭിക്കണമെങ്കിൽ ഓരോ സ്കൂളിലും പ്രത്യേകം അപേക്ഷകൾ നൽകണം.

അൺഎയ്ഡഡ് സ്കൂളുകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർ നേരിട്ട് അതാത് സ്കൂളിലെത്തി അപേക്ഷകൾ സമർപ്പിക്കേണ്ടതുണ്ട്.

## പഠനം എങ്ങനെയാവണം?

ഏതു മേഖല തിരഞ്ഞെടുത്താലും ചിട്ടയോടും ലക്ഷ്യബോധത്തോടും കൂടി പഠനം മുന്നോട്ടു കൊണ്ടു പോകുയും ഓരോ വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങൾ ഗ്രഹിച്ചും ക്ലാസ് മുറികളിൽ നൽകപ്പെടുന്ന പഠനപ്രവർത്തനങ്ങൾ ഏറ്റെടുത്തും പുതിയ അറിവുകൾ നിർമ്മിച്ചു കൊണ്ടും അനുയോജ്യമായ രീതിയിൽ വിവിധ മേഖലകളിൽ അവ പ്രയോഗിച്ചും കുട്ടികൾ നാളെയുടെ വാഗ്ദാനങ്ങൾ ആയി മാറട്ടെ. ■

**കേരളത്തിൽ ഏറ്റവുമധികം സീറ്റുകൾ ഉള്ള ഒരു മേഖലയാണ് പ്ലസ് ടു. പൊതുവിദ്യാ ഭ്യാസ വകുപ്പിന് കീഴിലുള്ള ഹയർസെക്കൻഡറി വിദ്യാഭ്യാസ വിഭാഗം ആയിട്ടാണ് 11, 12 ക്ലാസുകളിലെ പഠനത്തെ വിഭാവനം ചെയ്തിരിക്കുന്നത്. സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിലായി ഹയർസെക്കൻഡറി വിഭാഗത്തിൽ മൂന്നു ലക്ഷത്തി അറുപതിനായിരത്തിൽപരം സീറ്റുകളാണുള്ളത്. ഇതുകൂടാതെ സിബിഎസ്ഇ, ഐ.എസ്.സി എന്നീ ബോർഡുകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകളുമുണ്ട്.**

## ലേഖനം



**സിവിൽ സർവ്വീസ് പരീക്ഷകൾ പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഇന്ത്യക്കു വെളിയിലും (ഇന്ത്യൻ ഫോറിൻ സർവ്വീസ്) ഉന്നതമായ സേവനാവസരങ്ങളുണ്ട്. ഉയർന്ന ശമ്പളവും സേവന വേതന വ്യവസ്ഥകളും ലഭിക്കുമെന്നതിലുപരി ഇന്ത്യയുടെ ഭരണസിരാകേന്ദ്ര ങ്ങളിലെത്തി, ജനങ്ങളുടെ ഉന്നമനത്തിനായി നേരിട്ട് ഇടപെട്ട് പ്രവർത്തിക്കാനുള്ള സുവർണ്ണവസരവും കൂടിയാണ് സിവിൽ സർവ്വീസുകൾ പ്രദാനം ചെയ്യുന്നത്.**

# മികവുറ്റ സ്വപ്നങ്ങൾ കാണുക...

## സിവിൽ സർവ്വീസുകൾ ലക്ഷ്യം വയ്ക്കുക...



**ദേവപ്രസാദ് ജോൺ**
ഡയറക്ടർ, ജ്യോതിസ് സിവിൽ സർവീസ് അക്കാദമി, തൈക്കാട്/പേയാട്

ഉന്നതമായ ജീവിതാന്തസ്സുകൾ ലക്ഷ്യംവച്ചു പഠിക്കുവാൻ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മാർഗ്ഗനിർദ്ദേശം നൽകാൻ ഏറ്റവും ഉചിതമായ കാലഘട്ടമാണ് അധ്യയനവർഷാരംഭം.

ആതുരസേവന രംഗങ്ങളിലേക്കും (MBBS തുടങ്ങിയവ) സാങ്കേതിക രംഗങ്ങളിലേക്കും (എഞ്ചിനിയറിംഗ് മേഖല), അക്കാദമിക് പ്രൊഫഷണൽ രംഗങ്ങളിലേക്കും, ശാസ്ത്ര സാങ്കേതിക മേഖലകളിലേക്കും (science and Technology), ഡിഫെൻസ് മേഖലകളിലേക്കും (Army/Airforce / Navy etc.), കലാ സാംസ്കാരിക സ്പോർട്സ് മേഖലകളിലേക്കും ശ്രദ്ധ പതിപ്പിക്കുന്നതുപോലെ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീ

വ് സിവിൽ സർവ്വീസുകളെക്കുറിച്ചും കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസുകളെ കുറിച്ചും അവ നൽകുന്ന അനന്ത തൊഴിൽ സാധ്യതകളെക്കുറിച്ചും, സേവന അവസരങ്ങളെക്കുറിച്ചും വിദ്യാർത്ഥികളും രക്ഷിതാക്കളും മനസ്സിലാക്കി അവയിലേക്കു കൂടി ശ്രദ്ധ പതിപ്പിക്കുവാൻ കഴിഞ്ഞാൽ നമ്മുടെ സമൂഹത്തിന്റെ മുഖഛായ മാറ്റാൻ കഴിയും. കേരളസമൂഹം ഈ വഴിക്കു ശ്രദ്ധ പതിപ്പിച്ചു തുടങ്ങിയിട്ട് മൂന്ന് പതിറ്റാണ്ടുകൾ കഴിഞ്ഞു.

## സിവിൽ സർവ്വീസുകൾ

IAS , IPS , IFS , IRS , IAAS , IDAS, തുടങ്ങി ഇരുപത്തിമൂന്ന് തരം സിവിൽ സർവ്വീസുകളിലേക്ക് എല്ലാവർഷവും യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ (UPSC) റിക്രൂട്ട്മെന്റ് നടത്തുന്നു. കൂടാതെ, സ്റ്റാഫ് സിലക്ഷൻ കമ്മീഷൻ (SSC) ദേശീയ തലത്തിൽ എല്ലാ വർഷവും നടത്തുന്ന ബിരുദതല മത്സര പരീക്ഷകളിലൂടെ നാല്പതിലേറെ വ്യത്യസ്ത ഡിപ്പാർട്ട്മെന്റ് കളിലെ ഓഫീസർ റാങ്കിലേക്കുള്ള സർവീസുകളിലേക്കും റിക്രൂട്ട്മെന്റ് നടത്തുന്നു. Combined Graduate Level Exams (CGL) എന്നാണ് പ്രസ്തുത പരീക്ഷയുടെ പേര്.

കേരളത്തിലും കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (KAS) കഴിഞ്ഞ വർഷം മുതൽ നിലവിൽ വന്നു കഴിഞ്ഞു. ഒന്നാമത്തെ ബാച്ച് പരിശീലന നടപടികളിൽ പ്രവേശിച്ചു കഴിഞ്ഞു. പരിശീലനം പൂർത്തിയാക്കി താമസിയാതെ വിവിധ നിർദിഷ്ട വകുപ്പുകളിൽ ആദ്യ ബാച്ച് നിയമിക്കപ്പെടും.

കൂടാതെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (KPSC) നടത്തുന്ന അനേകം ബിരുദതല റിക്രൂട്ട്മെന്റ് കൾ വേറെയുമുണ്ട്. പഞ്ചായത്ത് സെക്രട്ടറി, മുനിസിപ്പാലിറ്റി സെക്രട്ടറി, കമ്പനി സെക്രട്ടറി, ഫിനാൻസ്/അക്കൗണ്ട്സ് ഓഫീസർ , തുടങ്ങിയ അനേകം ഗസറ്റഡ് തസ്തികകളിലേക്കുള്ള റിക്രൂട്ട്മെന്റുകളും ബിരുദതല മത്സര പരീക്ഷകളിലൂടെയാണ് നടത്തുന്നത് കൂടാതെ, കേരള സെക്രട്ടേറിയറ്റ്, സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, പബ്ലിക് സർവീസ് കമ്മീഷൻ, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, യൂണിവേഴ്സിറ്റികൾ, ഹൈക്കോടതി, തുടങ്ങിയവയിലെ അസിസ്റ്റന്റ് തസ്തിക യിലേക്കുള്ള റിക്രൂട്ട്മെന്റും ബിരുദതല മത്സര പരീക്ഷകളിലൂടെയാണ് നടത്തുന്നത്.

പ്രസ്തുത സിവിൽ സർവ്വീസ് പരീക്ഷകൾക്ക് പ്രിലിമിനറി, മെയിൻസ്, ഇന്റർവ്യൂ എന്ന് മൂന്നുഘട്ടങ്ങളുണ്ട്. ഈ മൂന്ന് ഘട്ടങ്ങളും വിജയിക്കുന്ന വിദ്യാർത്ഥികളെ കാത്തിരിക്കുന്നത് ഉന്നതമായ സ്ഥാനമാനങ്ങളും സേവനാവസരങ്ങളുമാണ്.

സിവിൽ സർവ്വീസ് പരീക്ഷകൾ പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഇന്ത്യക്കു വെളിയിലും (ഇന്ത്യൻ ഫോറിൻ സർവ്വീസ്) ഉന്നതമായ സേവനാവസരങ്ങളുണ്ട്. ഉയർന്ന ശമ്പളവും സേവന വേതന വ്യവസ്ഥകളും ലഭിക്കുമെന്നതിലുപരി ഇന്ത്യയുടെ ഭരണസിരാകേന്ദ്ര ങ്ങളിലെത്തി, ജനങ്ങളുടെ ഉന്നമനത്തിനായി നേരിട്ട് ഇടപെട്ട് പ്രവർത്തിക്കാനുള്ള സുവർണ്ണവസരവും കൂടിയാണ് സിവിൽ സർവ്വീസുകൾ പ്രദാനം ചെയ്യുന്നത്. കേരളാ സിവിൽ സർവീസുകളിലേക്കു തിരഞ്ഞെടുക്കപ്പെടുന്നവർക്ക് കേരളത്തിനകത്തുള്ള മികവുറ്റ സേവനാവസരങ്ങളാണ് ലഭിക്കുക.

സിവിൽ സർവ്വീസുകളിലേക്കു തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾ പ്രതിനിധാനം ചെയ്യുന്ന കുടുംബങ്ങൾക്കും സമൂഹത്തിനും ഉയർച്ച കൈവരുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

## സിവിൽ സർവ്വീസ് പരീക്ഷയുടെ പ്രാധാന്യം

സിവിൽ സർവ്വീസ് റിക്രൂട്ട്മെന്റിനും ഇതര ബിരുദതല മത്സര പരീക്ഷകൾക്കും കർശനമായ വ്യവസ്ഥകളും സമഗ്രമായ പരീക്ഷ സമ്പ്രദായങ്ങളും ഉണ്ട്. Listening, Speaking, Reading and Writing എന്നീ ശേഷികൾ (skills) യഥാവിധി ക്രമീകൃതമായി വികസിപ്പിച്ചെടുത്ത ഒരാൾക്കു മാത്രമേ സിവിൽ സർവ്വീസുകളിലേക്കു പ്രവേശിക്കുവാൻ കഴിയൂ.

ഏതെങ്കിലുമൊരു വിഷയത്തിൽ ഡിഗ്രി (BA, BSc, Bcom, BBA, LLb, BTech, MBBS തുടങ്ങിയവ) പാസ്സായ വിദ്യാർത്ഥികളാണ് വർഷം തോറും സിവിൽ സർവ്വീസ് പരിക്ഷയും ബിരുദതല മത്സര പരീക്ഷകളും എഴുതുന്നത്. 21 വയസ്സുപൂർത്തി യായിരിക്കണം എന്ന നിബന്ധനയുമുണ്ട്. ഹൈസ്കൂൾ പ്രായം മുതൽ ചിട്ടയോടെ ദീർഘകാലം തയ്യാറെടുക്കുന്ന വിദ്യാർത്ഥികളാണ് യഥാർത്ഥത്തിൽ വിജയികളാവുന്നത്. വിജയികളുടെ അനുഭവസാക്ഷ്യമാ ണിത്. അതിനാൽ സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സിനു വളരെ ഏറെ പ്രാധാന്യമുണ്ട്.

## ബിരുദതല മത്സര പരീക്ഷകളുടെ പൊതു സ്വഭാവം

മുകളിൽ വിശദീകരിച്ച എല്ലാ ബിരുദതല മത്സരപരീക്ഷകൾക്കും പൊതുവായ മൂന്നു പ്രധാന ഘടകങ്ങൾ ഉ



ണ്ട് :

1. പൊതുവിജ്ഞാനം(General Awareness/ Current Affairs )
2. ഗണിത അഭിരുചി (Mathematical / Logical / Reasoning Aptitude)
3. ഭാഷാപ്രാവീണ്യം

പൊതുവിജ്ഞാനത്തിൽ History, Economics, Geography, Politics എന്നിവയും അവയുടെ അനുബന്ധ വിഷയങ്ങളും ഉൾപ്പെടുന്നു. General Studies എന്നാണ് അവ അറിയപ്പെടുക.

ഇവയൊക്കെ പഠിച്ചെടുക്കാൻ വളരെ പ്രയാസമാണ് എന്ന ധാരണ വേണ്ട. ശാസ്ത്രീയമായ കാഴ്ചപ്പാടും നിശ്ചയദാർഢ്യവും സ്ഥിരപരിശ്രമവും ഉണ്ടായാൽ മാത്രം മതി. ഞാൻ എന്റെ കുടുംബത്തിനും സമൂഹത്തിനും രാജ്യത്തിനും സേവനം ചെയ്യാൻ തയ്യാറെടുക്കും എന്ന് ചിന്തിച്ചാൽ മാത്രം മതി.ഓരോരുത്തരുടെയും ഇഷ്ടവിഷയങ്ങൾക്കുപരിയായി മറ്റെല്ലാ വിഷയങ്ങളും കൂടി പഠിച്ചാൽ മാത്രമേ മത്സരപരീക്ഷകളിൽ ഉയർന്ന റാങ്കു നേടി ഉന്നതമായ സ്ഥാനങ്ങളിൽ എത്തിച്ചേരാൻ കഴിയൂ.

## അഡ്മിനിസ്ട്രേറ്റീവ് സർവീസുകളി ലേക്കു മത്സരിക്കുമ്പോൾ

വ്യത്യസ്തങ്ങളായ ബിരുദങ്ങൾ നേടിയ വിദ്യാർത്ഥികളെല്ലാവരും തന്നെ പൊതുവായ ഒരു സിലബസിന്റെയടിസ്ഥാനത്തിലുള്ള മത്സര പരീക്ഷയാണ് എഴുതുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക. ബിരുദതലത്തിൽ ഓരോരുത്തരും പഠിച്ച വിഷയങ്ങളോടൊപ്പം ഇതര വിഷയങ്ങൾ കൂടി പഠിച്ചവർക്കു മാത്രമേ മത്സര പരീക്ഷകൾ വിജയിക്കാൻ കഴിയൂ എന്നു സാരം. അതിനാൽ, എല്ലാ വിഷയങ്ങളും പ്രധാനപ്പെട്ടവയാണെന്ന് ഹൈസ്കൂൾ തലം മുതൽ തന്നെ വിദ്യാർത്ഥികളും അദ്ധ്യാപകരും രക്ഷിതാക്കളും തിരിച്ചറിയണം. ഹ്യൂമാനിറ്റീസും സയൻസ് ആന്റ് ടെക്നോളജിയും മാത്തമാറ്റിക്കൽ ആപ്റ്റിറ്റ്യൂഡും ഇംഗ്ലീഷ്/മലയാളം ഭാഷാ പ്രാവീണ്യവും തുല്യ പ്രാധാന്യമുള്ളവയാണെന്ന തിരിച്ചറിവ് ഉണ്ടായേ തീരൂ. സമഗ്രമായ കാഴ്ചപ്പാടും സമാന്തര പഠനവും (alternative / addi-tional learning techniques ALT) വളർത്തിയെടുക്കാൻ പരിശ്രമിക്കുക.

## നമ്മുടെ കാഴ്ചപ്പാടുകളിൽ സാരമായ ഒരു മാറ്റം വരണം

ഇന്ത്യാ മഹാരാജ്യത്തെ പൗരന്മാർ എന്ന നിലയിൽ എല്ലാ അവകാശങ്ങളും കടമകളും അധികാരങ്ങളും ഇന്ത്യൻ ഭരണഘടന എല്ലാ പൗരന്മാർക്കും ഉറപ്പുനൽകുന്നുണ്ട്. എന്നാൽ, കാലാകാലങ്ങളിൽ തിരഞ്ഞെടുക്കപ്പെടുന്ന ഗവണ്മെന്റുകൾ ( കേന്ദ്രത്തിലായാലും സംസ്ഥാനത്തായാലും) ആവിഷ്കരിക്കുന്ന വിവിധ പദ്ധതികളുടെയും സ്കീമുകളുടെയും ഗുണഭോക്താക്കൾ മാത്രമായി ചുരുങ്ങി നിലനില്ക്കാനാണ് ഭൂരിപക്ഷം പേർക്കും ഇഷ്ടം. അഥവാ അങ്ങനെ നിലനിർത്താനാണ് 'ഭരണവർഗ്ഗം' ശ്രമിക്കുന്നതും. ഇന്ത്യയുടെ ചരിത്രവും സാമൂഹ്യ രാഷ്ട്രീയ ഘടനയും അത്തരത്തിലുള്ളതാണ്. അതിനാലാണ് സാമൂഹ്യവും രാഷ്ട്രീയവും സാമ്പത്തികവുമായ ഉച്ചനീചത്വങ്ങൾ ബോധപൂർവം നിലനിർത്തി പോരുന്നത്.

വിദ്യാഭ്യാസ മുന്നേറ്റമാണ് ഈ പ്രതിസന്ധിയും പിന്നാക്കാവസ്ഥയും മറികടക്കാനുള്ള പോംവഴി. അതിനാൽ, ഉപജീവനത്തിനുള്ള ഒരു മാർഗം തേടുന്നതിലുപരിയായി , ഒരു ജനാധിപത്യ രാജ്യത്തെ ഭരണ സംവിധാനത്തിൽ പങ്കാളിയാകാനുള്ള തയ്യാറെടുപ്പും പരിശീലനവുമാണ് വേണ്ടത്. മത്സരപരീക്ഷകൾ എഴുതുമ്പോഴും ജനാധിപത്യ മത്സരങ്ങൾ നേരിടുമ്പോഴും ലക്ഷ്യം വയ്ക്കേണ്ടത് പ്രസ്തുത ഭരണപങ്കാളിത്തമാണ്.

## ഭരണരംഗത്തെ പ്രധാനമായും നാലായി മനസിലാക്കാം

എ. ജനാധിപത്യ സ്ഥാപനങ്ങൾ: (local self governments, cooperative sector, legislature state /cetnral)

ജനാധിപത്യപരമായ തിരഞ്ഞെടുപ്പിലൂടെ (election) യാണ് ഈ രംഗത്തേക്കു പ്രവേശനം. അതിനാൽ തിരഞ്ഞെടുപ്പിൽ തിരഞ്ഞെടുക്കപ്പെടാനാവശ്യമായ ശേഷികൾ (skills) ആർജിക്കുന്നതിന് ചിട്ടയായ പരിശീലനം നേടണം. ചുമതലപ്പെട്ടവർ പരിശീലനം നൽകണം.

## ബി. കാര്യനിർവഹണ സ്ഥാപനങ്ങൾ
(Executive)

ഹയരാർക്കിക്കൽ ക്രമത്തിലുള്ള ഉദ്യോഗസ്ഥ ഭരണ സംവിധാനമാണിത്. ഈ സംവിധാനത്തിൽ നിർണായക തീരുമാനങ്ങൾ എടുക്കുവാൻ അധികാരമുള്ള അഡ്മിനിസ്ട്രേറ്റീവ് ഉദ്യോഗങ്ങൾക്കും പദവികൾക്കും (Civil Services) വർദ്ധിച്ച പ്രത്യേക പ്രാധാന്യമുണ്ട്. കാര്യനിർവഹണ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം അതികഠിനമായ മത്സര പരീക്ഷകളിലൂടെയാണ്(Competitive Exams).

ഇവിടെ കർശനമായ ചിട്ടകളോടെയുള്ള ഹൃസ്വകാല/ദീർഘകാല പരിശീലനങ്ങൾക്ക് വളരെയേറെ പ്രാധാന്യമുണ്ട്. ഓരോ സിവിൽ സർവീസിനെ കുറിച്ചും അവയുടെ അധികാരവ്യാപ്തിയെ കുറിച്ചും വ്യക്തമായ ധാരണ ഉണ്ടാകണം. മത്സര പരീക്ഷകളുടെ സിലബസും റിക്രൂട്ടിംഗ് രീതിയും സമയവും അറിയണം. കൃത്യമായ ലക്ഷ്യബോധത്തോടെയുള്ള ചിട്ടയായ പരിശീലനം നേടുന്നവരാണ് ഈ രംഗത്തുള്ള മത്സരങ്ങളിൽ വിജയിക്കുന്നത്.

പരിശീലന വേദി, വിദഗ്ദ്ധ പരിശീലകർ, പഠനോപാധികൾ എന്നിവ ചിട്ടയായി ക്രമപ്പെടുത്തണം. അഭിരുചിയും താല്പര്യവും കഠിനാദ്ധ്വാനം ചെയ്യാനുള്ള മനസും ഉള്ള വിദ്യാർത്ഥികളെ കണ്ടെത്തണം. പ്രോത്സാഹിപ്പിച്ച് നിലനിർത്തി വിജയത്തിലെത്തിക്കണം.

## സി. ജുഡിഷ്യറി (നിയമ പീഠങ്ങൾ)

രാജ്യത്തെ നിയമപീഠങ്ങളാണ് ഭരണഘടനയുടെ സംരക്ഷകർ. ഈ മേഖലയിലും പണാധിപത്യവും രാഷ്ട്രീയ സ്വാധീനവും ചില കൈ കടത്തലുകൾ നടത്താറുണ്ടെങ്കിലും ഇന്ത്യയിലെ ജുഡിഷ്യറി ജനാധിപത്യത്തിന്റെ കാവലാൾ തന്നെയാണ്.

ഭരണ സംവിധാനത്തിലെ ഈ മൂന്നാമത്തെ മേഖലയിലേക്കുള്ള പ്രവേശനവും മത്സര പരീക്ഷകളിലൂടെ യും




മികവുകളിലൂടെയുമാണ്. ആഴത്തിലുള്ള നിയമ പരിജ്ഞാനവും കടുത്ത മത്സരം നേരിടാനുള്ള ശേഷിയും ഈ രംഗത്തും അനിവാര്യമാണ്. ചിട്ടയായ പരിശീലനം നേടിയാൽ മാത്രമേ ഈ മേഖലയിലും പ്രവേശിക്കാൻ കഴിയൂ.

### 4. മീഡിയ (fourth estate)

ജനാധിപത്യ പ്രക്രിയയിൽ സ്വതസിദ്ധമായി രൂപപ്പെട്ടു ശക്തി പ്രാപിച്ചതാണ് മീഡിയ. ഒരു ജനവിഭാഗത്തിന് ഭരണപങ്കാളിത്തമെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ മീഡിയ അനിവാര്യ ഘടകമാണ്.

നമ്മുടെ സമൂഹം സാങ്കേതിക ഡിജിറ്റൽ യുഗത്തിലേക്കു പ്രവേശിച്ചു കഴിഞ്ഞു. അനന്തമായ സാധ്യതകളാണ് ഈ മേഖലയിലും ഉള്ളത്. സാങ്കേതികപരിശീലനവും മികവും തന്നെയാണ് ഈ രംഗത്തേക്കു കടക്കാനുള്ള മാർഗ്ഗങ്ങൾ.

മേല്പറഞ്ഞ നാലു മേഖലകൾക്കു പുറമേ കലാ സാംസ്കാരിക കായിക മേഖലകളും ഒരു ജനവിഭാഗത്തിന്റെ മുന്നേറ്റത്തിനുള്ള സാധ്യതകൾക്കുള്ള വാതിലുകളാണ്. ഈ മേഖലയിലും ചിട്ടയായ പരിശീലനവും മികവും തന്നെയാണ് ഒരേയൊരു പോംവഴി.

## ‘ഉണർവ്’ സമഗ്ര വിദ്യാഭ്യാസ പദ്ധതി

മേല്പറഞ്ഞ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുവാൻ ഒരു സമഗ്ര വിദ്യാഭ്യാസ പദ്ധതി അനിവാര്യമാണ്. ഈ സമഗ്ര വിദ്യാഭ്യാസ പദ്ധതിക്കാവശ്യമായ ദർശനവും പ്രായോഗിക സാങ്കേതിക പരിശീലന സംവിധാനവും രൂപപ്പെടുത്തിയെടുക്കുവാൻ ഏകദേശം നാലു ദശകങ്ങൾ കൊണ്ട് കഴിഞ്ഞിട്ടുണ്ട് എന്ന ആത്മവിശ്വാസമാണ് ഈ ചെറു ലേഖനം എഴുതുവാനുള്ള പ്രേരണ.

1. ദീർഘകാല ഫലങ്ങൾ പുറപ്പെടുവിക്കാൻ കഴിയണമെങ്കിൽ ഒരു പദ്ധതിയെ സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടും (vision) കൃത്യമായ നടത്തിപ്പും (implementation) ഉണ്ടാകണം.

2. ബോധവൽക്കരണം (conscientisation) , പ്രചോദനം (motivation) , പരിശീലനം (training) എന്നീ മൂന്നു ഘട്ടങ്ങൾ പ്രധാനമാണ്. എന്നാൽ, പലപ്പോഴും പദ്ധതികൾ പരാജയപ്പെടുന്നത് മൂന്നാമത്തെ ഘട്ടത്തിലെത്തുമ്പോഴാണ്. കാരണം കഠിന പരിശ്രമമില്ലാതെ ഒരു പദ്ധതിയും വിജയിക്കുകയില്ല.

3. ഉണർവ് സമഗ്ര വിദ്യാഭ്യാസ പദ്ധതി ലക്ഷ്യം വയ്ക്കുന്നത് കേവലം തൊഴിൽ നേടൽ അല്ല , മറിച്ച് വിവിധ ഭരണരംഗങ്ങളിലേക്കുള്ള പ്രവേശനമാണ്. അതിനാൽ ഏതൊക്കെയാണ് ഭരണരംഗങ്ങൾ എന്ന തിരിച്ചറിവാണ് ആദ്യം വേണ്ടത്. ആ തിരിച്ചറിവുണ്ടായാൽ ഓരോരുത്തരുടെ അഭിരുചിക്കനുസരിച്ച് അവരവർക്ക് ഇഷ്ടമുള്ള മേഖല തിരഞ്ഞെടുക്കാം. ■



# ഈ മനുഷ്യൻ നീതിമാനായിരുന്നു



അഗസ്റ്റിൻ കണിപ്പിള്ളി

'ആ മനുഷ്യൻ നീതിമാനായിരുന്നു'വെന്ന് നീതി പീഠങ്ങൾ ഏറ്റുപറയുന്നത് നാം രണ്ടുപ്രാവശ്യം കേട്ടിട്ടുണ്ട്. ഒന്ന് ക്രൂരപീഡനങ്ങളേറ്റ് ക്രിസ്തു കുരിശിൽ മരിച്ചപ്പോഴും രണ്ട് ഫാ. സ്റ്റാൻ സ്വാമി ജുഡീഷ്യൽ കസ്റ്റഡിയിൽ ജയിലിൽ കിടന്നുമരിച്ചപ്പോഴും. നീതിപീഠങ്ങൾക്കുണ്ടായ ആ വകതിരിവ് നീതിമാനായ ഫാ. സ്റ്റാൻസ്വാമി മരിച്ച് ഒരുവർഷം കഴിഞ്ഞിട്ടും നമുക്കും നമ്മുടെ സമൂഹത്തിനും ഉണ്ടായില്ലല്ലോ എന്ന് ഓർമ്മിക്കുമ്പോൾ ഏറെ വേദന തോന്നുന്നു. നമ്മുടെ ഈ നിസംഗതയല്ലേ ഫാ. സ്റ്റാൻ സ്വാമിക്കെതിരെ ചുമത്തപ്പെട്ട രാജ്യദ്രോഹക്കുറ്റത്തെ അന്നും ഇന്നും ന്യായീകരിക്കാൻ നികൃഷ്ട രാഷ്ട്രീയ നേതൃത്വങ്ങൾക്ക് തുണയാകുന്നത്. ജാർഖണ്ഡിലെ ദുർബലരായ ആദിവാസി ജനതയ്ക്കുവേണ്ടി ശബ്ദിക്കുകയും രാഷ്ട്രീയ പ്രലോഭനങ്ങൾക്കും ഭീഷണികൾക്കും വഴങ്ങാതിരിക്കുകയും ചെയ്ത ഫാ. സ്റ്റാൻ സ്വാമിയെ അന്ന് നാം ഒറ്റ് കൊടുത്ത് രാഷ്ട്രീയ

വിധേയത്വം പുലർത്തുകയായിരുന്നില്ലേ ചെയ്തത്? ഒൻപതുമാസത്തോളം തലോജ ജയിലറയ്ക്കുള്ളിലെ തണുത്ത സിമന്റുതറയിൽ കിടന്ന് ഒരിറ്റ് വെള്ളം കുടിക്കാൻ ഒരു സ്ട്രോയ്ക്കുവേണ്ടി കെഞ്ചിയ 84 വയസ്സ് പിന്നിട്ട പാർക്കിൻസൺസ് രോഗിയായ ആ വന്ദ്യവയോധികനോട് നീതിപുലർത്താൻ, നാമോ നമ്മുടെ നേതൃത്വങ്ങളോ തയ്യാറായോ. നല്ലവനായ കുറേയേറെ മനുഷ്യരുടെ ആത്മാവിനെ മുറിവേൽപ്പിച്ച് ഫാ. സ്റ്റാൻ സ്വാമി കടന്നുപോയിട്ട് ജൂലൈ 5 ന് ഒരു വർഷം തികയുകയാണ്. ഇനിയും ആ നീതിമാനെ തിരിച്ചറിയാൻ കഴിയാത്ത നമ്മുടെ നിർമ്മിത അന്ധതയാണ് ലോക ജനതയെപ്പോലും വിസ്മയിപ്പിച്ചുകളഞ്ഞത്. നിയമങ്ങളുടെയും നീതിപീഠങ്ങളുടെയും കണ്ണുമൂടിക്കെട്ടി ഫാ. സ്റ്റാൻ സ്വാമിയുടെ നിരപരാധിത്വത്തെ നാം ഇന്ന് കരിമ്പടം ഇട്ട് മൂടിയിരിക്കുന്നു. കാരണം മരണശേഷം പോലും അദ്ദേഹത്തിന് നീതി നൽകാൻ നാം തയ്യാറായില്ല. ഫാ. സ്റ്റാൻസ്വാമിയുടേത് വിസ്മയകരമായ വ്യക്തിത്വമായിരുന്നുവെന്നും, അദ്ദേഹം സമൂഹത്തിനുവേണ്ടി ചെയ്ത സേവനങ്ങളെ ആദരവോടെ കാണുന്നുവെന്നുമാണ് ബോംബെ ഹൈക്കോടതി അഭിപ്രായപ്പെട്ടത്. ജാമ്യത്തിനായി ഫാ. സ്റ്റാൻസ്വാമി സമർപ്പിച്ച അപേക്ഷ അദ്ദേഹത്തിന്റെ മരണാനന്തരം പരിഗണിക്കുമ്പോഴാണ് കോടതി ഇങ്ങനെ നിരീക്ഷിച്ചത്. ഈ നിരീക്ഷണത്തെ രേഖകളിൽ നിന്ന് നീക്കം ചെയ്യണമെന്ന് അന്വേഷണ ഏജൻസിയായ എൻഐഐ കോടതിയോട് ആവശ്യപ്പെട്ടുവെന്നത് ഫാ. സ്റ്റാൻ സ്വാമിയോടുള്ള രാഷ്ട്രീയനേതൃത്വത്തിന്റെയും ജാർഖണ്ഡിലെ ഭൂമാഫിയകളുടെയും പകയുടെയും സ്വാധീനത്തിന്റെയും തെളിവാണ്.

പാവപെട്ട ആദിവാസികൾക്കുവേണ്ടി നിലകൊണ്ടതിന്റെ പേരിൽ ഫാ. സ്റ്റാൻ സ്വാമിയെ ഈ പരിഷ്കൃത ലോകം യുഎപിഎ ചുമത്തി അറസ്റ്റുചെയ്ത് ജയിലിലടച്ചു. ശരീരത്തിന് വിറയൽ ബാധിച്ച കടുത്ത പാർക്കിൻസൺസ് രോഗിയായ അദ്ദേഹം 9 മാസമാണ് ജയിലിൽ കഴിഞ്ഞത്. കലശലായ വിറയൽ മൂലം




വെള്ളംപോലും കുടിക്കാൻ ബുദ്ധിമുട്ടിയ അദ്ദേഹത്തിന് ഒരു സ്ട്രോ ലഭിക്കാൻ വേണ്ടി കോടതിയെ സമീപിക്കേണ്ടിവന്നു എന്നുപറയുമ്പോൾ നമ്മുടെ നീതിന്യായ സംവിധാനത്തിന്റെ മുഖം എത്രമാത്രം ബീഭൽസമായിരുന്നുവെന്ന് ഊഹിക്കാവുന്നതേയുള്ളൂ. കോവിഡ് ബാധിച്ച് ഗുരുതരാവസ്ഥയിലായ ഫാ. സ്റ്റാൻസ്വാമി സ്വകാര്യ ആശുപത്രിയിൽ ചികിത്സയ്ക്ക്അനുവാദം തേടിയപ്പോൾ അതിനെപ്പോലും പ്രോസിക്യൂഷൻ എതിർത്തു. ഫാ. സ്റ്റാൻ സ്വാമി ജയിലിൽ നിന്ന് ഇറങ്ങരുതെന്ന് ആർക്കൊക്കെയോ നിർബന്ധമുണ്ടായിരുന്നു. കൊലപാതകികൾക്കും തീവ്രവാദികൾക്കും പീഡകർക്കും ജയിലുകളിലും ആശുപത്രികളിലും സുഖവാസം ഒരുക്കുന്ന രാഷ്ട്രീയ നേതൃത്വങ്ങളാണ് നിരപരാധിയായ ഒരു മനുഷ്യസ്നേഹിയെ പരമാവധി ദ്രോഹിക്കാൻ മത്സരിച്ചത്.

ജാർഖണ്ഡിലെ ആദിവാസി ഭൂമി ഖനി മാഫിയകൾക്ക് കൈവശമാക്കാൻ കഴിയുന്നവിധത്തിൽ ജാർഖണ്ഡ് സർക്കാർ കൊണ്ടുവന്ന ഭൂമി കൈമാറ്റ നിയമത്തിനെതിരെ ആദിവാസികളെ നിരത്തി പ്രതിഷേധം നയിച്ച ഫാ. സ്റ്റാൻ സ്വാമി സർക്കാരിന്റെയും ഭൂമാഫിയയുടെയും കണ്ണിലെ കരടായി. പ്രക്ഷോഭത്തെ തുടർന്ന് ഭൂമി കൈമാറ്റനിയമം സർക്കാരിന് പിൻവലിക്കേണ്ടിവന്നു. ഇതിലെ ജാള്യത മറയ്ക്കാനാണ് ആദിവാസികൾക്കുവേണ്ടി ശബ്ദിച്ച ഫാ. സ്റ്റാൻസ്വാമിയെ മാവോയിസ്റ്റ് ബന്ധം ആരോപിച്ചും ഭീമ കൊറെഗാവ് കേസുമായി ബന്ധപ്പെടുത്തിയും അറസ്റ്റുചെയ്തത്.


ഫാ. സ്റ്റാൻ സ്വാമിക്കെതിരെ കൊണ്ടുവന്ന തെളിവുകളെല്ലാം കൃത്രിമമായിരുന്നുവെന്ന് ഫോറൻസിക് വിദഗ്ധരും, ഇലക്ട്രോണിക്സ് തെളിവുകൾ കമ്പ്യൂട്ടർ ഹാക്കർമാർ കൃത്രിമമായി ഉണ്ടാക്കിയതാണെന്നും പിന്നീട് പല അന്വേഷണ ഏജൻസികളും കണ്ടെത്തുകയായിരുന്നു. ഫാ. സ്റ്റാൻ സ്വാമി നിരപരാധിയായിരുന്നുവെന്ന സത്യം രാഷ്ട്രീയ-എൻഐഐ നേതൃത്വങ്ങൾക്കറിയാമായിരുന്നു. എങ്കിലും ആദിവാസികൾക്കിടയിലെ അദ്ദേഹത്തിന്റെ സാന്നിധ്യത്തെ ഇക്കൂട്ടർ ഭയന്നിരുന്നു.

ഫാ. സ്റ്റാൻ സ്വാമി ആദിവാസികൾക്കിടയിൽ പ്രവർത്തിച്ചിരുന്നപ്പോഴും അറസ്റ്റുചെയ്ത് ജയലിൽ അടയ്ക്കപ്പെട്ടപ്പോഴും ഒൻപതുമാസം ജയിലിൽ നരകയാതന അനുഭവിച്ചപ്പോഴും സിമന്റുതറയിൽ കിടന്ന് തണുത്തു വിറച്ചുമരിച്ചപ്പോഴും നാമും നമ്മുടെ സമൂഹവും ആ വിശുദ്ധ ജീവിതത്തോടുപുലർത്തിയ നിസംഗതയും അവഗണനയും ഇന്നും, അദ്ദേഹത്തിന്റെ മരണത്തിന്റെ ഒന്നാം വർഷത്തിലും തുടരുന്നു. ജീവിതകാലത്ത് ആ നീതിമാന് നേടിക്കൊടുക്കാൻ കഴിയാത്ത നീതി മരണശേഷമെങ്കിലും ലഭ്യമാക്കാൻ നമുക്കെന്തേ കഴിയാതെ പോകുന്നു. ■

# ഇവരിലാര്?

സ്വതന്ത്ര ഇന്ത്യയുടെ 15-ാമത് രാഷ്ട്രപതിയെ തെരഞ്ഞെടുക്കാനുള്ള ക്രമീകരണങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. കേന്ദ്രം ഭരിക്കുന്ന എൻഡിഎ സ്ഥാനാർത്ഥിയായി ദ്രൗപതി മുർമുവിനേയും 17 പ്രതിപക്ഷകക്ഷികൾ ചേർന്ന് അവരുടെ സ്ഥാനാർഥിയായി യശ്വന്ത് സിൻഹയേയും പ്രഖ്യാപിച്ചതോടെയാണ് രാഷ്ട്രപതി തെരഞ്ഞെടുപ്പിനുള്ള കളമൊരുങ്ങിയത്.

ഇന്ത്യൻ ഭരണഘടനയുടെ 52-ാം അനുച്ഛേദ പ്രകാരമാണ് രാഷ്ട്രപതി തെരഞ്ഞെടുപ്പ് നടക്കുന്നത്. നിലവിലുള്ള രാഷ്ട്രപതിയുടെ കാലാവധി തീരുന്നതിനുമുൻപ് പുതിയ രാഷ്ട്രപതിയെ തെരഞ്ഞെടുത്തിരിക്കണമെന്ന് ഭരണഘടനയുടെ 62-ാം അനുഛേദവും നിഷ്കർഷിക്കുന്നു. ഇപ്പോഴത്തെ രാഷ്ട്രപതി രാംനാഥ് കോവിന്ദിന്റെ കാലാവധി ജൂലൈ 24 ന് അവസാനിക്കും. ആയതിനാൽ പുതിയ രാഷ്ട്രപതിയെ തെരഞ്ഞെടുക്കാനുള്ള വോട്ടെടുപ്പ് ജൂലൈ 18 നും വോട്ടെണ്ണൽ ജൂലൈ 21 നും നടക്കും. രാഷ്ട്രപതിയുടെ കാലാവധി 5 വർഷമാണ്.



യശ്വന്ത് സിൻഹ

ലോക്സഭയിലെയും രാജ്യസഭയിലെയും എം.പിമാരും സംസ്ഥാന എംഎൽഎമാരും ചേർന്നാണ് ഇന്ത്യൻ പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നത്. എന്നാൽ എം.പി.മാരുടെയും എംഎൽഎമാരുടെയും വോട്ട് മൂല്യം വ്യത്യസ്തമാണ്. എംഎൽഎമാരുടെ വോട്ടുമൂല്യം നിശ്ചയിക്കപ്പെട്ടിരിക്കുന്നത് ഓരോ സംസ്ഥാനത്തെയും ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ്. 1971-ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യയാണ് ഇതിനായി പരിഗണിക്കുന്നത്. ജനസംഖ്യയിൽ മുന്നിൽ നിൽക്കുന്ന ഉത്തരപ്രദേശിൽ നിന്നുള്ള എംഎൽഎയുടെ വോട്ടിനാണ് കൂടുതൽ മൂല്യം. 208 ആണ് അവിടെ നിന്നുള്ള ഒരു എംഎൽഎയുടെ വോട്ടുമൂല്യം. അതേസമയം ജനസംഖ്യയിൽ ഏറ്റവും കുറവുള്ള സിക്കിമിലെ ഒരു എംഎൽഎയുടെ വോട്ടുമൂല്യം 7 ആണ്. കേരളത്തിൽ നിന്നുള്ള എംഎൽഎയുടെ വോട്ടുമൂല്യം 152 ഉം എംഎൽഎമാരുടെ ആകെ വോട്ടുമൂല്യത്തെ എം.പിമാരുടെ എണ്ണം കൊണ്ട് ഹരിക്കുമ്പോൾ കിട്ടുന്ന സംഖ്യയാണ് ഒരു എം.പിയുടെ വോട്ടുമൂല്യം. ഇപ്പോൾ ഇന്ത്യയിൽ 4033 എംഎൽഎമാരും 776 എം.പിമാരുമാണുള്ളത്. ഇവരുടെ ആകെ വോട്ട് മൂല്യം 1098903 ആണ്. ഇതിൽ 50 ശതമാനത്തിലേറെ വോട്ടുകിട്ടുന്നയാൾ രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെടും.

ഇപ്പോഴത്തെ കണക്കനുസരിച്ച് ബിജെപി നേതൃത്വം നൽകുന്ന എൻഡിഎ സഖ്യത്തിന് 48 ശതമാനം വോട്ടുണ്ട്. കോൺഗ്രസിന് 24 ശതമാനവും തൃണമൂൽ കോൺഗ്രസിന്റെ 5.5 ശതമാനം വൈഎസ്ആർ, ബിജു ജനതാദൾ തുടങ്ങിയ പാർട്ടികളുടെ വോട്ടുവിഹിതവും കൂടിചേർന്നാൽ പ്രതിപക്ഷത്തിന് 51.1 ശതമാനം വോട്ടുമുണ്ട്. എന്നാൽ വൈഎസ്ആറും, ബിജു ജനതാദളും എൻഡിഎ പക്ഷത്തുനിൽക്കുമെന്ന് ഏറെക്കുറെ ഉറപ്പായിട്ടുണ്ട്. അങ്ങനെ സംഭവിക്കുന്നപക്ഷം എൻഡിഎ സ്ഥാനാർത്ഥി ദ്രൗപതി മുർമു രാഷ്ട്രപതിയായി തെരഞ്ഞെടുക്കാനുള്ള സാധ്യത ഏറെയാണ്.

1958 ജൂൺ 20 ന് ഒഡിഷയിലെ ബൈഡപ്പോസ് ഗ്രാമത്തിൽ ജനിച്ച ദ്രൗപതി മുർമു സന്താൽ ഗോത്രവർഗ അംഗമാണ്. ഗോത്രവർഗ ജനതയുടെയും സ്ത്രീജനങ്ങളുടെയും ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ച ദ്രൗപതിമുർമു അധ്യാപികവൃത്തി ഉപേക്ഷിച്ചാണ് രാഷ്ട്രീയത്തിലിറങ്ങിയത്. 1997 ൽ ഒഡിഷയിലെ റൈരങ്ങ്പൂരിൽ വൈസ് ചെയർ പേഴ്സണനായിട്ടായിരുന്നു രംഗപ്രവേശം. 2000 ൽ റെയ്റക്ക്പൂരിൽ നിന്നും ഒഡിഷ നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ബിജു ജനതാദൾ-ബിജെപി സഖ്യസർക്കാരിൽ വാണിജ്യ-ഗതാഗത-ഫിഷറീസ് വകുപ്പുമന്ത്രിയായിരുന്നു. മികച്ച നിയമസഭാംഗമെന്ന ബഹുമതിക്ക് അർഹയായിട്ടുള്ള ദ്രൗപതി 2015 ൽ ഝാർഖണ്ഡ് ഗവർണറായി നിയമിക്കപ്പെട്ടു. ഗോത്രവർഗക്കാരിയായ ആദ്യ വനിതാ ഗവർണർ എന്ന ബഹുമതിക്കും മുർമു ഉടമയായി. ഭർത്താവ് ശ്യാംചരൺ. രണ്ട് ആൺ മക്കൾ.




ദ്രൗപതി മുർമു

1937 ൽ ബിഹാറിലെ പട്നയിലാണ് യശ്വന്ത് സിൻഹ ജനിച്ചത് ബിഹാറിൽ നിന്നുള്ള ബിജെപി നേതാവും മുൻകേന്ദ്രമന്ത്രിയുമായിരുന്നു യശ്വന്ത് സിൻഹ. രണ്ടുപതിറ്റാണ്ടുകാലം നീണ്ടുനിന്ന സിവിൽ സർവീസ് ഉദ്യോഗം 1984 ൽ രാജിവച്ചാണ് യശ്വന്ത് ജനതാ പാർട്ടിയിലൂടെ രാഷ്ട്രീയത്തിൽ ഇറങ്ങുന്നത്. 1989 ൽ ജനതാദൾ രൂപീകരിച്ചപ്പോൾ അതിന്റെ സ്ഥാപക നേതാക്കളിലൊരാളും പ്രഥമ പാർട്ടി സെക്രട്ടറിയുമായി. 1998 ൽ വാജ്പേയി മന്ത്രിസഭയിൽ ധനമന്ത്രിയായി. 2018 ൽ ബിജെപി വിട്ട യശ്വന്ത് സിൻഹ 2021 ൽ തൃണമൂൽകോൺഗ്രസിൽ ചേർന്നു. മുൻ കേന്ദ്രമന്ത്രിയും ഹസാരിബാഗ് മണ്ഡലത്തിൽ നിന്നുള്ള ബിജെപി ലോക്സഭാംഗവുമായ ജയന്ത്സിൻഹ, യശ്വന്ത് സിൻഹയുടെ മകനാണ്. ■

## വായന

# അന്നം




**ഷേവിങ്ങ് റെയ്സറിന് പതപോലെയായിരുന്നു ക്രിസോസ്റ്റം തിരുമേനിയുടെ ഫലിതങ്ങളിലെ മൂർച്ചയുള്ള നിരീക്ഷണങ്ങളും, ജീവിതത്തെ കുറിച്ച് നേർരേഖയിൽ സംസാരിക്കുന്ന ബോബി ജോസ് കട്ടിക്കാടിന്റെ വാക്കുകളും ഈ പുസ്തകത്തെ ആത്യന്തികമായി ആകർഷകമാക്കുന്നു.**

ഇവിടെ രണ്ട് പുരോഹിതർക്കിടയിൽ അന്നം ചർച്ചാവിഷയമാവുകയാണ്. ഒരു പുരോഹിതനും ഇതുവരെ എങ്ങും പട്ടിണി കിടന്ന് മരിക്കേണ്ടിവന്നിട്ടില്ല എന്ന് മനസ്സിൽ ഉറപ്പിച്ചുവിശ്വസിക്കുമ്പോൾ രണ്ട് പുരോഹിതർക്കിടയിൽ അന്നം എങ്ങനെ ചർച്ചാവിഷയമായി എന്ന് തീർച്ചയായും ചിന്തിക്കുന്നുണ്ടാകും. അൾത്താരയിലെ ആഡംബര കുരിശിൽ തൂങ്ങുന്ന ആരോഗ്യവാനായ ക്രിസ്തുവിന് ധൂപമർപ്പിച്ച് ശാന്തി അണയുന്നവരല്ല ഇവരെന്ന് ഈ കുഞ്ഞ് പുസ്തകത്തിലെ ('അന്നം') ഇവരുടെ വാക്കുകളിൽ നിന്ന് വ്യക്തം. വിശപ്പിനേയും ആഹാരത്തേയും പറ്റി ചിന്തിക്കാൻ ഇടം കൊടുക്കാതെ മേശയ്ക്ക് ചുറ്റം ഇരുന്ന് പ്ലാസ്റ്റിക് മനുഷ്യരെ പറ്റിയും യാന്ത്രിക ജീവിതത്തെ പറ്റിയും തെല്ലും വിരസതയില്ലാതെ ചർച്ച ചെയ്യുന്നവർക്കുള്ള കൃത്യമായ വിമർശനം കൂടിയാണ് അന്നം എന്ന ഈ ചെറിയ പുസ്തകം.

അന്നം മാനവികതയുടെ പരിച്ഛേദം ആവശ്യപ്പെടുന്നുണ്ട്. കാരണം ഹ്യൂമനിസം അതിന്റെ സത്തയിൽ നിന്നും വേർതിരിഞ്ഞ് ആക്സിഡെന്റൽസിന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്യപ്പെട്ട് തുടങ്ങിയിരിക്കുന്നു. എന്നാൽ ഇവിടെ ഈ രണ്ട് പുരോഹിതർ തങ്ങളുടെ ജൈവീക സമ്പത്തുള്ള അനുഭവങ്ങളെ ഹൃദയ ഭൂമിയിൽ നിന്നും പുറത്തെടുത്ത് ഹ്യൂമനിസത്തെ റീ ഡിഫൈൻ ചെയ്യാൻ ശ്രമിക്കുന്നുണ്ട്. പ്രണയവും രതിയും രാഷ്ട്രീയവും ജാതിവ്യസ്ഥയുമൊക്കെ നിരന്തരം ചർച്ച ചെയ്യപ്പെടുന്ന നമ്മുടെ സിനിമകൾ പോലും 'വിശപ്പിന്റെ രുചി' സെല്ലുലോയിഡിൽ പകർത്തുന്നില്ല എന്ന് ഇവർ നിരീക്ഷിക്കുന്നുണ്ട്. അതിഭക്ഷണം മൂലം ഉണ്ടാകുന്ന രോഗങ്ങൾ കാരണം മരുന്നിന്റെ രുചി അറിഞ്ഞ് തുടങ്ങിയവർക്ക് വിശക്കുന്നവന്റെ വയറിലെ ശിവതാണ്ഡവത്തെ കാണാനായില്ലെന്നുവരാം. കാരണം ഒരു ചായകപ്പിന് മുന്നിലിരുന്ന് ചെറുപുഞ്ചിരിയോടെ കൂടെയുള്ളവന്റെ കണ്ണുകളിൽ നോക്കി അവന്റെ ജീവിതം മനസ്സിലാക്കാനുള്ള ക്ഷമ കൈമോശം വന്നിരിക്കുന്നു. വരില്ല. സുഖമാണോ എന്ന് ആരായുന്നതിനൊപ്പം 'വല്ലതും കഴിച്ചായിരുന്നോ?' എന്ന കരുതൽ കൂടി സംഭാഷണങ്ങളിൽ സൂക്ഷിക്കേണ്ടിയിരിക്കുന്നു എന്ന് ക്രിസോസ്റ്റം തിരുമേനിയുമായി ബോബിജോസ് കട്ടിക്കാട് നടത്തിയ ദീർഘസംഭാഷണത്തിന്റെ ചെറിയ പുസ്തകം ഓർമിപ്പിക്കുന്നുണ്ട്.

പുസ്തകം ആവശ്യപ്പെടുന്ന മറ്റൊരു കാര്യം സ്വന്തമായൊരു പരിശോധനയാണ് അതിനാവശ്യമുള്ള ഉപകരണങ്ങൾ ഈ പുരോഹിതർ തങ്ങളുടെ സംഭാഷണത്തിലൂടെ നൽകുന്നുണ്ട്. അത്തരം ഉപകരണങ്ങൾ കണ്ണിലുടക്കാൻ സുരേഷ്ബാബുവിന്റെ ചിത്രങ്ങൾ സഹായിക്കുന്നുമുണ്ട്. ഇതൊക്കെ വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുന്നത് ഹോമോ സാപ്പിയൻസിന്റെ ജീവിതത്തിൽ അന്നം എത്ര മുന്നിലാണെന്ന് മനസ്സിലാക്കാൻ ജനിതക ശാസ്ത്രജ്ഞന്റെ പാഠവം ആവശ്യമില്ല എന്നാണ്.

ഷേവിങ്ങ് റെയ്സറിന് പതപോലെയായിരുന്നു ക്രിസോസ്റ്റം തിരുമേനിയുടെ ഫലിതങ്ങളിലെ മൂർച്ചയുള്ള നിരീക്ഷണങ്ങളും, ജീവിതത്തെ കുറിച്ച് നേർരേഖയിൽ സംസാരിക്കുന്ന ബോബി ജോസ് കട്ടിക്കാടിന്റെ വാക്കുകളും ഈ പുസ്തകത്തെ ആത്യന്തികമായി ആകർഷകമാക്കുന്നു. ■



**ബ്ര. സിബിൻ ചെറിയാൻ**

## ചരിത്രപഥം

ഇഗ്നേഷ്യസ് തോമസ്



# ബിഷപ്പ് പീറ്റർ ബെർണാർഡ് പെരേര

# തിരുവനന്തപുരം അതിരൂപതയുടെ സ്ഥാപകശില്പി

തിരുവനന്തപുരം രൂപതയുടെ സ്ഥാപക ശില്പി യും ആദ്യ തദ്ദേശീയ മെത്രാനും അതുല്യമായ വ്യക്തിത്വത്തിനുടമയുമായ ബിഷപ്പ് പീറ്റർ ബർണാർഡ് പെരേരാ പിതാവ് ദിവംഗതനായിട്ട് 44 വർഷങ്ങൾ പിന്നിടുന്നു. തിരുവനന്തപുരം രൂപതയുടെ സർവതോന്മുഖമായ വളർച്ചയ്ക്ക് അടിസ്ഥാനമിട്ട കർമ്മകുശലനായ പുരോഹിതശ്രേഷ്ഠനായിരുന്നു പെരേരാ പിതാവ്. 1937 ൽ ജന്മം കൊണ്ട രൂപതയെ ബാലാരിഷ്ടതകളിൽ നിന്ന് കരകയറ്റി സുസ്ഥിര വളർച്ചയ്ക്ക് അടിത്തറയിടാൻ പിതാവിന് കഴിഞ്ഞു.

പുതുക്കുറിച്ചി ഇടവകാംഗമായ പോൾ ബർണാർഡിന്റെയും മുരുക്കുംപുഴ ഇടവകാംഗം ലിയോ ഹാർഡിയയുടെയും മകനായി 1917 ജൂൺ 21-ാം തീയതി ജനിച്ചു. മണിയൻവിളാകം ഗവ. എൽപിഎസ്, മുരുക്കുംപുഴ സെന്റ് അഗസ്റ്റിൻസ് എച്ച്. എസ്., കൊല്ലം സെന്റ് അലോഷ്യസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ നിന്ന് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി.

ഇതിനിടയിൽ കൊല്ലം സെന്റ് റാഫേൽസ് സെമിനാരിയിൽ വൈദിക വിദ്യാർഥിയായി. മൈനർ സെമിനാരി പഠനത്തിനുശേഷം കൊല്ലത്ത് തന്നെയുള്ള സെന്റ് തെരേസാസ് മേജർ സെമിനാരിയിൽ ചേർന്ന് വൈദിക പരിശീലനം പൂർത്തിയാക്കി. 1944 മാർച്ച് 24 ന് പൗരോഹിത്യം സ്വീകരിച്ചു.

ചുള്ളിമാനൂർ ഇടവകയിലാണ് ആദ്യമായി നിയോഗിക്കപ്പെട്ടത്. കർഷകർക്ക് പ്രാമുഖ്യമുണ്ടായിരുന്ന ഇടവകജനങ്ങളുടെ സഹകരണത്തോടെ പള്ളി വക വസ്തുവിൽ കുരുമുളക്, കപ്പ, വാഴ എന്നിവ കൃഷിചെയ്ത് ഇടവകയുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തി. ഇങ്ങനെ സ്വരൂപിച്ച തുക കൊണ്ട് ഇടവകയിൽ പ്രാഥമിക വിദ്യാലയം സ്ഥാപിച്ചു.

ബിഷപ്പ് വിൻസന്റ് വിക്ടർ ദെരേര ഒസിഡിയുടെ സഹായമെത്രാനായി 1955 ആഗസ്റ്റ് 24 ന് പീറ്റർ ബർണാർഡ് പെരേര നിയമിതനായി. 1957 ൽ നടന്ന ഐതിഹാസികമായ വിമോചനസമരമെന്ന ജനമുന്നേറ്റത്തിന് തിരുവനന്തപുരം കേന്ദ്രീകരിച്ച് നേതൃത്വം നൽകിയത് ചെറുപ്പത്തിന്റെ തുടിപ്പും നിശ്ചയദാർഢ്യവും കൈമുതലായ ഈ മെത്രാനായിരുന്നു. 1961 ജൂലൈ നാലുമുതൽ പിന്തുടർച്ചാവകാശമുള്ള സഹാമെത്രാനായി അദ്ദേഹം നിയമിതനായി. 1966 ഒക്ടോബർ 24-ാം തീയതി രൂപതയുടെ ഭരണം ഏറ്റെടുത്തു "വിശ്വാസത്തോടെ വർത്തിക്കുക" എന്ന തന്റെ ആപ്തവാക്യം ഹൃദയത്തിലേറ്റി രൂപതയുടെ വിശുദ്ധീകരണത്തിനും നവീകരണത്തിനും സമഗ്രപുരോഗതിക്കുമായി അദ്ദേഹം സ്വയം സമർപ്പിതനായി.

രൂപതാമക്കളുടെ ദാരിദ്ര്യദുഃഖങ്ങൾ കണ്ടറിഞ്ഞ പിതാവ് നല്ലൊരു നാളയുടെ ഉദയം പ്രതീക്ഷിച്ച് സ്വപ്നങ്ങൾ മനസ്സിൽ താലോലിച്ചു. സമൂഹത്തിൽ ഏറ്റവും പിന്നാക്കമായിരുന്ന മത്സ്യത്തൊഴിലാളികളെ സമുദ്ധരിക്കാനായി തുടങ്ങിവച്ച നിരവധി കർമ്മ പദ്ധതികൾ ശ്രദ്ധേയമാണ്. തിരുവനന്തപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ (ടിഎസ്എസ്എസിന്റെ) രജിസ്ട്രേഷൻ നടന്നത് 1960 ലാണ്. മിസേറിയോർ, എന്ന സംഘടനയുടെ സഹകരണത്തോടെ സാമൂഹ്യ പ്രവർത്തനങ്ങൾക്ക് പ്രാരംഭംകുറിച്ചു. ചിറയിൻകീഴ് താലൂക്കിലെ കഠിനംകുളം വില്ലേജിൽ ആളില്ലാത്തുറ എന്ന പ്രദേശത്ത് 35 ഏക്കറോളം സ്ഥലം വാങ്ങി മത്സ്യതൊഴിലാളികൾക്കായി ഭവനങ്ങൾ നിർമ്മിച്ചു നൽകി. തെക്കൻതീരദേശ ഗ്രാമങ്ങളിൽ നിന്ന് നിർധനരായ മത്സ്യത്തൊഴിലാളികളെ ആളില്ലാത്തുറ ഗ്രാമത്തിൽ പുനഃരധിവസിപ്പിച്ചുകൊണ്ട് ആളില്ലാത്ത തുറയെ ആളും ആരവവും ഉയരുന്ന തുറയാക്കി പരിവർത്തനം ചെയ്തു. ഇസ്രായേൽ ജനത്തിനുണ്ടായ ഒരു പുറപ്പാടിന്റെ ചരിത്രം മര്യനാടിന്റെ മക്കൾക്കുമുണ്ട്. അത് വേദനയുടെ, ത്യാഗത്തിന്റെ തിരസ്കരണത്തിന്റെ, അവഹേളനത്തിന്റെ ഒറ്റപ്പെടുത്തലിന്റെ ഒക്കെ പ്രവാസ ചരിത്രമാണ്. ഇന്ന് നാം കാണുന്ന മര്യനാടിനെ ഈവിധത്തിൽ ആക്കിമാറ്റാൻ പരിശ്രമിച്ച ത്യാഗിവര്യന്മാരും പുണ്യപുരുഷന്മാരുമായ പൂർവികരുടെയും ഒപ്പം നമ്മെ ജീവിക്കാനും പുരോഗതിയുടെ സ്വപ്നം കാണാനും പഠിപ്പിച്ച നമ്മുടെ സ്വന്തം പീറ്റർ ബർണാർഡ് പെരേര തിരുമേനിയുടെയും മുൻപിൽ നമുക്ക് ശിരസ്സുനമിക്കാം. 'മര്യനാട് കമ്മ്യൂണിറ്റി ഡവലപ്മെന്റ് പ്രോജക്ട്' ഭവനനിർമാണവുമായി ബന്ധപ്പെട്ട് ആരംഭിച്ച ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഇവയെല്ലാം മര്യനാടിന്റെ സമഗ്രവളർച്ചയ്ക്ക് ആക്കംകൂട്ടി. പട്ടിണിപാവങ്ങളായ തീരദേശവാസികൾക്കും കിഴക്കൻ പ്രദേശങ്ങളിൽ വസിക്കുന്നവർക്കും വേണ്ടി കാത്തോലിക്ക റിസോഴ്സ് സൊസൈറ്റിയുടെ സഹായത്തോടെ തുടക്കം കുറിച്ച ഫുഡ്ഫോർവർക്ക് പരിപാടി അത്താഴപട്ടിണിക്കാരായ ജനങ്ങൾക്ക് അന്നം നൽകാനുപയുക്തമായി.

ഭാവി വികസനത്തെ മുന്നിൽ കണ്ടുകൊണ്ട് കഠിനംകുളം, മേനംകുളം ശാസ്തവട്ടം, വെട്ടുതുറ, കഴക്കൂട്ടം, കോട്ടൂർ പാലോട് തുടങ്ങിയ സ്ഥലങ്ങളിൽ വസ്തുക്കൾ രൂപതയ്ക്കായി സമ്പാദിച്ചു. മേനംകുളത്തെ ഭൂമിയിലാണ് സാങ്കേതികവിദ്യാഭ്യാസരംഗത്ത് മികവ് പുലർത്തുന്ന മരിയൻ എൻജിനീയറിംഗ് കോളേജ്, ആർട്സ് കോളേജ്, സെന്റ് ജേക്കബ്സ് ബിഎഡ് കോളേജ് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലകൊള്ളുന്നത്.

തുമ്പ ബഹിരാകാശ ഗവേഷണ കേന്ദ്രത്തിന് തുടക്കം കുറിക്കാൻ കാരണക്കാരൻ പെരേരാ പിതാവായിരുന്നു. ഈ കേന്ദ്രം സ്ഥാപിക്കാനായി കുടിയിറക്കപ്പെട്ടവരെ പുനഃരധിവസിപ്പിക്കുന്നതിനായി ആരംഭിച്ച പള്ളിത്തുറ റിഹാബിലിറ്റേഷൻ പദ്ധതി വിജയകരമായി പൂർത്തീകരിക്കുകയും അതോടൊപ്പം ജനജീവിതം ഭദ്രമാക്കപ്പെടുകയും ചെയ്തു. വട്ടവിള, കോട്ടയ്ക്കൽ തുടങ്ങിയ സ്ഥലങ്ങളിൽ ആരംഭിച്ച ഗ്രാമോദ്ധാരണപരിപാടികൾ മാതൃശിശു സംരക്ഷണ പദ്ധതികൾ ഭവനനിർമാണ പദ്ധതികൾ, കാർഷിക വികസന പരിപാടികൾ സാങ്കേതിക പരിശീലന കേന്ദ്രങ്ങൾ എന്നിവ വഴി വിവിധ ഇടവകകളുടെ സമഗ്രമായ വളർച്ചയ്ക്ക് തുടക്കമിട്ടു. നിർധനരായ വിദ്യാർത്ഥികളെ സഹായിക്കാൻ പിതാവിന്റെ പൗരോഹിത്യ രജത ജൂബിലി സ്മാരകമായി 1969 ൽ ഏർപ്പെടുത്തിയ ബിഷപ്പ് പെരേരാ ജൂബിലി മെമ്മോറിയൽ വിദ്യാഭ്യാസ ട്രസ്റ്റ് വഴി 53 വർഷമായി വിദ്യാർഥികൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.

രണ്ടാംവത്തിക്കാൻ കൗൺസിലിൽ പങ്കടുത്ത മെത്രാൻ എന്ന നിലയിൽ കൗൺസിൽ ദർശനങ്ങളുടെ സത്ത സ്വാംശീകരിച്ചുകൊണ്ട് ഈ രൂപതയിലെ നവീകരണ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാൻ പിതാവ് മുൻകൈ എടുത്തു. നവീകരണ പ്രവർത്തനങ്ങൾക്ക് നാന്ദികുറിക്കാനായി സ്ഥാപിച്ച ഓറിയന്റേഷൻ സെന്റർ എടുത്തുകാട്ടേണ്ട ഒരുസംരംഭമായിരുന്നു. ആരാധന ക്രമനവീകരണ സംരംഭങ്ങളെക്കുറിച്ച് രൂപതാവൈദികർക്കായി സംഘടിപ്പിച്ച സെമിനാറുകൾ ദിവ്യപൂജാഗാനങ്ങൾ മലയാളത്തിൽ ആലപിക്കാൻ വിശ്വാസികൾക്ക് നൽകിയ പരിശീലനങ്ങൾ കായികകലാരംഗങ്ങളിൽ യുവജനങ്ങൾക്ക് നൽകിയ പിന്തുണയും പ്രോത്സാഹനവും തിരുവനന്തപുരം രൂപതയുടെ പുരോഗതിയിലെ നാഴിക കല്ലുകളാണ്.

തദ്ദേശീയനായ മെത്രാനെന്ന നിലയിൽ ബിഷപ്പ് പീറ്റർ ബർണാർഡ് പെരേരയുടെ നിസ്തുലമായ സംഭാവനങ്ങൾ എന്നെന്നും അനുസ്മരിക്കപ്പെടും. ■

# വാർത്തകൾ

കൂടുതൽ വാർത്തകൾക്ക്
www.archtvmnews.com

## ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്

**പേട്ട:** പേട്ട ഫെറോന വിദ്യാഭ്യാസ ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ പോങ്ങുംമൂട് മേരി നിലയം സ്കൂളിൽ വച്ച് ഹൈസ്കൂൾ +1, +2 ക്ലാസുകളിലെ കുട്ടികൾക്കായി ആപ്റ്റിറ്റ്യൂഡ് ടെസ്റ്റും കരിയർ കൗൺസിലിംഗും നടത്തി. ഡോ. ഗീതു (സൈക്യാട്രിസ്റ്റ്, കോന്നി മെഡിക്കൽ കോളേജ്) ക്ലാസിന് നേതൃത്വം നൽകി. ഫെറോന വിദ്യാഭ്യാസ കോർഡിനേറ്റർ ഫാ. ലോറൻസ് കുലാസ്, ഫെറോന കൺവീനർ ദേവദാസ് എന്നിവർ സംസാരിച്ചു. വിവിധ ഇടവകകളിൽ നിന്നുള്ള 38 കുട്ടികൾ പങ്കെടുത്തു.



*പേട്ട ഫെറോന വിദ്യാഭ്യാസ ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിൽ പങ്കെടുത്ത വിദ്യാർത്ഥികൾ*

## കരുതലിന്റെ കരംനീട്ടി ബി.സി.സി. കമ്മീഷൻ

**തിരുവനന്തപുരം:** അതിരൂപതയിലെ നിർധനരായ ക്യാൻസർ രോഗികൾക്ക് കരുതലിന്റെ കരം നീട്ടി ബി. സി. സി കമ്മീഷൻ. അതിരൂപതയിലെ ഒമ്പത് ഫെറോനകളിലെ 536 രോഗികളാണ് ഈ കരുതലിന്റെ ഭാഗമായി ബി. സി. സി കമ്മീഷൻ കണ്ടെത്തി സഹായിച്ചത്. പുല്ലുവിള ഫെറോനയിൽ 2,40,000രൂപയും വലിയതുറ 198000,അഞ്ചുതെങ്ങു177000, തൂത്തൂർ 351000,കോവളം 300000,പുതുക്കുറിച്ചി 213000,കഴക്കൂട്ടം 42000,പാളയം 72000, പേട്ട 12000 രൂപയുമാണ് വിതരണം ചെയ്തത്. 16,08,000 രൂപയാണ് ആകെ രോഗികൾക്കായി കൈമാറിയത്.

ഇടവക, ബി. സി. സി തലങ്ങളിൽ നിന്ന് സംഭാവനയായി സമാഹരിച്ച തുകയാണ് ഇതിനായി വിനിയോഗിച്ചത്. ഫ്രാൻസിസ് പാപ്പയുടെ സിനഡ് പ്രഖ്യാപനം കൂട്ടായ്മയിലൂടെയുള്ള കൂടിവരവിനും പങ്കുവയ്ക്കലിനും പ്രേഷിതമാർഗ്ഗത്തിലൂടെയുള്ള സഹവർത്തിത്ത്വവുമായിട്ടാണ് സഭ നോക്കിക്കാണുന്നത്. പങ്കാളിത്തത്തിലൂടെയുള്ള പങ്കുവയ്ക്കലിന്റെ ഉത്തമ മാതൃകയായി ബി. സി. സി കമ്മീഷന്റെ ഈ കാരുണ്യ പ്രവർത്തിയെ വിലയിരുത്താം.

## ഒരു കുടുംബം ഒരു തെങ്ങ് പദ്ധതിയുമായി പരുത്തിക്കുഴി ഇടവക



**പരുത്തിക്കുഴി ഇടവകയിലെ 'ഒരു കുടുംബം ഒരു തെങ്ങ്' പദ്ധതിയിൽ തെങ്ങിനെ പരിപാലിക്കുന്ന കുടുംബം**

**തിരുവനന്തപുരം:** ഒരു കുടുംബം ഒരു തെങ്ങ് പദ്ധതിയുമായി പരുത്തിക്കുഴി ഇടവക.ഇടവക അംഗങ്ങൾക്ക് കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുന്നതിന്റെ ഭാഗമായും ഇടവകയുടെ സ്ഥലം സംരക്ഷിക്കുന്നതിന്റെ ഭാഗമായും ഒരു കുടുംബത്തിന് ഒരു തെങ്ങു നൽകി വ്യത്യസ്തമായ ആശയം നടപ്പിലാക്കിയിരിക്കുകയാണ് ഇടവക. നിലവിൽ ഇടവകയിൽ 64 കുടുംബങ്ങളാണ് ഉള്ളത്. 64 കുടുംബങ്ങൾക്കായി 64 തെങ്ങുകളാണ് ഇടവക നൽകിയത്. പള്ളി വക ഒരു തെങ്ങ് ഒരു കുടുംബത്തിന് നൽകുന്നതിലൂടെ ആ കുടുംബം ആ തെങ്ങിന്റെ സംരക്ഷണ ചുമതല ഏറ്റെടുക്കുക കൂടിയാണ്. ഏറെ വ്യത്യസ്തമായ ഈ ആശയം പരുത്തിക്കുഴി ഇടവക വികാരിക്കൊപ്പം ഇടവക കൗൺസിൽ അംഗങ്ങളും ചേർന്നാണ് നടപ്പിൽ വരുത്തുന്നത്.

### ജോസഫ് വർഗീസ് (75)
**നിര്യാതനായി**



30 വർഷക്കാലം മൺവിള ലിറ്റിൽ ഫ്ളവർ ഇടവക ഉപദേശിയും, ഇടവക സെക്രട്ടറി, ട്രഷറർ, ബിസിസി കോർഡിനേറ്റർ എന്നീ നിലകളിലും മൺവിള ബോയ്സ് ടൗണിന്റെ വാർഡനായും ജോസഫ് വർഗീസ് സേവനമനുഷ്ഠിച്ചിട്ടുണ്ട്.

# കാലോചിതമായ പദ്ധതികൾ വേണം: അതിരൂപത 2021 പഠന റിപ്പോർട്ട്

തിരുവനന്തപുരം: തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ സമഗ്രവളർച്ചയ്ക്ക് കാലോചിതവും നൂതനവുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് അതിരൂപതയുടെ 2021 ലെ സാമൂഹ്യ-സാമ്പത്തികപഠന റിപ്പോർട്ട് ആവശ്യപ്പെടുന്നു. 2011 ലെ പഠന റിപ്പോർട്ട് മുന്നോട്ടുവച്ച കണ്ടെത്തലുകൾക്കനുസരിച്ച് അതിരൂപത നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും വർത്തമാന-ഭാവി കാലഘട്ടങ്ങൾ അനന്ത സാധ്യതകളുമായി മുന്നിലുണ്ടെന്നാണ് പുതിയ പഠനം പറയുന്നത്. അതിരൂപതയിലെ ബഹുഭൂരിപക്ഷം ജനങ്ങളും മത്സ്യമേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരാണെന്നും സാമൂഹ്യവിദ്യഭ്യാസ ആരോഗ്യ-സാംസ്കാരിക രംഗങ്ങളിൽ സ്ഥായിയായ പുരോഗതി കൈവരിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. ജനങ്ങളുടെ വരുമാനവും രാഷ്ട്രീയ പങ്കാളിത്തവും പിന്നാക്കമായി തന്നെ തുടരുകയാണ്. റിപ്പോർട്ട് പറയന്നു. ആയതിനാൽ കുറഞ്ഞത് 20 വർഷമെങ്കിലും മുന്നിൽ കണ്ടുകൊണ്ടുള്ള പദ്ധതികളാണ് ആവിഷ്കരിക്കപ്പെടേണ്ടതെന്ന് അതിരൂപതാ സാമൂഹ്യസാമ്പത്തിക സർവേ റിപ്പോർട്ട് പ്രകാശന ചടങ്ങിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

എട്ട് ഫെറോനകളിലെ 22 ഇടവകകൾ കേന്ദ്രീകരിച്ച് 12,000 ത്തിലധികം വ്യക്തികളിൽ നിന്ന് വിവരശേഖരണം നടത്തി ഡോ. സാബാസ് ഇഗ്നേഷ്യസ് ഡോ. മേരി ജോൺ എന്നിവർ ചേർന്ന് തയ്യാറാക്കിയ പഠനറിപ്പോർട്ട് അതിരൂപതാ അധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ ഉദ്ഘാടനം ചെയ്ത ചടങ്ങിൽവച്ച് സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ പ്രകാശനം ചെയ്തു.

റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ വെളിച്ചത്തിൽ സാമൂഹ്യസാമ്പത്തിക അവസ്ഥയെപ്പറ്റി അതിരൂപത ജനറൽ വികാരി മോൺ യൂജിൻ എച്ച്. പെരേര, വിദ്യാഭ്യാസ രംഗത്തെപ്പറ്റി ഡോ. ഐറിസ് കൊയ്‌ലോ, ആരോഗ്യ പരിസ്ഥിതി മേഖലയെപ്പറ്റി ഡോ. ബെന്നറ്റ് സൈലം, ജൻഡർ രംഗത്തെപ്പറ്റി സിന്ധു നെപ്പോളിയൻ, തൊഴിൽ മേഖലയെപ്പറ്റി അതിരൂപതാ ശുശ്രൂഷാ ഡയറക്ടർ ഫാ. ലോറൻസ്കുലാസ്, രാഷ്ട്രീയ നേതൃത്വവും വിവിധ അവകാശങ്ങളും എന്ന വിഷയത്തിൽ പ്ലാസിഡ് ഗ്രിഗറിയും വിലയിരുത്തലുകൾ നടത്തി. എം.എസ്.വിജയാനന്ദ് ചടങ്ങിൽ മോഡറേറ്ററായിരുന്നു.

## കെഎൽഎം മേഖലാ സമ്മേളനം

തിരുവനന്തപുരം: കെഎൽഎം തിരുവനന്തപുരം അതിരൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ കെഎൽഎം തിരുവനന്തപുരം മേഖല ലീഡേഴ്സ് മീറ്റ് സംഘടിപ്പിച്ചു. ആറ് രൂപതകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്ത ലീഡേഴ്സ് മീറ്റ് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. ഉദ്ഘാടനം ചെയ്തു.

കെഎൽഎം മേഖലാ ഡയറക്ടർ ഫാ. ജോൺ ഡാളിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ സംസ്ഥാന ഡയറക്ടർ ഫാ. പ്രസാദ് കണ്ടത്തിൽപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. കെഎൽഎം സംസ്ഥാന പ്രസിഡന്റ് ബാബു തണ്ണിക്കോട്, അതിരൂപതാ പ്രസിഡന്റ് അഭിനന്ദ്, മേഖലാ സെക്രട്ടറി തങ്കജോതി, റ്റിഎസ്എസ്എസ് ഡയറക്ടർ ഫാ. സാബാസ് ഇഗ്നേഷ്യസ് തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് വിവിധ വിഷയങ്ങളിൽ ജോസഫ് ജൂഡ്, ജെസ്സി വർഗീസ്, ബാബു തണ്ണിക്കോട് എന്നിവർ ക്ലാസുകൾ നയിച്ചു.

## എൻഫോഴ്സ്മെന്റ് മുൻ ലേബർ ഓഫീസർ ഡോ.യൂജിൻ ഗോമസ് വിരമിച്ചു



തിരുവനന്തപുരം: നീണ്ട 30 വർഷം കേന്ദ്ര ഗവണ്മെന്റ് സർവീസിൽ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിച്ച ഡോ. യൂജിൻ ഗോമസ് സർവീസിൽ നിന്നും വിരമിച്ചു. പട്ടികജാതിവികസന ഓഫീസറായും, എൻഫോഴ്സ്മെന്റ് ലേബർ ഓഫീസറായും അസി. ലേബർ കമ്മീഷണറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ആർമിയുടെയും നേവിയുടെയും കീഴിൽ ലേബർ വെൽഫെയർ കമ്മീഷണറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

കേരള സർവകലാശാലയിൽ നിന്ന് 1997 ൽ ബാലവേലയെ സംബന്ധിച്ച പ്രബന്ധത്തിന് ഡോക്ടറേറ്റ് നേടിയ ഇദ്ദേഹം സെൻട്രൽ ആർമമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് പൂന, എൻഐവിഎം തിരുവനന്തപുരം, കേരള പ്രോഡക്ടിവിറ്റി കൗൺസിൽ ഡിഐക്യുഎം ബാംഗ്ലൂർ എന്നീ സ്ഥാപനങ്ങളിൽ ഫാക്കൽറ്റിയുമാണ്. തൊഴിലാളികൾക്കും തൊഴിൽ ദാതാക്കൾക്കും ട്രേഡ് യൂണിയനുകൾക്കും സെമിനാറുകളും വർക്ക്ഷോപ്പുകളും നാനാഭാഗങ്ങളിൽ സംഘടിപ്പിക്കുന്നുണ്ട്. കഴക്കൂട്ടം ഫാത്തിമമാതാ ഇടവകാംഗമാണ്. ഭാര്യ മെറീന യൂജിൻ. മകൾ നിഖിത മെറീന യൂജിൻ (കാനഡ).

# വിഴിഞ്ഞം തുറമുഖ പദ്ധതി നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് അനിശ്ചിതകാല സത്യാഗ്രഹസമരം

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖപദ്ധതി ഉപേക്ഷിച്ച് അദാനി കേരളം വിടണമെന്നാവശ്യപ്പെട്ടുകൊണ്ട് മത്സ്യത്തൊഴിലാളി കർഷക സംയുക്തസമരസമിതി ജൂൺ 5ന് ആരംഭിച്ച അനിശ്ചിതകാല സത്യാഗ്രഹ സമരം തുടരുന്നു. തിരുവനന്തപുരം ആഭ്യന്തര വിമാനത്താവളത്തിനു മുന്നിലായി ആരംഭിച്ച അനിശ്ചിതകാല റിലേ സത്യാഗ്രഹത്തിന്റെ വേദി അതിരൂപത വികാരി ജനറൽ ജോൺ യൂജിൻ പെരേര സന്ദർശിച്ച് അഭിവാദ്യം അർപ്പിച്ചു.

സമുദ്ര ആവാസ പരിസ്ഥിതിയും, ബീച്ചുകളും തീരത്ത് വസിക്കുന്ന മനുഷ്യരും അവരുടെ ഭവനങ്ങളും ഉപജീവനവും ഒരുപോലെ സംരക്ഷിക്കപ്പെടണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏറ്റവുമധികം തീരം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ശംഖുമുഖം കേന്ദ്രമാക്കിയാണ് സമരം ആരംഭിച്ചിരിക്കുന്നത്. വിഴിഞ്ഞത്തിന് വടക്ക് പനത്തുറ മുതൽ വേളി വരെ കടൽതീര ശോഷണം പതിന്മടങ്ങ് വർധിച്ചിരിക്കുന്ന സാഹചര്യത്തിൽ നൂറുകണക്കിന് ആളുകളുടെ വീടുകൾ കടലേറ്റത്തിൽ തകർന്നതോടെ അഭയാർത്ഥികളായ തീരദേശവാസികൾ സ്കൂളുകളിലും ഗോഡൗണുകളിലും കഴിയേണ്ട ദുരവസ്ഥയാണ് നിലവിലുള്ളത്.

വിഴിഞ്ഞം തുറമുഖം വന്നാൽ കേരള-തമിഴ്നാട് തീരം ഇല്ലാതാകും. തുറമുഖപദ്ധതിക്ക് തുടക്കമിട്ടപ്പോൾ കര കടലെടുത്തു തുടങ്ങി. ഏറ്റവും കൂടുതൽ തീരം നഷ്ടപ്പെട്ടത് ശംഖുമുഖത്താണ്. തുറമുഖം ഒരു വികസനമായി കാണുന്നവർ ഉപജീവനത്തിനായി കടലിനെ ആശ്രയിക്കുന്നവരുടെ അവസ്ഥ തിരിച്ചറിയണം. അവരുടെ അതിജീവന പോരാട്ടമാണ് ഈ സത്യാഗ്രഹസമരം. മത്സ്യത്തൊഴിലാളികൾക്കൊപ്പം പൊതുസമൂഹം ഈ സമരം ഏറ്റെടുക്കാൻ തയ്യാറാകണമെന്ന് സമരസമിതി നേതാവ് എസ്.പി.ഉദയകുമാർ ആവശ്യപ്പെട്ടു. ഫാ. ജോസ് കളിയിക്കൽ തീര സംരക്ഷണ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ പ്രസിഡന്റ് ജാക്സൺ പൊള്ളയിൽ അധ്യക്ഷനായി.

രാഷ്ട്രീയ കിസാൻ മഹാ സംഘ് ദേശീയ വൈസ് പ്രസിഡന്റ് ജോൺ ജോസഫ്, ബെഞ്ചമിൻ ഫെർണാണ്ടസ്, ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രതിനിധി വി. ഹരിലാൽ, എ ജെ വിജയൻ(കോസ്റ്റൽ വാച്ച്), സീറ്റ ദാസൻ(സേവാ യൂണിയൻ), സിസ്റ്റർ മേഴ്സി മാത്യു, ഡോ. ഡിറ്റോ ഡിക്രൂസ്, ജയ്സൺ ജോൺ(കോസ്റ്റൽ സ്റ്റുഡൻസ് കൾച്ചറൽ ഫോറം), ആർ സുഭാഷ്, ഫാ. ബേബി ചാലിൽ, സുഗതൻ പോൾ, ജെറോൺ ബേസിൽ, വിനോദ് തോമസ്, പ്രസാദ് സോമരാജൻ( പശ്ചിമഘട്ട സംരക്ഷണ സമിതി), ജനറ്റ് ക്ലീറ്റസ് എന്നിവർ സമര പരിപാടിയിൽ പ്രസംഗിച്ചു




*വിഴിഞ്ഞം തുറമുഖത്തിന്റെ പേരിൽ തീരവും തൊഴിലും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനഃരധിവസിപ്പിക്കണമെന്നും നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ട് അദാനി എയർപോർട്ടിന് മുന്നിൽ മത്സ്യത്തൊഴിലാളികൾ നടത്തുന്ന സത്യാഗ്രഹസമരത്തെ വികാരി ജനറൽ മോൺ. യൂജിൻ എച്ച്. പെരേര അഭിവാദ്യം ചെയ്ത് സംസാരിക്കുന്നു*

# മരിയൻ എൻജിനീയറിംഗ് കോളേജിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് റോബോട്ടിക്സ് ലാബ്



*മരിയൻ എൻജിനീയറിംഗ് കോളേജിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് റോബോട്ടിക്സ് ലാബിന്റെ ഉദ്ഘാടനം മന്ത്രി ആന്റണി രാജു നിർവഹിക്കുന്നു*

തിരുവനന്തപുരം: കഴക്കൂട്ടം മരിയൻ എൻജിനീയറിംഗ് കോളേജിൽ പ്രമുഖ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ സൊല്യൂഷൻസ് കമ്പനിയായ യുഎസ്ടി സ്ഥാപിച്ച ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് റോബോർട്ടിക്സ് ലാബ് മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്തു.

കോളേജിലെ തന്നെ ഇലക്ട്രോണിക്സ് ആന്റ് കമ്യൂണിക്കേഷൻ വകുപ്പിന്റെ സംരംഭമായ മരിയൻ സെന്റർ ഓഫ് എക്സലൻസ് ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ് ആണ് ലാബ് സ്ഥാപിച്ചിരിക്കുന്നത്. ആധുനിക രീതിയിലുള്ള സെൻസറുകൾ പ്രോസസറുകൾ റോബോട്ടിക് പ്ലാറ്റ്ഫോമുകൾ എന്നിവ ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. സ്വയം ഡ്രൈവ് ചെയ്യുന്ന കാറുകൾ, സ്വന്തമായി തീരുമാനമെടുക്കാൻ ശേഷിയുള്ള റോബോട്ടുകൾ, ഫേഷ്യൽ റെക്കഗ്നിഷൻ സംവിധാനം ഒബ്ജക്ട് ട്രാക്കിംഗ്, ത്രീഡി ഡിസൈനുകൾ എന്നിവ വികസിപ്പിക്കുന്നതിന് ഈ സംവിധാനങ്ങൾക്ക് കഴിയും.

യുഎസ്ടി വൈസ് പ്രസിഡന്റും സെമി കണ്ടക്ടർ ആഗോളതല മേധാവിയുമായ ഗിൽറോയ് മാത്യു, മരിയൻ എൻജിനീയറിംഗ് കോളേജ് മാനേജർ ഫാ. ഇ വിൽഫ്രഡ്, സംസ്ഥാന പിന്നോക്ക കമ്മിഷൻ അംഗം ഡോ. എ.വി.ജോർജ്, കോളേജ് പ്രിൻസിപ്പൾ ഡോ. ജെ. ഡേവിഡ്, ഡീൻ ഡോ. എ. സാംസൺ, ഇലക്ട്രോണിക്സ് വിഭാഗം മേധാവി വിനീത ബി. എൽസ, ഇസിഇ പ്രൊഫസറും പ്രോജക്ട് കോർഡിനേറ്ററുമായ പ്രൊഫ. എം. മനോജ് തുടങ്ങിയവർ പങ്കെടുത്തു.

# സർക്കാരുകളുടെ ജനദ്രോഹ നയങ്ങൾക്കെതിരെ കെ.സി. വൈ.എം.

തിരുവനന്തപുരം: കെസിവൈഎം സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സെക്രട്ടേറിയറ്റ് പടിക്കൽ ഉപവാസ സമരവും പ്രതിഷേധധർണയും നടത്തി. അനിയന്ത്രിതമായ വിലക്കയറ്റം, സർക്കാരിന്റെ തെറ്റായ മദ്യനയം, തീരദേശമേഖലയിലെ ജനങ്ങളോട് കാണിക്കുന്ന അവഗണന, മലബാർ മേഖലയിലെ ജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ, പൊതുജനത്തിന്റെ ആശങ്ക പരിഹരിക്കാതെ കെ-റെയിൽ പദ്ധതിയുമായി മുന്നോട്ടു പോകാനുള്ള സർക്കാരിന്റെ നീക്കം, രാജ്യത്ത് വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ, മതേതരത്വ വെല്ലുവിളികൾ തുടങ്ങിയ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ഉപവാസ സമരവും പ്രതിഷേധ ധർണയും നടന്നത്.

സെക്രട്ടറിയേറ്റ് പടിക്കൽ നടന്ന ഉപവാസ സമരത്തിന് രാഷ്ട്രീയ സാമൂഹിക മേഖലയിൽനിന്നുള്ള പ്രമുഖർ എത്തി അഭിവാദ്യമർപ്പിച്ചു. പാളയം രക്തസാക്ഷി മണ്ഡപത്തിൽ നിന്നും 32 രൂപതകളിൽ നിന്നുള്ള യുവജനങ്ങൾ പങ്കെടുത്ത പ്രതിഷേധറാലി സെക്രട്ടറിയേറ്റ് പടിക്കൽ സമാപിച്ചു. മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, എൻ കെ പ്രേമചന്ദ്രൻ, എംപി, എം വിൻസെന്റ് എം.എൽ. എ, മുൻ എം എൽ എമാരായ പി സി ജോർജ്, വി. ടി.ബൽറാം,തുടങ്ങിയവർ പ്രസംഗിച്ചു. സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ ചാലക്കര, ഡെലിൻ ഡേവി ഡയറക്ടർ സിസ്റ്റർ റോസ് മെറിൻ, ജിബിൻ ഗബ്രിയേൽ, സെലിൻ ചന്ദ്രബാബു, ഷിജോ നിലയ്ക്കപ്പിള്ളി, ലിനു വി ഡേവിഡ്, തുഷാര തോമസ്, സ്മിത ആന്റണി, ബിച്ചു കുര്യൻ തോമസ്, ഷൈജു റോബിൻ, സനു സാജൻ, അനീഷ് യേശുദാസ്, കെസിവൈഎം സംസ്ഥാന പ്രസിഡന്റ് ഷിജോ ഇടയാടി തിരുവനന്തപുരം ലത്തീൻ അതിരൂപത ഡയറക്ടർ ഫാ. സന്തോഷ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# പുഷ്പഗിരി പുതിയ ഇടവക

തിരുവനന്തപുരം: പുഷ്പഗിരി ലിറ്റിൽ ഫ്ളവർ ദേവാലയത്തെ പുതിയ ഇടവകയായി അതിരൂപതാ അധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ ഉയർത്തി. ഇടവകയുടെ പ്രഥമ വികാരിയായി പേട്ട ഫെറോന വികാരി ഫാ. റോബിൻസൺ എഫിനെ നിയമിച്ചു. 130 കുടുംബങ്ങൾ ഉൾക്കൊള്ളുന്നതാണ് പുഷ്പഗിരി ലിറ്റിൽ ഫ്ളവർ ഇടവക.

# ഗാർഹിക തൊഴിലാളി ദിനാചരണം

തിരുവനന്തപുരം: റ്റിഎസ്എസ്എസിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐശ്വര്യ ഗാർഹിക ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ഗാർഹിക തൊഴിലാളിദിനം ആചരിച്ചു. റ്റിഎസ്എസ്എസ് അസി. ഡയറക്ടർ ഫാ. സ്റ്റാലിൻ ഫെർണാണ്ടസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ടിഎസ്എസ് എസ്. ഡയറക്ടർ ഫാ. സാബാസ് ഇഗ്നേഷ്യസ് ഉദ്ഘാടനം ചെയ്തു

# എന്റെ കാർത്താവേ എന്റെ ദൈവമേ...

**വി. തോമസ് ശ്ലീഹായുടെതിരുനാൾ (ജൂലൈ 3)** ഉത്പ. 12:1-4. എഫെ. 2: 19-22. യോഹ. 20: 24-29

**ഫാ. ഡാനിയേൽ**

ഇന്ന് ജൂലൈ 3. ഭാരത്തിന്റെ പ്രഥമ അപ്പസ്തോലനായ തോമസ് ശ്ലീഹായുടെ തിരുനാൾ ദിനം. കാൽവരിയിൽ കെടാതെ തെളിയിച്ച വിശ്വാസത്തിന്റെ തീനാളം കടലേഴും താണ്ടി ഭാരതമണ്ണിൽ കൊണ്ടുവന്ന് നമ്മുടെ പൂർവികർക്ക് നൽകുകയും ധീര രക്തസാക്ഷിത്വം വഹിക്കുകയും ചെയ്ത വി. തോമസ് അപ്പസ്തോലന്റെ ഓർമദിനം.

ഇന്നത്തെ സുവിശേഷം ആരംഭിക്കുക പന്ത്രണ്ടുപേരിൽ ഒരുവനും ദീദിമോസ് എന്ന് വിളിക്കപ്പെടുന്നവനുമായ തോമസ് യേശു വന്നപ്പോൾ അവരോടൊപ്പം ഇല്ലായിരുന്നു എന്ന സൂചനയോടെയാണ്. ദീദിമോസ് എന്ന വാക്കിനർത്ഥം (ട്വിൻസ്) ഇരട്ട, അപരൻ എനനൊക്കെയാണ്. തോമസ് അപ്പസ്തോലൻ അവരോടൊപ്പം ഇല്ലായിരുന്നു എന്നതിനും എവിടെ പോയിരുന്നു എന്നതിനും സുവിശേഷം വ്യക്തമായ ഉത്തരം പറയുന്നില്ല. എങ്കിലും ഒരുകാര്യം വരികൾക്കിടയിലൂടെ വായിച്ചു മനസ്സിലാക്കാൻ സാധിക്കും. തോമസ് അപ്പസ്തോലൻ എപ്പോഴും മാറി നടക്കാൻ ധൈര്യം കാണിച്ച അപ്പസ്തോലനായിരുന്നു. ഈശോയെ കാത്തിരിക്കുന്നത് കല്ലേറും മരണവുമാണെന്ന് അറിഞ്ഞ മറ്റ് ശിഷ്യന്മാർ അവനോടുകൂടെ ആയിരിക്കുവാൻ മടിച്ചപ്പോഴും 'അവനോടുകൂടെ മരിക്കാൻ നമുക്കും പോകാം'. (യോഹ. 11:16) എന്ന് ഒട്ടും ആശങ്കയില്ലാതെ പറഞ്ഞത് തോമസാണ്.

മറ്റൊരവസരത്തിൽ ഞാൻ പോകുന്നിടത്തേക്കുള്ള വഴി നിങ്ങൾക്കറിയാമെന്ന് ക്രിസ്തു പറയുമ്പോൾ ശിശുതുല്യമായ നിഷ്കളങ്കതയോടെ കർത്താവേ നീ എവിടേക്ക് പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയുമെന്ന് മറുചോദ്യം കൊണ്ട് ശിഷ്യസമൂഹത്തിന്റെ ആശങ്ക അകറ്റുന്നതും വി. തോമസാണ്. ഇത് നാം സുവിശേഷത്തിൽ വായിച്ചുകേട്ട വചനഭാഗത്തിൽ പറയുന്നതുപോലെ മറ്റുശിഷ്യന്മാരെല്ലാവരും ഭയചകിതരായി അടച്ചുതാഴിട്ട മുറികളിൽ അഭയം പ്രാപിച്ചപ്പോഴും തെല്ലും ആശങ്കയില്ലാതെ പുറത്തിറങ്ങുവാൻ ധൈര്യംകാണിച്ച തോമസ് അപ്പസ്തോലൻ മറ്റുശിഷ്യന്മാരിൽ നിന്നും വ്യത്യസ്തനാകുന്നു.

> ഇഷ്ടമില്ലാത്ത അയൽക്കാരന്റെ വീട്ടിലെ കല്യാണത്തിന് പോകാതിരിക്കുന്നതും പ്രീതികരമല്ലാത്ത തീരുമാനം എടുത്ത നമ്മുടെ വികാരിയച്ചനെതിരെ കലഹിച്ച് ദിവ്യബലിയും മതബോധനവും കുടുംബ കൂട്ടായ്മയും വേണ്ട എന്ന് വയ്ക്കുന്നതുമെല്ലാം ബോധപൂർവമായ അസാന്നിധ്യമാണ്.

ഇന്നത്തെ സുവിശേഷം നമ്മുടെ മുന്നിൽ വയ്ക്കുന്ന ഏറ്റവും വലിയ സന്ദേശം ഇതാണ്. നമ്മുടെ ആഗ്രഹങ്ങളറിയുന്ന ആവശ്യങ്ങൾ മനസ്സിലാക്കുന്ന നമുക്കുവേണ്ടി നമ്മുടെ ജീവിതത്തിൽ ഇടപെടാൻ തയ്യാറാകുന്ന ഒരു ദൈവം നമ്മോടുകൂടെയുണ്ട്. കാരണം മറ്റൊന്നുമല്ല. ഈശോ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ അവിടെ ഇല്ലാതിരുന്ന തോമാസ്ലീഹ കർത്താവിനെ കാണണമെന്ന് വാശിപിടിച്ച് മറ്റ് ശിഷ്യന്മാരോടുപറഞ്ഞവാക്കുകൾ ആവർത്തിച്ചുകൊണ്ടാണ് ഈശോ തോമസിനെ വിളിക്കുന്നത്. ഈ വചനം നമുക്ക് നൽകുന്ന ആശ്വാസം ഇതാണ്. നമ്മുടെ ആവശ്യങ്ങൾ, നമ്മുടെ ആഗ്രഹങ്ങൾ ഇഷ്ടങ്ങൾ, അനിഷ്ടങ്ങൾ

കണ്ണുനീര് എല്ലാം കാണുന്ന ഒരു ദൈവം നമ്മോടുകൂടെയുണ്ട്. അതുകൊണ്ട് നീ ഒട്ടും പരിഭ്രമിക്കേണ്ട. നിന്റെ ജീവിതത്തിൽ ഇടപെടാൻ ദൈവം തയ്യാറാണ്. കർത്താവ് പ്രത്യക്ഷപ്പെട്ടപ്പോൾ ശിഷ്യന്മാരുടെ കൂട്ടത്തിൽ തോമസ് ഇല്ലായിരുന്നുവെന്ന് സുവിശേഷകൻ പറയുന്നുണ്ട്. ആഴ്ചയിലെ ആദ്യദിവസം രാവിലെ ശിഷ്യന്മാർ ഏകമനസോടെ പ്രാർത്ഥനയിലും ദൈവാരാധനയിലും നിരതമാകുന്ന വേളയിൽ തോമസ് ശിഷ്യസമൂഹത്തിന്റെ കൂട്ടായ്മയിൽ നിന്നും അകന്നിരിക്കുന്നു. ഇവിടെ നാം ശ്രദ്ധിക്കേണ്ട രണ്ടുകാര്യങ്ങളുണ്ട്. ബോധപൂർവമായ അസാന്നിധ്യവും യാദൃശ്ചികമായ അസാന്നിധ്യവും. ബോധപൂർവമായ അസാന്നിധ്യം തിന്മയായി ഭവിക്കാം. അത് ഓരോരുത്തരുടെയും വ്യക്തിപരമായ ഉത്തരവാദിത്വമാണ്. ഇഷ്ടമില്ലാത്ത അയൽക്കാരന്റെ വീട്ടിലെ കല്യാണത്തിന് പോകാതിരിക്കുന്നതും പ്രീതികരമല്ലാത്ത തീരുമാനം എടുത്ത നമ്മുടെ വികാരിയച്ചനെതിരെ കലഹിച്ച് ദിവ്യബലിയും മതബോധനവും കുടുംബ കൂട്ടായ്മയും വേണ്ട എന്ന് വയ്ക്കുന്നതുമെല്ലാം ബോധപൂർവമായ അസാന്നിധ്യമാണ്. ഇത് വ്യക്തിയുടെയും സമൂഹത്തിന്റെയും നന്മയ്ക്കും സുസ്ഥിതിക്കും വിഘാതമാണ്. എന്നാൽ തോമസ്ലീഹായുടേത് യാദൃശ്ചിക അസാന്നിധ്യമാണെങ്കിൽ പോലും കർത്താവിന്റെ ഉത്ഥാനാനുഭവം സ്വന്തമാക്കുന്നതിന് തടസമാകുന്നു. മക്കളുടെ പഠനത്തെ പ്രതി, അവരുടെ ട്യൂഷനെ പ്രതി എൻട്രൻസ് ക്ലാസുകൾക്കുവേണ്ടി ജോലിക്കുവേണ്ടി യാത്രയ്ക്കുവേണ്ടി ഞായറാഴ്ചകളിലെ ദിവ്യബലിയിലെ പങ്കാളിത്തം വേണ്ടെന്ന് വയ്ക്കുമ്പോൾ നാം നഷ്ടപ്പെടുത്തിക്കളയുന്നത് എന്റെ ജീവിതത്തിലേക്ക് വിരുന്നുവരുന്ന നമ്മുടെ ദൈവത്തിന്റെ സ്നേഹാനുഭവമാണ്. അവന്റെ വരവ് എപ്പോഴാണെന്നറിയാത്തതിനാൽ ജാഗ്രതയോടെ വർത്തിക്കണമെന്ന് വിശുദ്ധഗ്രന്ഥം ഓർമിപ്പിക്കുന്നുണ്ട്.

മാർക്കോസ് 6:45-48 തിരുവചനങ്ങൾ നമുക്ക് നൽകുന്ന ഒരാശ്വാസമുണ്ട്. മറുകരയിലേക്ക് പോകുവാനും തോണിതുഴയുവാനും ശിഷ്യന്മാരെ പ്രേരിപ്പിക്കുന്നത് ക്രിസ്തുവാണ്. എന്നാൽ അവനാകട്ടെ പ്രാർഥിക്കാനായി മലയിലേക്ക് പോകുന്നു. മലമുകളിൽ പ്രാർത്ഥനാനിരതനായ ക്രിസ്തു തിരിച്ചറിയുന്ന ശിഷ്യന്മാർ വഞ്ചി തുഴഞ്ഞ് അവശരായി എന്ന് സ്നേഹം നിറഞ്ഞവരെ സങ്കീർത്തകൻ പറയുന്നതുപോലെ (സങ്കീർ. 56:8) അവിടുന്ന് എന്റെ അലച്ചിലുകൾ എണ്ണിയിട്ടുണ്ട്. എന്റെ കണ്ണീർ കണങ്ങൾ അങ്ങ് കുപ്പിയിലാക്കി ശേഖരിച്ചിട്ടുണ്ട്. നമ്മെ അറിയുന്ന ദൈവം എന്റെ ആഗ്രഹവും ഇഷ്ടവും അനിഷ്ടവും സ്വപ്നവും ഒരുപോലെ മനസ്സിലാക്കുന്ന ദൈവം എന്റെ ജീവിതത്തിൽ ഇടപെടും. ജീവിതത്തിലെ സകല വേദനകൾക്കും സങ്കടങ്ങൾക്കിടയിലും പരിഭവം ചൊല്ലി നിൽക്കുന്ന പ്രവാചകനോട് ദൈവം നൽകുന്ന മറുപടികേട്ട് പ്രവാചകൻ ഇപ്രകാരം പ്രത്യുത്തരിക്കുന്നത്. “അത്തിമരം പൂക്കുന്നില്ലെങ്കിലും ഒലിവുമാത്രം കായ്ക്കുന്നില്ലെങ്കിലും മുന്തിരിയിൽ ഫലങ്ങൾ ഇല്ലാതായാലും വയലിൽ ധാന്യങ്ങൾ വിളവുതന്നില്ല എങ്കിലും ആട്ടിൻപറ്റം ആലയിൽ അറ്റുപോയാലും കന്നുകാലികൾ തൊഴുത്തിൽ ഇല്ലാതായായാലും ഞാൻ കാത്തിരിക്കും എന്റെ ദൈവത്തിനുവേണ്ടി.” ഇന്നല്ലെങ്കിൽ നാളെ നമ്മുടെ സങ്കടങ്ങളിലും ആകുലതകളിലും രോഗങ്ങളിലും കടങ്ങളുടെ നടുവിലേക്ക് ഒരു അതിജീവനമന്ത്രം പോലെ ദൈവം കടന്നുവരും. ■

# ആരാണ് അയൽക്കാരൻ

**ആണ്ടുവട്ടം 15-ാം ഞായർ (ജൂലൈ 10)** നിയമ. 30: 10-14, കൊളോ. 1:15-20, ലൂക്ക. 10: 25-37

**ഫാ. ഡൈസൻ**

ഒരു നേരത്തെ ആഹാരത്തിനു പോലും വകയില്ലാതെ കീറിയ വസ്ത്രം ധരിച്ച്, തണുപ്പത്ത് വിറങ്ങലിച്ച് വഴിയോരത്തിൽ നില്ക്കുന്ന പെൺകുട്ടിയെ കണ്ടപ്പോൾ സാമൂഹ്യസേവകന് മനം നൊന്തു. ഉഗ്രകോപത്തോടെ അവൻ ദൈവത്തെ നോക്കി ആക്രോശിച്ചു: “അങ്ങ് എന്തിന് ഇതനുവദിക്കുന്നു? ഈ കുഞ്ഞിന് സ്വന്തമെന്ന് പറയാൻ ആരുമില്ല, ആഹാരമില്ല, നല്ല വസ്ത്രമില്ല! ഇവൾക്ക് വേണ്ടി അങ്ങ് എന്തെങ്കിലും ചെയ്തു കൂടെ?” നീണ്ട മൗനത്തിനുശേഷം ദൈവം അവനോട് പറഞ്ഞു: “ഈ കുട്ടിയുടെ കാര്യത്തിൽ ഞാൻ ചിലത് ചെയ്തിട്ടുണ്ട്”. സാമൂഹ്യസേവകൻ ചോദിച്ചു: “അങ്ങ് എന്താണ് ചെയ്തത്?” ദൈവം ഉത്തരം നല്കി. ഈ കുട്ടിയുടെ കാര്യം നോക്കുവാൻ വേണ്ടിയാണ് ഞാൻ നിന്നെ സൃഷ്ടിച്ചത്! ദൈവം നമ്മെ ഈ ലോകത്ത് സൃഷ്ടിച്ചത് പരസ്പരം നല്ല അയൽക്കാരാകാൻ വേണ്ടിയാണ്. അപകടത്തിൽപ്പെട്ടവൻ ശത്രുവായാൽ പോലും അവന്റെ ജീവനെ രക്ഷിക്കുന്നവനാണ് യഥാർത്ഥ അയൽക്കാരൻ. യഥാർത്ഥ മനുഷ്യത്വവും സ്നേഹവും എന്താണെന്ന് സ്വന്തം ജീവിതത്തിലൂടെ കാണിച്ചു തരുന്ന സമറിയക്കാരൻ നമുക്ക് ഏവർക്കും അനുകരിക്കാവുന്ന ഏറ്റവും നല്ല മാതൃകയാണെന്ന് ഉപമ ചൂണ്ടിക്കാ

ണിക്കുന്നു.

ജെറുസലേമിൽ നിന്ന് ജെറിക്കോയിലേക്കു പോകുന്ന പാതയ്ക്ക് 25 കിലോമീറ്ററിലധികം ദൂരമുണ്ട്. ബറാബ്ബാസ്പോലുള്ള കുപ്രസിദ്ധരായ കവർച്ചകാരുടെ താവളമായിരുന്നു ഈ പാത. അനേകം യാത്രക്കാരുടെ രക്തം കൊണ്ട് പങ്കിലമായിരുന്നു ഈ വഴി. അതുകൊണ്ട് ഈ വഴിക്ക് "രക്തത്തിന്റെ പാത"യെന്ന് പേരുണ്ടായിരുന്നു! ഈ വഴിയിലൂടെ യാത്ര ചെയ്ത മനുഷ്യൻ കവർച്ചക്കാരുടെ കൈയ്യിൽ അകപ്പെട്ടു. അവർ അവന്റെ വസ്ത്രങ്ങൾ ഉരിഞ്ഞെടുത്ത്, അവനെ പ്രഹരിച്ച് അർദ്ധപ്രാണനാക്കിയിട്ടു പൊയ്ക്കളഞ്ഞു! രക്തത്തിൽ കുളിച്ച് ജീവനുവേണ്ടി മല്ലിടുമ്പോൾ അശുദ്ധിയുടെ പേരിൽ പുരോഹിതനും, ലേവായനും അവനെ ഉപേക്ഷിച്ച് ദൈവാലയ ശുശ്രൂഷയ്ക്ക് പോയി. ചെയ്യാൻ സാധിക്കുമായിരുന്ന നന്മ ചെയ്യാതെയും ദൈവഹിതത്തിനു വിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുക വഴി ദൈവശുശ്രൂഷ ചെയ്യുന്നതിനു അയോഗ്യരായി തീരുകയാണ്. ആപത്തിൽപ്പെട്ട സഹോദരന്റെ ജീവൻ രക്ഷിക്കാൻ സാധിക്കുമായിരുന്നിട്ടും, അതു ചെയ്യാതിരിക്കുന്നത് കൊല്ലുന്നതിനു തുല്യമാണ്. അതേ സമയം അതുവഴി കടന്നു വന്ന സമറിയാക്കാരനും അശുദ്ധിയുടെ നിയമം ബാധകമാണ് (ലേവ്യ: 21:11). എങ്കിലും ജീവൻ രക്ഷിക്കുന്നതാണ് സുപ്രധാനമെന്ന തിരിച്ചറിവാണ് മരണത്തിന്റെ വക്കിലെത്തിയ ഒരു യഹൂദനെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ സമറിയാക്കാരനെ പ്രേരിപ്പിച്ചത്.

പരസ്പരം സമ്പർക്കമില്ലാതെ ശത്രുതയിൽ കഴിഞ്ഞവരാണ് യഹൂദരും സമറിയാക്കാരും (യോഹ 4:9). യേശുവിനെപോലും സ്വീകരിക്കാൻ തയ്യാറാകാത്തവരായിരുന്നു സമറിയാക്കാർ (ലൂക്ക 9:53). അവരെ സ്വർഗ്ഗത്തിൽ നിന്ന് അഗ്നി ഇറക്കി നശിപ്പിക്കാൻ തിടുക്കം കൂട്ടിയത് യാക്കോബും യോഹന്നാനുമായിരുന്നു (ലൂക്കാ 9:54). വിജാതിയരെക്കാൾ നികൃഷ്ടരായിട്ടാണ് യഹൂദർ സമറിയാക്കാരെ കണ്ടിരുന്നത്. ഇവർ തമ്മിലുള്ള ശത്രുതയ്ക്ക് പ്രധാനപ്പെട്ട കാരണം. സമറിയാക്കാർ അബ്രഹാത്തിന്റെ സന്തതി പരമ്പരയിൽപ്പെട്ടവരാണ്. ബാബിലോണിയൻ വിപ്രവാസത്തിലായിരുന്നപ്പോൾ വിജാതീയരുമായി വിവാഹബന്ധത്തിലേർപ്പെട്ട് ഒരു സങ്കരജനതയായി തീർന്നു. ഇങ്ങനെയുള്ളവരെ യഹൂദർ കണ്ടത് വർഗ്ഗശത്രുക്കളായിട്ടാണ്. ആപത്തിൽപ്പെട്ട് നിലവിളിക്കുന്നവന്റെ മുമ്പിൽ ജാതിയും, വർണ്ണവും, വർഗ്ഗവും നോക്കാതെ ജീവൻ രക്ഷിക്കാൻ മുന്നോട്ടുവന്ന സമറിയാക്കാരൻ നല്ല അയൽക്കാരനാണ്. ദുരിതം അനുഭവിക്കുന്ന മനുഷ്യരെ അവഗണിച്ച്, അവർക്ക് ചെയ്യേണ്ട നന്മ ചെയ്യാതെ ദൈവലായത്തിന്റെ പേര് പറഞ്ഞ് ഒഴിഞ്ഞ് മാറുന്നവർ കപടഭക്തരാണ്. പ്രാണനുവേണ്ടി നിലവിളിക്കുന്നവരിൽ യേശുവിന്റെ നിലവിളി കേൾക്കുവാനാവണം! നാം ജീവിക്കുന്ന ഈ ലോകത്തിൽ ആരാണ് യഥാർത്ഥ അയൽക്കാരൻ?

**1. നന്മ ചെയ്യുന്നവനാണ് നല്ല അയൽക്കാരൻ:** സ്വാർത്ഥതയില്ലാതെ നന്മ ചെയ്യുന്നവനാണ് യഥാർത്ഥ അയൽക്കാരൻ. ഈ ലോകം നില നിന്നു പോകുന്നത് നല്ല അയൽക്കാർ ഉള്ളതുകൊണ്ടാണ്. അവധികാലം ചിലവഴിക്കാൻ ടോണി ദൈവത്തിന്റെ സ്വന്തനാടായ കേരളത്തിലെത്തി. ഫോർട്ട് കൊച്ചി സൗത്ത് കടൽപ്പുറത്തെ മാലിന്യകുമ്പാരം കണ്ട് അമ്പരന്നു. എല്ലാ ദിവസവും രാവിലെ 6 മുതൽ 9 മണി വരെ കടൽപ്പുറം ശുചിയാക്കി അവിടെ ഒരു ബോർഡ് സ്ഥാപിച്ചു: "നിങ്ങളുടെ മക്കൾക്കുവേണ്ടി നിങ്ങളും ഇതു ചെയ്യുക". നമുക്ക് ആരും അല്ലാത്ത ടോണി നന്മ ചെയ്യുന്നതിലൂടെ നമ്മുടെ അയല്ക്കാരനായി മാറി. ഒറ്റ ദിവസം 20101 ചെടികൾ നട്ട് ഭൂമിയുടെ പച്ചപ്പ് നിലനിറുത്താൻ ശ്രമിച്ച മുഹമ്മദ് യുസഫ് നല്ല അയൽക്കാരനാണ്. ഇന്ത്യയിലെ 32 പട്ടണങ്ങളിൽ വിശപ്പനുഭവിക്കുന്ന ലക്ഷക്കണക്കിനാൾക്കാർക്ക് ആഹാരം എത്തിക്കാൻ 2000 മുകളിൽ ചെറുപ്പക്കാർ ഫിഡിങ്ങ് ഇന്ത്യ എന്ന സംഘടനയിൽ അംഗങ്ങളായിനു പിന്നിൽ അങ്കിത് കാവത്രയെന്ന നല്ല അയൽക്കാരനാണ്. ഗാന്ധിജിയും, മദർ തെരേസായും, വിൻസന്റ് ഡി പോളും നല്ല അയൽക്കാർ ആരാണെന്നുള്ളതിന് മാതൃകളാണ്. നന്മ ചെയ്യുന്നവർ നല്ല അയൽക്കാരാണ്. അവരുടെ എണ്ണം കൂടുംന്തോറും ഈ ലോകം ഒരു പറുദീസായായി മാറുന്നു. പ്രകൃതിയിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ കനികൾ നീട്ടുന്ന മരങ്ങളും, പാൽ ചുരത്തുന്ന കന്നുകാലികളും, മഴയായി പെയ്യുന്ന മേഘങ്ങളും, ചൂടും വെളിച്ചവും നല്കുന്ന സൂര്യനും ചന്ദ്രനും എല്ലാം നല്ല അയൽക്കാരാണ്. ആ പ്രകൃതിയെ നശിപ്പിക്കാതെ ഭാവി തലമുറക്കുവേണ്ടി അതിനെ സംരക്ഷിക്കുന്നവനാണ് ഇന്നിന്റെ സാഹചര്യത്തിൽ യഥാർത്ഥ അയൽക്കാരൻ.

**2. അപരനെ സഹോദരനായി കാണുന്നവനാണ് നല്ല അയൽക്കാരൻ:** ആരുമില്ലാത്ത വ്യക്തികൾ ആപത്തിൽപെടുമ്പോൾ അവരെ മാംസത്തിന്റെ മാംസമായി കണ്ട് സഹായഹസ്തം നീട്ടുന്നവനാണ് യഥാർത്ഥ അയൽക്കാരനും, കൂടപ്പിറപ്പും. പ്രളയം കേരളത്തെ വിഴുങ്ങുമ്പോൾ തങ്ങളുടെ ആരുമല്ലാത്ത അനേകരെ തങ്ങളുടെ കൂടെപ്പിറപ്പായി കണ്ട് അവരുടെ ജീവൻ രക്ഷിച്ച മത്സ്യത്തൊഴിലാളികൾ യഥാർത്ഥ അയൽക്കാരാണ്. ഭാരിച്ച കുരിശു വഹിച്ച് മനുഷ്യകുലത്തെ രക്ഷിക്കാൻ വേണ്ടി കാൽവരിയാത്രയിൽ കുരിശു താങ്ങി സഹായിച്ച ശിമയോനും, മുഖം തുടച്ച് ആശ്വാസം നല്കിയ വേറേനിക്കയും, യേശുവിന്റെ വേദനയിൽ കണ്ണുനീർ തൂകിയ ജറുസലേം സ്ത്രീകളും നല്ല അയൽക്കാരാണ്. മറ്റുള്ളവരുടെ സഹനത്തിൽ, ദു:ഖത്തിൽ പങ്കാളികളാകുകയും അവരുടെ മുറിവുകളെ സ്പർഷിക്കാൻ തക്കവിധം അവരെ സമീപിക്കുകയും, എല്ല അകലങ്ങളെയും മറന്ന്, അവരുമായി അടുക്കുന്നവരാണ് നല്ല അയൽക്കാർ. യുദ്ധമുഖത്ത് ജീവനു മല്ലടിച്ച അനേകരെ ശുശ്രൂഷിക്കുകയും, ജീവനിലേക്ക് തിരികെ കൊണ്ടുവരികയും ചെയ്ത ഫ്ളോറൻസ് നൈറ്റിംഗേലും നല്ല അയൽക്കാരിയാണ്. ആപത്തിൽപ്പെടുന്ന വ്യക്തികളെ സഹായിക്കുന്ന ഓരോരുത്തരും നല്ല അയൽക്കാരും കൂടപ്പിറപ്പുകളുമാണ്. ശത്രുതയിൽ കഴിയുന്ന സഹോദരങ്ങൾക്ക് നന്മ ചെയ്യുന്നവനും നല്ല അയൽക്കാരനാണ്. കൂടെപ്പിറപ്പായിരുന്നിട്ടും സഹോദരങ്ങളുടെ ഏറ്റവും കൂടുതൽ ക്രൂരത ഏറ്റുവാങ്ങിയ വ്യക്തിയാണ് പൂർവ്വപി

താവായ യൗസേപ്പ്. തന്നെ ദ്രോഹിച്ച സഹോദരങ്ങളോട് പ്രതികാരം ചെയ്യാതെ അവരെ വലിയ ക്ഷാമത്തിൽ നിന്ന് രക്ഷിക്കുകയും, അവരെ ഈജിപ്തിൽ ഉന്നതരാക്കുകയും ചെയ്ത പൂർവ്വ പിതാവായ യൗസേപ്പാണ് യഥാർത്ഥ കൂടെപ്പിറപ്പും, അയൽക്കാരനുമാണ്. സഹോദരനെ വഞ്ചിച്ച യാക്കോബ് വർഷങ്ങൾക്ക് ശേഷം മൂത്ത സഹോദരനായ ഏസാവിനെ കാണാൻ എത്തുമ്പോൾ, ഏസാവ് അവനെ ഹാർദാവമായി സ്വീകരിച്ചതു കണ്ടപ്പോൾ യാക്കോബ് അവനിൽ കാണുന്നത് ദൈവത്തിന്റെ മുഖമാണ്. ശത്രുവായി കാണുന്ന സഹോദരങ്ങളുടെ മുഖത്തിൽ ദൈവത്തെ കാണുവാൻ തുടങ്ങുമ്പോൾ അവൻ കൂടെപ്പിറപ്പും അയൽക്കാരനുമായി മാറുകയാണ്.

**3. കരുണ കാണിക്കുന്നവനാണ് നല്ല അയൽക്കാരൻ.** യേശു പ്രഘോഷിച്ച സുവിശേഷങ്ങളുടെ അകക്കാമ്പ് കരുണയാണ്. ദൈവത്തിന്റെ നാമമാണ് കരുണയെന്നും, ദൈവത്തിന്റെ തിരിച്ചറിയൽ കാർഡാണ് കരുണയെന്നും ഫ്രാൻസിസ് പാപ്പ പറയുന്നു. മനുഷ്യരോടുള്ള കാരുണ്യം കൊണ്ടാണ് ദൈവം മനുഷ്യനായതും, മനുഷ്യരെ രക്ഷിച്ചതും. ദൈവം നമ്മുടെ സ്രഷ്ടാവാണെങ്കിലും, മനുഷ്യനായതിലൂടെ നമ്മുടെ വേദനകളിൽ ദു:ഖങ്ങളിൽ പങ്കാളിയായതിലൂടെ നമ്മുടെ ഏറ്റവും നല്ല അയൽക്കാരനുമായെന്ന് പറയുവാൻ സാധിക്കും. പാപികളായ നമുക്ക് രക്ഷയുടെ വാതിൽ തുറന്നു തന്നതിലൂടെ ദൈവത്തിന്റെ കാരുണ്യം നാം അനുഭവിക്കുന്നു. കർത്താവ് എല്ലാം പൊറുക്കുന്നില്ലെങ്കിൽ, ഈ ലോകം നിലനില്ക്കുകയില്ല. ദൈവവചനം പറയുന്നു കർത്താവേ അങ്ങ് ഞങ്ങളുടെ പാപങ്ങളുടെ കണക്കുവച്ചാൽ ആർക്ക് ഈ ലോകത്തിൽ നിലനില്ക്കാൻ സാധിക്കും (സങ്കീ 130:3). ദൈവത്തിന്റെ കരുണയെ കൂടാതെ ഈ ലോകത്തിന് നിലനില്ക്കാൻ സാധിക്കുകയില്ല. ദൈവത്തെപ്പോലെ നമ്മോട് കരുണ കാണിക്കുന്ന നല്ല അയൽക്കാരൻ ആരുണ്ട്? അനുദിന ജീവിതത്തിൽ സഹജരോട് കരുണ കാണിക്കുന്ന വ്യക്തികളും നല്ല അയൽക്കാരാണ്. ഉപമയിൽ മുറിവേറ്റ് വഴിവക്കൽ കിടക്കുന്നവനോട് കരുണ കാണിച്ച സമരിയാക്കാരൻ നല്ല അയൽക്കാരനാണ്.

ഏറ്റവും മാരകമായ മുറിവേറ്റവരെ ശുശ്രൂഷിക്കുന്ന യുദ്ധകളത്തിലെ ആശുപത്രിയായ സഭ ഉപമയിൽ മുറിവേറ്റവരെ പരിചരിക്കുന്ന സത്രത്തിനു തുല്യമാണ്! നല്ല അയൽക്കാരൻ യേശുവാണ്. യേശുവിന്റെ രണ്ടാം വരവിൽ സ്വർഗ്ഗത്തിൽ പോകാൻ സഭ സജ്ജമാകണമെന്നുള്ള യഥാർത്ഥ്യം മനസ്സിലാക്കി നമ്മൾ പരസ്പരം നല്ല അയൽക്കാരായി ജീവിക്കാം. ■

# ആശങ്കകളും ആകുലതകളും മാറ്റിവയ്ക്കാം

**ആണ്ടുവട്ടം 16-ാം ഞായർ (ജൂലൈ 17)** ഉല്പ. 18: 1-10, കൊളോ. 1: 24-28, ലൂക്ക. 10: 38-42

**ബ്രദ. സാലു സിൽവയ്യൻ**

ഒരു ഉത്തമ ശിഷ്യന്റെ മനസ്സോടെ നമുക്ക് അവിടത്തെ പാദത്തിങ്കൽ ആയിരിക്കാം നമ്മളെ കൂടുതൽ അറിയുവാനും മറ്റുള്ളവരെ ആഴത്തിൽ മനസ്സിലാക്കുവാനും. ശബ്ദ കോലാഹലങ്ങളുടെയും ആകുലതകളുടെയും തീരത്തു നിന്ന് ക്രിസ്തുവിന്റെ ഹൃദയത്തിന്റെ ശാന്തതയിലേക്ക് ചാരികിടന്നുകൊണ്ട് നിശബ്ദതയുടെയും പ്രാർത്ഥനയുടെയും പുതിയ സുവിശേഷം ശ്രവിക്കാം.

ക്രിസ്തീയ ജീവിതത്തിൽ ആതിഥ്യമര്യാദയുടെ പ്രാധാന്യത്തെ വിളിച്ചോതുന്നതാണ് ഈ വായനകളുടെ കേന്ദ്ര ആശയം. അപരിചിതരോടുള്ള അബ്രഹാമിന്റെ യും സാറായുടെയും ആതിഥ്യത്തിന് ദൈവം എങ്ങനെ പ്രതിഫലം നൽകിയെന്ന് ഇന്നത്തെ ആദ്യവായന വിവരിക്കുന്നു. ഇന്നത്തെ രണ്ടാം വായനയിൽ പൗലോസ് അപ്പോസ്തലൻ ഇപ്രകാരം പറയുന്നു' ദൈവവചനം പൂർണ്ണമായി വെളിപ്പെടുത്തുക എന്ന ദൈവിക ദൗത്യം നിറവേറ്റാൻ ദൈവം ഭരമേല്പിച്ച ശുശ്രൂഷകനാണു ഞാൻ'. താൻ പ്രസംഗിക്കുന്ന ക്രിസ്തുവിന്റെ രഹസ്യത്തോട് ഹൃദയവും മനസ്സും തുറക്കാനും ആതിഥേയത്വം പ്രകടിപ്പിക്കാനും വിശ്വാസികളെ സ്വാഗതം ചെയ്യുകയാണ് പൗലോസ് അപ്പോസ്തലൻ. ഇന്നത്തെ സുവിശേഷത്തിൽ ക്രിസ്തുവിനെ സ്വഭവനത്തിൽ സ്വീകരിക്കുകയും അവനു വേണ്ട ആതിഥ്യമരുളുവാൻ വിപുലമായി ഭക്ഷണം തയ്യാറാക്കാൻ തിടുക്കം കൂട്ടുന്ന മർത്തായെയും കർത്താവിന്റെ വചനങ്ങൾ കേട്ടുകൊണ്ട് അവന്റെ പാദത്തിങ്കൽ ഇരിക്കുന്ന മറിയത്തെയും കാണാം.

സുവിശേഷകൻ മർത്തായെ പ്രവർത്തനത്തിന്റെ പ്രതീകമായും മറിയത്തെ യഥാർത്ഥ ശ്രോതാവായും അവതരിപ്പിക്കുന്നു. നമുക്ക് സേവന തൽപരരായ മർത്തമാരെയും, ശ്രദ്ധയോടെ കേട്ടിരിക്കുന്ന മറിയത്തെയും ആവശ്യമാണ്. മർത്താ പ്രവർത്തനാധിഷ്ഠിതമായ ഉത്തരവാദിത്വമുള്ള ആളുകളുടെ പ്രതീകമായി മാറുന്നു. നമ്മുടെ ഇടവകയ്ക്കും സഭയ്ക്കും പ്രവർത്തനനിരതരും ഉദാരമതികളുമായ ആൾക്കാരെയും ഭവനങ്ങളിലും ജോലിസ്ഥലങ്ങ

ളിലും മറിയത്തെപോലെ മറ്റുള്ളവരെ ശ്രവിക്കുന്ന നല്ലശ്രോതാക്കളെയും സഭയ്ക്കിന്ന് ആവശ്യമാണ്. നമ്മുടെ തിരക്ക് പിടിച്ച ദൈനംദിന ജീവിതചര്യകളിൽ ദൈവത്തെ ശ്രവിക്കുവാനും, ജീവിതപങ്കാളിയെ ശ്രവിക്കുവാനും, മക്കളെ ശ്രവിക്കുവാനും, സഹോദരരെ ശ്രവിക്കുവാനും,അയൽക്കാരനെ ശ്രവിക്കുവാനും സമയം കണ്ടെത്തണം. പല കുടുംബബന്ധങ്ങളും ഇന്ന് ശിഥിലമായി പോകുന്നത് നല്ല കേൾവിക്കാർ ഇല്ലാത്തതുകൊണ്ടാണ്. യഥാർത്ഥ മനുഷ്യ സ്നേഹം തുടങ്ങുന്നതുതന്നെ ശ്രവിക്കലിൽ നിന്നാണ്. കൂടുതൽ ശ്രവിക്കുന്നതിലൂടെയേ നാം കൂടുതൽ വളരൂ.

നമ്മുടെ മുൻഗണനകൾ എങ്ങനെ സജ്ജീകരിക്കണമെന്ന് സുവിശേഷത്തിലൂടെ യേശുനാഥൻ വ്യക്തമാക്കുന്നു. മർത്തായിലെ പ്രവർത്തനത്തിന്റെ തിരക്കേറിയ ജീവിതത്തെക്കാളും മറിയത്തിലെ ധ്യാനത്തിന്റെയും പ്രാർത്ഥനയുടെയും ശാന്തമായ ജീവിതമാണ് മികച്ചതെന്ന് സുവിശേഷം വ്യക്തമാക്കുന്നു. മർത്തായുടെയും അവളുടെ പ്രവർത്തനത്തെയും നിസാരവൽക്കരിക്കാനല്ല മറിച്ച് ദൈവവചനം ശ്രവിക്കുന്നതിനാണ് കൂടുതൽ മുൻഗണന നൽകേണ്ടതെന്ന് യേശു വ്യക്തമാക്കുന്നു.

പ്രാർത്ഥനയും പ്രവർത്തനങ്ങളും പരസ്പരപൂരകവും, പരസ്പരാശ്രിതവുമായിരിക്കണം. പ്രവൃത്തിയില്ലാത്ത പ്രാർത്ഥനയും പ്രാർത്ഥന യില്ലാത്ത പ്രവർത്തിയും അതിൽതന്നെ ശൂന്യമാണ്.

ദൈവവചനം ശ്രദ്ധയോടെ ശ്രവിക്കുന്നവർക്ക് മാത്രമേ മറ്റുള്ളവരുടെ ക്ഷേമത്തിൽ അഗാധമായ കരുതൽ കാണിക്കുവാനും ദൈവം ആഗ്രഹിക്കുന്ന രീതിയിൽ പ്രവർത്തിക്കുവാനും കഴിയുകയുള്ളൂ. ശരിയായ സേവനം തന്റെ ശാരീരിക ആവശ്യങ്ങളോടുള്ള വിപുലമായ കരുതൽ മാത്രമല്ല തന്റെ പ്രബോധനത്തോടുള്ള ശ്രദ്ധയാണെന്ന് മർത്തായെ യേശു ഓർമ്മപ്പെടുത്തുന്നു. കർത്താവിനെ ശ്രവിച്ചു കൊണ്ടാണ് മറിയം അവനോടുള്ള തന്റെ സ്നേഹം പ്രകടമാക്കിയത്. മറിയം കർത്താവിനെ ശ്രവിക്കൽ തെരഞ്ഞെടുത്തു മർത്താ അടുക്കളയിലെ ജോലി ചെയ്യൽ (അവളുടെ മുൻഗണനയായി) തിരഞ്ഞെടുത്തു, രണ്ടും ആവശ്യമാണ്. എന്നാൽ കർത്താവ് കൂടെയുള്ളപ്പോൾ, അവിടുന്ന് നമ്മെ പഠിപ്പിക്കാൻ ആഗ്രഹിക്കുമ്പോൾ നമ്മുടെ സ്വന്തം അജണ്ടകളൊക്കെ മാറ്റിവയ്ക്കേണ്ടതുണ്ട്.

വ്യഗ്രചിത്തതയും ഉത്കണ്ഠാകുലയും അസ്വസ്ഥയുമായ മർത്താ ഇന്നത്തെ തലമുറയെ പ്രതിനിധാനം ചെയ്യുന്നുണ്ട്. ഒരു കാര്യത്തിൽ തന്നെ പൂർണ്ണമായും ശ്രദ്ധ കേന്ദ്രീകരിക്കാതെ അശ്രദ്ധാപൂർവം അരക്ഷിതമായ അന്തരീക്ഷത്തിൽ ജീവിക്കുന്ന പുതുതലമുറ ഒരുപാട് കാര്യങ്ങൾ ഒരേസമയം ചെയ്യുന്നതുകൊണ്ടുതന്നെ ഒന്ന് ശാന്തമായി ഇരിക്കാൻ പോലും കഴിയുന്നില്ല. മർത്തായെപോലെ നമ്മുടെ തന്നെ ആഗ്രഹങ്ങളുടെയും അഭിലാഷങ്ങളുടെയും ഭൂതകാലത്തിന്റെയും ഭാവി കാലത്തിന്റെ പിറകേ വ്യഗ്രചിത്തരാണ് നാമും. നമ്മുടെ ആശങ്കകളും ആകുലതകളും മാറ്റിവെച്ച് മറിയത്തെ പോലെ അവിടുത്തെ പാദത്തിങ്കൽ നമുക്ക് സ്വസ്ഥമായി ഇരിക്കാം.

പ്രാർത്ഥനയ്ക്ക് പല നിർവചനം ഉണ്ടെങ്കിലും എന്റെ ഹൃദയത്തെ സ്പർശിച്ചത് ഈ നിർവചനമാണ് "ദൈവത്തെ നോക്കുക നമ്മെ നോക്കാൻ ദൈവത്തെ അനുവദിക്കുക" ഇവിടെ വാക്കുകളുടെയോ ആഗ്രഹങ്ങളുടെയോ ശബ്ദകോലാഹലങ്ങളില്ലാ, മറിച്ച് നിശബ്ദതയുടെ സ്നേഹ സംഗീതം മാത്രം മുഴങ്ങിക്കൊണ്ടിരിക്കുന്നു. ഈ ലോകത്തിലെ എല്ലാ തിരക്കുകളിൽ നിന്നും നമുക്ക് പുറത്തു വരാം എന്നിട്ട് ശാന്തമായിരുന്നു നമ്മുടെ ഹൃദയത്തിന്റെ അകത്തളങ്ങളിൽ മന്ത്രിക്കുന്ന ദൈവസ്വരം കേൾക്കാം. ഒരു ഉത്തമ ശിഷ്യന്റെ മനസ്സോടെ നമുക്ക് അവിടത്തെ പാദത്തിങ്കൽ ആയിരിക്കാം നമ്മളെ കൂടുതൽ അറിയുവാനും മറ്റുള്ളവരെ ആഴത്തിൽ മനസ്സിലാക്കുവാനും. ശബ്ദ കോലാഹലങ്ങളുടെയും ആകുലതകളുടെയും തീരത്തുനിന്ന് ക്രിസ്തുവിന്റെ ഹൃദയത്തിന്റെ ശാന്തതയിലേക്ക് ചാരികിടന്നുകൊണ്ട് നിശബ്ദതയുടെയും പ്രാർത്ഥനയുടെയും പുതിയ സുവിശേഷം ശ്രവിക്കാം. ■

# പ്രാർത്ഥനയുടെ ശക്തി

**ആണ്ടുവട്ടം 17-ാം ഞായർ (ജൂലൈ 24)** ഉല്പ. 18: 20-32, കൊളോ. 2: 12-14, ലൂക്ക. 11: 1-13

**ഫാ. ഡാർവിൻ**

പ്രാർത്ഥനയെന്നത് ദൈവവുമായുള്ള ഐക്യമാണ്. ദൈവത്തോടൊപ്പം ഒരുമിച്ചു നടക്കുന്നതാണ് പ്രാർത്ഥന. ഒപ്പം നടക്കുമ്പോൾ നാം സംസാരിക്കുന്നു, ആശയും കൈമാറുന്നു, ബന്ധം ആഴപ്പെടുത്തുന്നു, സ്നേഹിതരായിത്തീരുന്നു. ജീവിതത്തെ പ്രാർത്ഥനയാക്കിയവൻ ഈ സ്നേഹസൗഹൃദത്തിലേക്ക് നമ്മെ ക്ഷണിച്ചുകൊണ്ട്, നാം എപ്രകാരം പ്രാർത്ഥിക്കണമെന്നും, ഈ പ്രാർത്ഥനയുടെ ശക്തിയെന്തെന്നും ഇന്നത്തെ സുവിശേഷത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. വചനവിചിന്തനത്തെ നമുക്ക് മൂന്നായി തിരിക്കാം.

## 1) യേശുവിന്റെ പ്രാർത്ഥന

ഇന്നത്തെ സുവിശേഷത്തിന്റെ ആരംഭത്തിൽ യേശു ഒരിടത്തിരുന്നു പ്രാർത്ഥിച്ചുകൊണ്ടിരുന്നതായി ലൂക്കാ സുവിശേഷകൻ ചൂണ്ടിക്കാണിക്കുന്നു. ലൂക്കായുടെ

സുവിശേഷമനുസരിച്ച് യേശുവിന്റെ ജ്ഞാനസ്നാനയവസരത്തിൽ അവൻ പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോൾ സ്വർഗം തുറക്കപ്പെടുന്നു; പരിശുദ്ധാത്മാവ് ഇറങ്ങി വരുന്നു; ദൈവപിതാവിന്റെ സ്വരം കേൾക്കുന്നു (3:21-22). അതെ, സ്വർഗം തുറക്കപ്പെടുന്നത് യേശുവിന്റെ പ്രാർത്ഥന. ത്രിത്വൈകദൈവ സാന്നിധ്യമാണത്. ഓരോ പ്രവൃത്തിയും പ്രാർത്ഥനാചൈതന്യത്തോടെ യേശു നിർവഹിച്ചപ്പോൾ അവന്റെ വാക്കും പ്രവൃത്തിയും മറ്റുള്ളവർക്ക് അനുഗ്രഹമായി മാറുന്നു. പകലും രാത്രിയും, മലമുകളിലും വിജനപ്രദേശങ്ങളിലും പ്രാർഥനയ്ക്കായി അവൻ മാറ്റിവച്ചപ്പോൾ അവന്റെ മുഖവും ഹൃദയവും ദൈവിക ചൈതന്യത്താൽ നിറയപ്പെടുന്നു (9:28-36). അവന്റെ പ്രാർഥനയിൽ ആനന്ദമുണ്ടായിരുന്നു (10:21), സമർപ്പണമുണ്ടായിരുന്ന (22:42). നന്ദി നിറഞ്ഞ ഹൃദയത്തോടും (9:16) സഹോദരരോട് ക്ഷമിക്കുന്ന സ്നേഹത്തോടും (23:24) അവൻ പ്രാർത്ഥിച്ചിരുന്നു. ഈ പ്രാർത്ഥനാനുഭവത്തിലേക്ക് യേശു തന്റെ ശിഷ്യരെ ക്ഷണിക്കുകയാണ്. നമ്മുടെ പ്രാർത്ഥനകളിലും സ്വർഗം തുറക്കപ്പെടാനും, ദൈവിക സാന്നിധ്യമനുഭവിക്കാനും, ദൈവികചൈതന്യത്താൽ നിറയാനും, ആനന്ദിക്കാനും, ക്ഷമിക്കാനുമൊക്കെ സാധിക്കുമ്പോൾ നാമും അവന്റെ ശിഷ്യരായിത്തീരുന്നു.

## (2) യേശു പഠിപ്പിച്ച പ്രാർത്ഥന

ഈ പ്രാർഥനയിലൂടെ 'പിതാവേ', അഥവാ 'എന്റെ പിതാവേ' എന്ന് ദൈവത്തെ വിളിക്കാൻ അവൻ നമ്മെ പഠിപ്പിക്കുന്നു. താൻ അനുഭവിച്ച സ്വാതന്ത്ര്യത്തിലേക്ക്, സന്തോഷത്തിലേക്ക് ശിഷ്യരായ നമ്മെയും ക്ഷണിക്കുന്നു. എന്റെ പിതാവേ എന്ന് വിളിക്കുന്നതിലൂടെ പിതൃ-പുത്രസ്നേഹത്തിന്റെ അടുപ്പവും ആഴവും അനുഭവിക്കാനും, തന്റെ തൊട്ടടുത്തു നിൽക്കുന്ന സാന്നിധ്യമായ് ദൈവത്തെ തിരിച്ചറിയാനും സാധിക്കുന്നു. അവിടുത്തെ നാമം പൂജിതമാകണമേയെന്ന പ്രാർത്ഥനയിലൂടെ ദൈവത്തെ സ്നേഹിക്കേണ്ടതും, ബഹുമാനിക്കേണ്ടതും, ആരാധിക്കേണ്ടതും ഓരോരുത്തരുടെയും കടമയാണെന്ന് യേശു പഠിപ്പിക്കുന്നു.

ദൈവത്തിന്റെ രാജ്യം എല്ലാവരെയും ചേർത്തുനിർത്തുന്നതാണ്. അവിടെ നെല്ലും പതിരും വേർതിരിക്കാതെ എല്ലാം ശേഖരിക്കുന്നു. പൊതുസമൂഹത്തിൽ നിന്നും അകറ്റപ്പെട്ടവരെ അവിടുത്തെ രാജ്യത്തിലേക്ക് തിരികെ കൊണ്ടുവരുന്നു. സമൂഹത്തിന്റെ ജാതി വ്യവസ്ഥകളെ ഭേദിച്ച്, എല്ലാവരും ഒരുമിച്ച് ഭക്ഷണം കഴിക്കുന്ന, സ്നേഹ സ്വാതന്ത്ര്യത്തിലേക്ക് ക്ഷണിക്കുന്നതാണ് അവന്റെ രാജ്യത്തിന്റെ സവിശേഷത. ഈ രാജ്യം ഭൂമിയിൽ സ്ഥാപിക്കാൻ പ്രാർത്ഥിക്കേണ്ടവനും പ്രവർത്തിക്കേണ്ടവനുമാണ് ക്രിസ്തുശിഷ്യൻ.

അന്നന്നു വേണ്ടുന്ന ആഹാരം എന്നും ഞങ്ങൾക്ക് നൽകിക്കൊണ്ടിരിക്കേണമേയെന്ന് പ്രാർത്ഥിച്ചുതുടങ്ങുമ്പോൾ, നമ്മുടെ ആവശ്യങ്ങളറിയുന്ന ദൈവം അവയെല്ലാം നൽകുമെന്ന യാഥാർത്ഥ്യബോധത്തിലേക്ക് നമുക്കെത്താൻ സാധിക്കണം. അർഹിക്കുന്നവ നൽകുമെന്നും, അർഹിക്കാത്തവ നൽകില്ലെന്നും തിരിച്ചറിയുന്നവന്റെ പ്രാർത്ഥനയാണിത്. ദൈവം രാജാവായി വാഴുന്നിടം ക്ഷമയുടെ വിത്തു പാകിയ കൃഷിസ്ഥലമാണ്. ഇന്ന്, ഞാനെന്റെ സഹോദരനോട് ക്ഷമിക്കുമ്പോൾ, എന്റെ ഇന്നലകളെ നീ മറക്കേണമേ ക്ഷമിക്കണമേ ദൈവമേ എന്ന പ്രാർത്ഥനയാണിത്. അങ്ങനെ എന്റെ ദൈവവും, എന്റെ സഹോദരനും ഞാനും തമ്മിലുള്ള ബന്ധം വിശുദ്ധീകരിക്കപ്പെടുന്നു. ദൈവത്തോടൊപ്പം ചേർന്ന് ഭൂമിയിലെ തിന്മയുടെ ശക്തികളെ എതിർക്കുന്നതിനുള്ള ആഹ്വാനവും, പാപസാഹചര്യങ്ങളിൽ നിന്നും തന്നെ സംരക്ഷിക്കേണമെന്നുള്ള അപേക്ഷയും ഈ പ്രാർത്ഥനയിൽ അടങ്ങിയിരിക്കുന്നു.

(3) പ്രാർത്ഥനയുടെ ശക്തി

പ്രാർത്ഥനയിലൂടെ നമുക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ ദൈവവുമായുള്ള 'ബന്ധത്തിലും, നിർബന്ധത്തിലും' ആശ്രയിച്ചിരിക്കുന്നുവെന്ന് ഇന്നത്തെ സുവിശേഷത്തിന്റെ രണ്ടാംഭാഗത്തിൽ നാം വായിക്കുന്നു.

എ) ദൈവവുമായുള്ള ബന്ധം:- ഓരോ കുഞ്ഞും ഏറ്റവുമധികം വിശ്വാസമർപ്പിക്കുന്നത് മാതാപിതാക്കളിലാണ്. ഈ വിശ്വാസ്യത മാതാപിതാക്കൾ കാത്തുസൂക്ഷിക്കുന്നു. അതുപോലെ, പിതാവായ ദൈവവും തന്റെ മക്കളായ നമ്മുടെ പ്രാർത്ഥനയിലും ഈ വിശ്വാസ്യത കാത്തുസൂക്ഷിക്കുന്നു. അച്ഛനും അമ്മയും കുഞ്ഞിന് വേണ്ടുന്നത് കൃത്യമായി തിരിച്ചറിഞ്ഞ് നൽകുന്നതുപോലെ സ്വർഗസ്ഥനായ പിതാവും നമ്മുടെ പ്രാർത്ഥനകൾ നിരസിക്കാതെ, നമുക്ക് വേണ്ടുന്നത്, വേണ്ട സമയം നൽകുന്നു.

ബി) ദൈവത്തോടൊപ്പമുള്ള

ഭവനത്തിൽ വരുന്ന അതിഥിയെ ഭക്ഷണം നൽകി സത്കരിക്കേണ്ടത് ആതിഥേയന്റെ ഉത്തരവാദിത്വമാണ്. സ്വന്തം ഭവനത്തിൽ ഒന്നുമില്ലാത്ത അവസരത്തിൽ, അയൽക്കാരന്റെ വീട്ടിൽ പോയി സഹായമഭ്യർഥിച്ച്, ഭവനത്തിൽ വന്ന അതിഥിയെ സൽക്കരിക്കുന്നതും സന്തോഷിപ്പിക്കുന്നതും ഈ സംസ്കാരത്തിന്റെ ഭാഗമാണ്. അതുപോലെ 'ലജ്ജയും മാനവും' ഈ സംസ്കാരത്തിൽ വളരെ പ്രധാനപ്പെട്ടതാണ്.

നിർബന്ധം:- നാം ദൈവത്തോട് നിരന്തരം ചോദിക്കുമ്പോൾ ദൈവം നമ്മുടെ ആവശ്യം നിറവേറ്റിത്തരുന്നുവെന്ന് ചൂണ്ടിക്കാട്ടുന്നതാണ് ഇന്നത്തെ സുവിശേഷത്തിന്റെ മറ്റൊരു പാഠം. ഇത് മനസ്സിലാക്കാൻ പലസ്തീന സംസ്കാരത്തിലെ ചില കാര്യങ്ങൾ നാം അറിഞ്ഞിരിക്കണം. പാലസ്തീന സംസ്കാരത്തിൽ, ഭവനത്തിൽ വരുന്ന അതിഥിയെ ഭക്ഷണം നൽകി സത്കരിക്കേണ്ടത് ആതിഥേയന്റെ ഉത്തരവാദിത്വമാണ്. സ്വന്തം ഭവനത്തിൽ ഒന്നുമില്ലാത്ത അവസരത്തിൽ, അയൽക്കാരന്റെ വീട്ടിൽ പോയി സഹായമഭ്യർഥിച്ച്, ഭവനത്തിൽ വന്ന അതിഥിയെ സൽക്കരിക്കുന്നതും സന്തോഷിപ്പിക്കുന്നതും ഈ സംസ്കാരത്തിന്റെ ഭാഗമാണ്. അതുപോലെ 'ലജ്ജയും മാനവും' ഈ സംസ്കാരത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. അവർ ലജ്ജയെ അപമാനമായും, ബഹുമാനത്തെ ആദരവായും അലങ്കാരമായും കണ്ടിരുന്നു. ഇന്നത്തെ ഉപമയിൽ ആതിഥേയൻ തന്റെ സുഹൃത്തിനെ ശല്യം ചെയ്ത്, നിരന്തരം സഹായം അഭ്യർഥിക്കുന്നതിലൂടെ സ്വയം അപമാനിതനായി മാറുന്നു. അങ്ങനെ വീണ്ടും വീണ്ടും അപമാനിക്കപ്പെട്ടിട്ടും സഹായം അഭ്യർഥിക്കുമ്പോൾ, അവന്റെ നിർബന്ധം നിമിത്തം അയൽക്കാരൻ ആതിഥേയനുവേണ്ടത് നൽകുന്നു. ദൈവത്തെ അയല്ക്കാരനായും നമ്മളെ ആതിഥേയനായും ഉപമിക്കാം. നമ്മുടെ നിർബന്ധം നിമിത്തം ദൈവം നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നു.

നമ്മുടെയും അനുദിനജീവിതത്തിൽ പ്രാർത്ഥനയുടെ ശക്തി തിരിച്ചറിഞ്ഞ്, യേശു പഠിപ്പിച്ച പ്രാർത്ഥനയുടെ അർഥം മനസ്സിലാക്കി, യേശുവിനെപ്പോലെ പ്രാർത്ഥിക്കാൻ നമുക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ■

# ഭോഷരാകാതിരിക്കാം

**ആണ്ടുവട്ടം 18-ാം ഞായർ (ജൂലൈ 31)** സഭാ. 1,2; 2, 21-23, കൊളോ. 3, 1-5, 9-11. ലൂക്ക. 12: 13-21

**ഫാ. ലോറൻസ് കുലാസ്**

പിതൃസ്വത്ത് വീതം വൈക്കുന്നതിനെ സംബന്ധിക്കുന്ന ഒരു തർക്ക വിഷയം യേശുവിന്റെ മുന്നിൽ ഉന്നയിക്കപ്പെടുമ്പോൾ ഒരു ഉപമയിലൂടെ യേശു സമ്പത്തിന്റെ വിവേകശൂന്യമായ ഉപയോഗത്തിന് ഒരു ശരിയായ വ്യാഖ്യാനം നൽകുന്നു. ദൈവത്തിന്റെ വഴിയും ഭോഷന്റെ വഴിയും തമ്മിലുള്ള അന്തരമാണ് ഉപമയുടെ ഉള്ളടക്കം. തനിക്ക് ലഭിച്ച വിളവിന്റെ ആധിക്യം തനിക്കുമാത്രമുള്ള അനുഗ്രഹമായി കരുതികൊണ്ട് അത് കാത്ത് സൂക്ഷിക്കുവാനും സ്വന്തമായി ഉപയോഗിച്ചു തീർക്കുവാനുമുള്ള പദ്ധതികൾ മെനയുന്നു. പക്ഷേ, ദൈവം "ഭോഷാ" (12:20) എന്നാണവനെ വിളിക്കുന്നത്.

ധനികനായ കർഷകൻ എന്തുകൊണ്ടാണ് ഭോഷനാകുന്നത്? വിളവിന്റെ ആധിക്യവും മനുഷ്യജീവിതത്തിന്റെ ക്ഷണികതയും ഒത്തുപോകുന്നതല്ല. സമ്പത്തിനോടുള്ള അവന്റെ അഭിനിവേശം ദൈവം ഇല്ലായെന്ന മട്ടിൽ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും അവനെ പ്രേരിപ്പിക്കുന്നു. ഭൂമിയിൽ മനുഷ്യന്റെ ആയുസ് നിശ്ചയിക്കുന്നതിൽ സമ്പത്തിന് ഇടമില്ല. ജീവന്റെ ഉടയവൻ ദൈവമാകയാൽ സ്വരൂപിക്കപ്പെടുന്ന സമ്പത്ത് അവന് ഗുണം ചെയ്യുന്നില്ല. വസ്തുവകകളോടുള്ള അത്യാർത്തിയിൽ ദൈവമില്ലായ്മ അവനിൽ ജന്മമെടുക്കുന്നു. നശ്വരമായ സമ്പത്ത് കാത്ത് സൂക്ഷിക്കുവാൻ അവൻ വിവിധ വഴികൾ ആസൂത്രണം ചെയ്യുന്നു. സുഖാസ്വാദനത്തിനുള്ള ഉപകരണമാണ് സമൃദ്ധമായ സമ്പത്ത് എന്ന് അവൻ കരുതുന്നു. ദൈവകല്പനകളുടെ മുമ്പിൽ അവൻ അന്ധനാണ്. ജീവിതത്തിന് ശരിയായ അർത്ഥമോ ലക്ഷ്യമോ അവനില്ല. അവനെ സംബന്ധിച്ചിടത്തോളം വിളവാണ് ജീവന് അർത്ഥം നൽകുന്നത്. ദൈവകല്പനകളിലടങ്ങിയിരിക്കുന്ന അനശ്വരജീവൻ അവന് നിരർത്ഥകപദമാണ്. ആകയാൽ, യേശുവിന്റെ ഉപമയിലെ ധനികനായ കർഷകൻ "ഭോഷാ" എന്ന് വിളിക്കപ്പെടുവാൻ അർഹനാകുന്നു.

ഈ ദൃഷ്ടാന്തം നമ്മേ എന്ത് പഠിപ്പിക്കുന്നു? ശാസ്ത്രം എത്ര പുരോഗമിച്ചാലും ജീവൻ നിലനിർത്തുവാൻ എന്തെന്ത് നൂതന മാർഗ്ഗങ്ങൾ ആവിഷ്ക്കരിച്ചാലും ജീവനെ കാത്ത് രക്ഷിക്കുവാൻ അവയെല്ലാം അപര്യാപ്തമാണ്. ഭൗതികതയുടെ അതിപ്രസരം മനുഷ്യ ജീവിതത്തെ അനുദിനം വിഴുങ്ങികൊണ്ടിരിക്കുന്നു. ഉള്ളതെല്ലാം തനിക്കുവേണ്ടി മാത്രമാണെന്ന് ചിന്തിക്കുന്നിടത്ത് അവന്റെ ഉള്ളം ചുരുങ്ങുകയും പങ്കുവയ്പ്പിന്റെ മഹത്തായ

ഉള്ളതെല്ലാം തനിക്കുവേണ്ടി മാത്രമാണെന്ന് ചിന്തിക്കുന്നിടത്ത് അവന്റെ ഉള്ളം ചുരുങ്ങുകയും പങ്കുവയ്പ്പിന്റെ മഹത്തായ പാഠം അവൻ മറന്നു പോകുകയും ചെയ്യുന്നു. പ്രപഞ്ചത്തിൽ നമുക്കായി മാത്രം ഒരു നിലനില്പില്ലാ എന്ന സത്യം ഉൾക്കൊള്ളുവാൻ നാം ബാധ്യസ്ഥരാണ്.

പാഠം അവൻ മറന്നു പോകുകയും ചെയ്യുന്നു. പ്രപഞ്ചത്തിൽ നമുക്കായി മാത്രം ഒരു നിലനില്പില്ലാ എന്ന സത്യം ഉൾക്കൊള്ളുവാൻ നാം ബാധ്യസ്ഥരാണ്. മറ്റുള്ളവരെ മറക്കുന്നതോടെ നാം നമ്മിലേക്ക് ചുരുങ്ങുകയും ദൈവത്തിൽ നിന്ന് അകലുകയും ചെയ്യുന്നു. അന്യരോടു പരിഗണനയില്ലാത്ത ജീവിതം നയിക്കുമ്പോൾ നാം അറിയാതെ തന്നെ സ്വർഗ്ഗരാജ്യം നമ്മിൽ നിന്ന് വഴുതിമാറുന്നു.

ഈ ദൃഷ്ടാന്തത്തിലെ ധനവാൻ ദൈവഭയമില്ലാത്തവനാണ്. ദൈവമില്ലെന്നുള്ള ചിന്തയാണ് മറ്റുള്ളവരുടെ കാര്യങ്ങളിൽ നമ്മെ കഠിനഹൃദയരാകുന്നത്. സഹജീവികൾക്കും അവരുടെ ആവശ്യങ്ങൾക്കും മുമ്പിൽ നാം അന്ധരാകുമ്പോൾ ദൈവം നമ്മുടെ മുന്നിൽ നിന്ന് അപ്രത്യക്ഷമാകുന്നു. അത്യാവശ്യക്കാരെ വിസ്മരിച്ച് സ്വന്തസുഖത്തിനുവേണ്ടി പരമാവധി സംഭരിക്കാൻ ശ്രമിക്കുന്നത് “ആത്മസുരക്ഷിതത്വത്തെ” സംബന്ധിച്ചിടത്തോളം പാഴ്‌വേലയാണ്. ഭൗതിക സമ്പത്തും വസ്തുവകകളും സമ്പാദിക്കുന്നതുതന്നെയാണ് ക്രൈസ്തവ ജീവിതവും യഥാർത്ഥ സൗഭാഗ്യവുമെന്ന് ക്രിസ്തു ശിഷ്യന്മാർ വിചാരിച്ചുകൂടാ. നമുക്ക് എന്തുണ്ട്, നാം എന്തുനേടി എന്നതല്ല, യഥാർത്ഥത്തിൽ നാം എന്ത് നൽകുന്നു എന്നുള്ളതാണ് സുപ്രധാനകാര്യം. ഉണ്ടായിരിക്കുക എന്നതല്ല, നൽകുക എന്നതാണ് പ്രധാനം. ദൈവഹിതം അന്വേഷിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യാൻ ആത്മാർത്ഥമായ താത്പര്യമുണ്ടെങ്കിൽ നമ്മുടെ ജീവിതത്തിന് അർത്ഥവും ലക്ഷ്യവുമുണ്ടായിരിക്കും. ■



*കെസിഎസ്എൽ 2022-23 അധ്യായന വർഷത്തെ അതിരൂപതാതല പ്രവർത്തനോദ്ഘാടനചടങ്ങ്*


## ബ്രിജിറ്റൈൻ സന്യാസ സഭയിലേക്ക് സ്വാഗതം

ക്രിസ്തുവിന്റെ മൗതിക ശരീരമായ തിരുസഭയുടെ ഹൃദയമായിരുന്ന് ദിവ്യകാരുണ്യനാഥനെ ആരാധിക്കുവാൻ, ഒരേ സമയം മാർത്തയും മേരിയും ആയിരിക്കുവാൻ ദൈവം നിങ്ങളെ ക്ഷണിക്കുന്നു. ഇന്ത്യയിലും വിദേശത്തും തങ്ങളുടെ ജീവിതം ദൈവത്തിനും ദൈവമക്കൾക്കുമായി സമർപ്പിക്കുവാൻ സന്നദ്ധതയുള്ള സഹോദരിമാരെ സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

*കൂടുതൽ വിവരങ്ങൾക്ക്:*

Vocation Promoter
St. Bridget’s Convent
Vellayambalam.
Trivandrum - 695003
Ph: 9605566681, 0471-2316734

## വചനജ്ജ്വാല

2022 ജൂലൈ മാസത്തെ ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# കൂട്ടായ്മയിൽ വളരുന്ന ബി.സി.സി.കൾ

**ഫാ.സുരേഷ് പയസ്**
ബി.സി.സി. മുൻ എക്സിക്യൂട്ടീവ് സെക്രട്ടറി

ആദിമ ക്രൈസ്തവ സമൂഹത്തിന്റെ മാതൃകയിൽ സഭയുടെ ഏകദൗത്യമായ സുവിശേഷവത്ക്കരണപ്രക്രിയ സാധ്യമാക്കുന്നതിനുള്ള ചെറുസമൂഹങ്ങളാണല്ലോ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ. വിശ്വാസത്തിലുള്ള ഐക്യം, കൂദാശകളിലെ ഐക്യം, ഉപവി പ്രവർത്തനങ്ങളിലെ ഐക്യം, വരദാനങ്ങളിലെ ഐക്യം എന്നീ സവിശേഷതകൾ ഉൾക്കൊള്ളുന്ന ആദിമ ക്രൈസ്തവ കൂട്ടായ്മ അനുഭവത്തിലേക്ക് എന്നും നയിക്കപ്പെടുന്നതിനായി ഈ കൂട്ടായ്മയിലേക്ക് നമുക്ക് യേശുവിനെ ക്ഷണിക്കാം.

**4.ആമുഖം**

**5. വചന ഗീതി**

**6. ദൈവ വചന പാരായണം:- അപ്പ.**

പ്രവ. **2:37-47**

**7. വചന വിചിന്തനം**

1987 ൽ അതിരൂപതാ സുവർണ ജൂബിലിയോടനുബന്ധിച്ച് പങ്കാളിത്തം, വികേന്ദ്രീകരണം, വിഭവശേഷി വികസനം, കീഴ്ഘടക ശാക്തീകരണം എന്നീ തത്വങ്ങൾ അടിസ്ഥാനപ്പെടുത്തി ഒരു നവീകരണ പദ്ധതി ആസൂത്രണം ചെയ്യുകയും തുടർന്ന് ബി. സി.സി. എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ രൂപപ്പെടുകയും ചെയ്തുവല്ലോ. ഒരുമിച്ചിരുന്ന് തിരുവചനം പാരായണം ചെയ്ത്, പരിശുദ്ധാത്മാവിന്റെ അരൂപിയിൽ തീരുമാനങ്ങൾ കൈക്കൊണ്ട് കുടുംബത്തിന്റേയും യൂണിറ്റിന്റേയും ഇടവകയുടേയും വളർച്ചയ്ക്കു വേണ്ടി പ്രവർത്തിക്കുന്ന സമൂഹത്തേയാണ് വിഭാവനം ചെയ്യുന്നത്. യോഗത്തിൽ പാരായണം ചെയ്യുന്ന വചനം പ്രാദേശികതയുടെ സ്വത്വത്തിൽ വിചിന്തനം നടത്തി, യൂണിറ്റും അതിലൂടെ കുടുംബങ്ങളും സാമൂഹിക ആത്മീയ വളർച്ച കൈവരിക്കുന്നതിന് ബി.സി.സി. യോഗങ്ങൾ അവസരം ഒരുക്കുന്നുണ്ടെങ്കിലും പലപ്പോഴും കൂട്ടായ്മയുടെ അഭാവം ഉത്തരവാദിത്വത്തിൽ നിന്നും വ്യതിചലിക്കുന്നതിന് ഇടയാകുന്നത് വേദനാജനകമാണ്. ഈ സാഹചര്യത്തിലാണ് ഇന്നത്തെ വചനഭാഗത്തെ വിചിന്തനം നടത്തേണ്ടത്.

പശ്ചാത്തപിച്ച് യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിച്ചവർക്ക് പരിശുദ്ധാത്മാവിന്റെ ദാനം ലഭിക്കും. ഈ വാഗ്ദാനം ആർക്കെല്ലാം ലഭിക്കുമെന്ന് 2:39 ൽ വ്യക്തമാക്കുന്നു. ഈ വാഗ്ദാനം ലഭിച്ച നാം കൂട്ടായ്മയിൽ വളരുവാനും അന്യരെ വളർത്തുവാനും വിളിക്കപ്പെട്ടവരുമാണ്. എന്തെന്നാൽ നമ്മുടെ ദൈവം കൂട്ടായ്മയിൽ വസിക്കുന്നവനാണ്. ഈ കൂട്ടായ്മ അനുഭവം ബി.സി.സി.കളിൽ നിന്നു ലഭിക്കുന്നതിനും ബി.സി.സി.കൾ വഴി അപരന് നൽകുന്നതിനും ഓരോ യൂണിറ്റംഗത്തേയും ദൈവം വിളിക്കുന്നു, വിളിച്ചു വേർതിരിക്കുന്നു. ഭാരവാഹികളായി മുന്നിൽ നിൽക്കുന്നവർ ഈ കൂട്ടായ്മ അനുഭവത്തിലേക്ക് ഏവരേയും നയിക്കേണ്ടതും, അവസരം ഒരുക്കേണ്ടതുമാണ്. കാരണം ബി. സി.സി. ആദിമ ക്രൈസ്തവ സമൂഹ ചൈതന്യത്തിൽ നിലനിൽക്കുന്നതും, അതിലേക്ക് ഏവരേയും നയിക്കുന്നതിനുമുള്ള പ്ലാറ്റ്ഫോം ആണ്.

ക്രിസ്തു വിഭാവനം ചെയ്ത ദൈവരാജ്യ അനുഭവത്തിലേക്ക് സ്വയമായും അന്യരേയും എത്തിച്ചേരുന്നതിന് സഹായകമാകുന്ന കൂട്ടായ്മയാണ് മറ്റൊരു ഘടകം. ദൈവനാമത്തിൽ ഒരുമിച്ചുചേർക്കപ്പെടുന്ന ക്രിസ്തുവിന്റെ തിരുവത്താഴത്തെ സൂചിപ്പിക്കുന്നതാണ് എന്ന ചിന്ത ഏവരിലും ഉണ്ടാകണം. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥന പഠിപ്പിച്ചതിലൂടെ ക്രിസ്തു പകർന്നുതന്ന ഏറ്റവും വലിയ ആശയം എന്റെ എന്നതിന് ഉപരി അപരനേയും ചേർത്ത് ഞങ്ങളുടെ എന്ന പദമാണ്. കൂട്ടായിരിക്കുമ്പോൾ ഉണ്ടാകാനിടയുള്ള നന്മ നമ്മുടെ ചിന്തക്കും അപ്പുറമാണ് എന്ന് അവിടുന്ന് ഓർമ്മിപ്പിക്കുന്നു. സഭയിലെ ഒരംഗം വേദനിക്കുമ്പോൾ സഭ മുഴുവനും വേദനിക്കുന്നു എന്ന പൗലോസ് അപ്പസ്തോലന്റെ പ്രബോധനം 1 കൊറി. 12:26 ഇവിടെ ഓർക്കാവുന്നതാണ്.

അപ്പ. പ്രവ. 2:42 മുതലുള്ള തിരുവചനങ്ങൾ എങ്ങനെയെല്ലാം കൂട്ടായ്മകൾക്ക് വളരുവാനും നിലനിൽക്കുവാനും സാധിക്കും എന്ന് വ്യക്തമാക്കുന്നു. വർഷങ്ങൾക്കു മുൻപ് നൽകപ്പെട്ട ഈ തിരുവചനത്തിന്റെ പ്രസക്തി ഇന്നും അതേ ചൈതന്യത്തിൽ തന്നെ നിലകൊള്ളുന്നു. വിശ്വസിച്ചവർ എല്ലാവരും കൂട്ടായ്മ അനുഭവത്തിൽ ഒറ്റ സമൂഹമായി മാറുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂട്ടായ്മയിൽ പങ്കുചേരുകയും ചെയ്തിരുന്നതായും വ്യക്തമാകുന്നു. 16-ാം സിനഡിന്റെ പശ്ചാത്തലത്തിൽ നാം കുടുംബ ബി.സി.സി. ഇടവക സിനഡുകൾ നടത്തുകയും ഇന്ന് കൂട്ടായ്മയിൽ വളരുന്നതിലേക്ക് നടക്കാൻ സാധിക്കാത്തതിനുള്ള കാരണങ്ങൾ പങ്കുവയ്ക്കുകയും ചെയ്തിരുന്നു. അതിലെ ചില ചിന്തകൾ ചുവടെ ചേർക്കുന്നു.

1) ലഭിച്ച ഉത്തരവാദിത്വം, കടമ അതിന്റെ യഥാർത്ഥ അന്തഃസത്തയിൽ മനസിലാക്കാതെ ഭാരവാഹികളായവർ/നേതൃനിര നഷ്ടപ്പെടുകയും ചെയ്യാതിരിക്കുക.
2) വിശ്വാസം, ഉപവി പ്രവർത്തനത്തിലൂടെ പ്രായോഗിക പഥത്തിലെത്തിക്കുകയും പാർശ്വവൽക്കരിക്കപ്പെടുന്ന സമൂഹ സൃഷ്ടിക്ക് തടയിടുകയും വേണം.
3) പ്രാദേശികതയിൽ നിന്നുകൊണ്ട് അവിടുത്തെ പ്രശ്നങ്ങളെ കുറച്ചും അതിനുള്ള പരിഹാരങ്ങളെ കുറിച്ചും വിഷയാവതരണവും ആരോഗ്യപരമായ ചർച്ചയും യൂണിറ്റ് യോഗങ്ങളിൽ ഉണ്ടായി കൂട്ടായ്മ അനുഭവത്തിലേക്ക് വളരാം.
4) അല്മായ പങ്കാളിത്തം ഞായറാഴ്ച ആചരണത്തിൽ മാത്രം ഒതുങ്ങി നിൽക്കാതെ എല്ലാത്തരത്തിലുള്ളവരേയും ഉൾക്കൊണ്ടും ഉപവി പ്രവർത്തനവും ഉണ്ടാകണം.
5) സഭാപാരമ്പര്യവും കാലാകാലങ്ങളിലുള്ള സഭയുടെ പ്രബോധനം ഇവയെക്കുറിച്ച് യൂണിറ്റംഗങ്ങളിൽ ബോധവത്ക്കരണം സാധ്യമാകണം.
6) പിതാവായ ദൈവത്തിന്റെ കൃപ പുത്രനിലൂടെ പരിശുദ്ധാത്മാവ് വഴി ലഭിക്കുന്നു, ഈ ത്രിയേക ദൈവത്തെ ഒന്നിപ്പിച്ചു നിർത്തുന്ന ദൃഢവും ശക്തവുമായ സ്നേഹം അനുഭവവേദ്യമാകുന്ന കൂട്ടായ്മ അനുഭവം സ്വയം സ്വായത്തമാക്കുന്നതിനും മറ്റുള്ളവർക്ക് പകർന്നു നൽകുന്നതിനുള്ള വേദിയാകണം ബി.സി.സി.കൾ.

**8. റിപ്പോർട്ട്**

**9. ഹാജർ**

**10. ചർച്ച**

**11. പൊതു അറിയിപ്പ്, ശുശ്രൂഷാ സമിതികളുടെ പ്രവർത്തനങ്ങളും വിലയിരുത്തലും**

**12. വിശ്വാസികളുടെ പ്രാർത്ഥന**

**13. സമാപന ഗാനം**

**14. നന്ദി**

# നേർക്കാഴ്ച

ജെ.സി.

# നമ്മുടെ രാജ്യം നേരിടുന്ന വെല്ലുവിളികൾ

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുവാൻ ഇന്ത്യ ഒരുങ്ങുകയാണ്. ഇന്ത്യയെന്ന രാഷ്ട്രവും അതിലെ ജനങ്ങളും വലിയൊരു പ്രതിസന്ധിയുടെ വക്കിലാണ്. ഈ പ്രതിസന്ധി മൂർച്ഛിക്കുന്നത് ബിജെപി കേന്ദ്രത്തിൽ അധികാരത്തിൽ എത്തുകയും ഇന്ത്യൻ ഭരണഘടനാ സ്ഥാപനങ്ങളെ ആപ്രത്യയ ശാസ്ത്രത്തിന്റെ ആളുകൾ കൈയടക്കുകയും ചെയ്തതോടുകൂടിയാണ്. ഭരണഘടനയുടെ ചട്ടക്കൂടും അതിന്റെ ആമുഖത്തിൽ പ്രസ്താവിക്കപ്പെട്ട മൂല്യങ്ങളുമെല്ലാം തൂത്തെറിയപ്പെടുകയാണ്. പൗരന്മാർക്കെല്ലാം അവസരസമത്വവും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി വാഗ്ദാനം ചെയ്യുന്ന ഭരണഘടനയും (ആമുഖം) ലംഘിക്കപ്പെടുകയാണ്. സ്വാതന്ത്ര്യത്തിന്റെ 74-ാം വർഷം ഇശോ സഭ വൈദികൻ വന്ദ്യവയോധികനായ സ്റ്റാൻസ്വാമിയെ ജയിലിലടക്കുകയും മരണത്തിന് വിട്ടുകൊടുക്കുകയും ചെയ്തു.ഭരണഘടനാ വിരുദ്ധമായ പ്രവർത്തനങ്ങളെ സധൈര്യം എതിർത്തതിന്റെ പേരിൽ ജീവൻ ത്യജിക്കേണ്ടിവന്ന പ്രമുഖരിൽ ഒരാളായിരുന്നു സ്റ്റാൻസ്വാമി. ഭൂരിപക്ഷ വർഗീയതയുടെ വക്താക്കൾ ഊർജം സ്വീകരിക്കുന്നത് ഫാസിസ്റ്റ് ഇറ്റലിയിൽ നിന്നും നാസി ജർമ്മനിയിൽ നിന്നുമാണ്. ജനകീയ പ്രക്ഷോഭങ്ങളും ഭൂമിക്കും ഭൂമിക്കുമേലുള്ള നിയന്ത്രണങ്ങൾക്കും വേണ്ടിയുള്ള തദ്ദേശീയ ജനങ്ങളുടെ സമരങ്ങളുമാണ് യഥാർഥത്തിൽ ആദിവാസികളെയും കർഷകരെയും ബ്രിട്ടീഷ്കാർക്കെതിരെ പ്രതിഷേധിക്കാൻ സജ്ജമാക്കിയത്. ഇതുതന്നെയാണ് ഇന്നും തുടരുന്നത്. ഭൂമിക്ക് വേണ്ടി ഭാരതത്തിലുടനീളം ആദിവാസിസഭകൾ നടത്തുന്ന സമര ചരിത്രത്തിന്റെ ഭാഗമാണ് സ്റ്റാൻ സ്വാമിയും ഈ ഗണത്തിൽപ്പെടുന്ന അനേകം മനുഷ്യസ്നേഹികളും. കൊറോണയെന്ന മഹാമാരിയുടെ കാലത്ത് രണ്ടുവർഷം നമ്മുടെ രാജ്യത്തിന്റെ അന്നദാതാക്കളായ കർഷകർ നടത്തിയ ഐതിഹാസിക സമരം നമുക്ക് വലിയ പ്രചോദനമാണ്.

നമ്മുടെ ഭരണഘടനാ സ്ഥാപനങ്ങൾ മതരാഷ്ട്രവാദപരമായ യുക്തികളാലും ഭരണകൂടത്താലും നിയന്ത്രിക്കപ്പെടാൻ തുടങ്ങിയിരിക്കുന്നു. മതനിരപേക്ഷത, സാമൂഹ്യനീതി, ജനാധിപത്യം ഇവയൊക്കെ മിക്കവാറും റദ്ദായിത്തീർന്ന ഒരു സന്ദർഭത്തിലാണ് നാം ഇപ്പോൾ എത്തിനിൽക്കുന്നത്. ദൈനംദിന ജീവിതത്തെ അങ്ങേയറ്റം വർഗീയവത്കരിക്കാൻ ഉതകുന്ന മട്ടിലുള്ള വലിയ പ്രചരണങ്ങളുമായിട്ടാണ് ഇന്ത്യയിലെ ഹിന്ദുത്വശക്തികൾ അഴിഞ്ഞാട്ടം ആരംഭിച്ചത്. ബാബറി മസ്ജിദിനെ മുൻനിർത്തിയാണ് ഇത് നിർവഹിച്ചതും. വർഗീയവത്കരണത്തിനെതിരായ ചെറുത്തുനിൽപ്പാണ് ഇന്ന് ജനാധിപത്യവാദികൾ ഒരുമിച്ച് നിന്നു ചെയ്യേണ്ടത്. എന്നാൽ ഇതിനുപകരം ന്യൂനപക്ഷവിഭാഗങ്ങളിൽപെട്ട ചിലർ തങ്ങളുടെ സവിശേഷമായ ശാക്തിക പ്രതിരോധംകൊണ്ട് ഹിന്ദുത്വത്തെ പ്രതിരോധിക്കാൻ കഴിയുമെന്ന പ്രതീതി ഉളവാക്കിക്കൊണ്ട് ഈ സാമൂഹ്യവിഭജനത്തെ കൂടുതൽ ശക്തിപ്പെടുത്തുകയും അതിനെ കൂടുതൽ പ്രബലമാക്കുകയും ചെയ്യുന്നതിന്റെ അടയാളങ്ങളും നമുക്ക് കാണാൻ കഴിയും. ന്യൂനപക്ഷപരമായ വർഗീയ സംഘാടനങ്ങൾ അക്രമോത്സുകമായ പ്രകടനങ്ങൾ അതിന്റെ ആവിഷ്കാരങ്ങൾ ഇതൊക്കെ വിഭജിതമാകുന്ന നമ്മുടെ സമൂഹത്തെ കൂടുതൽ വിഭജിക്കാൻ സഹായകമാകുമെന്നല്ലാതെ‌ഒരുനിലയ്ക്കും അതിനെ മറികടക്കാൻ സഹായിക്കില്ല. ഫാസിസ്റ്റ് ജർമനിയിൽ അത് ജൂതന്മാരായിരുന്നു. ഇന്ത്യയിൽ ഹിന്ദുത്വം മുസ്ലീങ്ങളെയും ന്യൂനപക്ഷങ്ങളെയുമൊക്കെ ശത്രുപക്ഷത്ത് നിർത്താനാണ് ശ്രമിക്കുന്നത്.

ഇന്നത്തെ വർഗീയ അന്തരീക്ഷത്തെ ചെറുക്കാൻ രണ്ടുതരത്തിലുള്ള ശ്രമങ്ങൾ ആവശ്യമാണ്. ഒന്ന് രാഷ്ട്രീയമായ ഉൾക്കൊള്ളലിനെ കൂടുതൽ ശക്തിപ്പെടുത്തുകയും രാഷ്ട്രീയ അഭിപ്രായഭേദങ്ങൾ മാറ്റിവച്ച് വിപുലമായ ഒരുമതനിരപേക്ഷ പ്രതിരോധം വികസിപ്പിക്കാൻ ഇന്ത്യയിലെ ജനാധിപത്യവാദികളും ജനാധിപത്യ പ്രസ്ഥാനങ്ങളുമൊക്കെ ഒരുമിക്കുകയും ചെയ്യുക എന്നതാണ്. രണ്ടാമത്തെ കാര്യം സംസ്കാരത്തിന്റെതലത്തിൽ ഉൾക്കൊള്ളലിന്റെ വലിയൊരു പാരമ്പര്യം നമുക്കുള്ളതിനെ ശരിയായി തിരിച്ചറിയാൻ ശ്രമിക്കുക, ആ ഉൾക്കൊള്ളലിലൂടെ നമ്മുടെ വർത്തമാന ജീവിതത്തെ കൂടുതൽ സഹവർത്തിത്വത്തിലും പങ്കുവയ്ക്കലിലും അന്യോന്യാശ്രിതത്വത്തിലും മതാധിഷ്ഠിതമായി പ്രയോഗക്ഷമമാക്കുക. ഗാന്ധിജി, ടാഗോർ, അംബേദ്കർ തുടങ്ങിയവരൊക്കെ ഉയർത്തിക്കൊണ്ടുവന്ന ഒരു ബദൽ സാംസ്കാരിക പാരമ്പര്യമുണ്ട്. അതുവഴി ഒരു ആധുനിക ജനാധിപത്യ സമൂഹബോധത്തെ, സാമൂഹിക ജീവിതത്തെ ശക്തിപ്പെടുത്തുകയും വേണം. ■



എയർലൈനുകളിലും
എയർപോർട്ടുകളിലും
ജോലി ലഭിക്കാൻ
ആവശ്യമായ കോഴ്സുകൾ
എന്തൊക്കെയാണ്
For Plus Two Passed Students
3 YEAR DEGREE
BBA – Airline and Airport Management + IATA OR
BTS – Airport Operations + IATA
Aviation English + Soft Skills
For Fresh Graduates
1 YEAR COURSE
Advanced Diploma in Airline & Airport Management + IATA
Aviation English + Soft Skills
നിങ്ങളുടെ നേട്ടങ്ങൾ
1. ഇന്റർനാഷണൽ aviation ഡിപ്ലോമ കോഴ്സുകൾ
2. സൗജന്യ ഇംഗ്ലീഷ് പരിശീലനം
3. തൊഴിലധിഷ്ഠിത ട്രെയിനിങ്
4. ഇന്റർവ്യൂ പരിശീലനവും 100% പ്ലേസ്മെന്റ് പിന്തുണയും
5. എയർപോർട്ട് ട്രെയിനിങ്
6. ഫ്ളൈറ്റ് എക്സ്പീരിയൻസ്
Other Courses
AIRPORT GROUND STAFF COURSE
AIR HOSTESS COURSE
GALILEO - GDS
TOUR CONSULTANT COURSE
DGR & SECURITY BRIEFING
ESTD. MARCH 2008
AIRLINE INSTITUTE
Your Gateway to an Aviation Career
AUTHORISED TRAINING CENTRE FOR KERALA
INTERNATIONAL ACADEMY OF TRAVEL, WATERFORD AIRPORT, WATERFORD, IRELAND
0471 2323285
90370 23285
92494 08810
Libra Tower, Near Muthoot Capital View Apts.
Nandavanam, Thiruvananthapuram – 695033
www.airlinejobsguide.com

RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto